കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2019 മേയ്
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ




**പൂങ്കാറ്റും മഴവില്ലും**
(കഥ)
**ഹിഷാം**
വില ₹70





**വേഴാമ്പലും തെള്ളിവിത്തും**
(കഥ)
**ഡോ. അമിതാബച്ചൻ**
വില ₹50




**തിരകളില്ലാത്ത കടൽ**
(കഥകൾ)
**സതീഷ് കിടാരക്കുഴി**
വില ₹110




**ഫാദർ തിയോഫിൻ**
(ജീവചരിത്രം)
**സെബാസ്റ്റ്യൻ പള്ളിത്തോട്**
വില ₹80





**ജലം ജീവൻ**
(വൈജ്ഞാനികം)
**ഡോ. വി വി കുഞ്ഞിക്കൃഷ്ണൻ**
വില ₹50




**എവറസ്റ്റ് ആരോഹണകഥകൾ**
(വൈജ്ഞാനികം)
**സനിൽ പി തോമസ്**
വില ₹120



**അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ**
(നോവൽ)
**കെ എ ബീന**
വില ₹40



**ഗണിതശാസ്ത്ര മനീഷികൾ**
(നാടകം)
**സി എ സ്കറിയാക്കുട്ടി**
വില ₹70



**അച്ചുവിന്റെ ആമക്കുഞ്ഞുങ്ങൾ**
(വൈജ്ഞാനികം)
**മനോജ് അഴീക്കൽ**
വില ₹70




**ഹായ് അരിയുണ്ട**
(കഥ)
**അംബുജം കടമ്പൂര്**
വില ₹50




**സൈക്കിളു ചവിട്ടാൻ**
(കവിത)
**പി പി രാമചന്ദ്രൻ**
വില ₹50

**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**


**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471 – 233 3790,
e-mail : director@ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മേയ് 2019**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

# തളിര്

## ഉള്ളടക്കം



8

## ചൂടിനിയും വയ്യേ!


**ഡോ. കെ ജി താര**

കേരളം ചുട്ടുപൊള്ളുകയാണ്. സൂര്യാതപവും ചൂടുകാറ്റും തുടരുന്നു. കേരളം കണ്ട ഏറ്റവും ഭയാനകമായ പ്രളയത്തിനു പിന്നാലെയാണ് നാം ഇപ്പോൾ ഈ കൊടും ചൂട് അനുഭവിക്കുന്നത്. ഇതേക്കുറിച്ച് സംസ്ഥാന ദുരന്തനിവാരണ സെന്റർ മുൻ മേധാവി ഡോ. കെ ജി താര എഴുതിയ ഈ ലേഖനം വായിക്കൂ...

## ടോം സോയറുടെ സാഹസികജീവിതം

18

**പുനരാഖ്യാനം: ജോളി വർഗീസ്**




വിഖ്യാത എഴുത്തുകാരൻ മാർക്ക് ട്വയിൻ രചിച്ച നോവലാണ് Adventures of Tom Sawyer. ഈ ലക്കം മുതൽ കൂട്ടുകാർക്കായി ഈ നോവലിന്റെ പുനരാഖ്യാനം ആരംഭിക്കുന്നു.

## ബീഗിൾ യാത്രയ്ക്ക് 180 വയസ്സാകുന്നു

24

**പി പി കെ പൊതുവാൾ**



അഞ്ചുവർഷത്തോളം നീണ്ടുനിന്ന ബീഗിൾ യാത്രയെക്കുറിച്ച് 180 വർഷം മുമ്പ് ചാൾസ് ഡാർവിൻ രചിച്ച പുസ്തകമാണ് The Voyage of the Beagle. ഇന്നും ആവേശപൂർവം വായിക്കപ്പെടുന്ന ഒരു കൃതിയാണിത്. യാത്രയേയും പുസ്തകത്തേയും കുറിച്ച് ഇതാ രസകരവും വിജ്ഞാനപ്രദവുമായ ചില കാര്യങ്ങൾ.

**മുൻമൊഴി** ........ 4
സുഗതകുമാരി
**ആനക്കാര്യം** ........ 5
എൻ ടി രാജീവ്
**ലഹരിവിമുക്ത തലമുറയ്ക്കായി** ........ 6
**കവിതാപരിചയം** ........ 17
ഒ എൻ വി കുറുപ്പ്
**കൊറ്റിയോട്** ........ 22
അസുരമംഗലം വിജയകുമാർ
**സ്കൂൾഡെയ്സ്** ........ 23
എൻ ടി രാജീവ്
**പഞ്ചമം** ........ 30
എം കൃഷ്ണദാസ്
**ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച** ........ 32
വെങ്കി
**ആരോഗ്യം** ........ 36
ഡോ. ബി പത്മകുമാർ
**കടപയാദി** ........ 38
പള്ളിയറ ശ്രീധരൻ
**അവധിക്കാലം ആമോദകാലം** ........ 40
വീണ എം
**മാനവീയം** ........ 44
കെ കെ പല്ലശ്ശന
**എന്തുകൊണ്ട്?** ........ 45
മനോഹർ ഇരിങ്ങൽ
**ആദിയുടെ ഉത്സവം** ........ 46
പ്രേമജ ഹരീന്ദ്രൻ
**അമ്മയുണ്ണ** ........ 48
കെ എൻ സുരേഷ്കുമാർ
**പേരക്കിടാവിന്റെ പാട്ട്** ........ 48
ജോസ് ഗോതുരുത്ത്
**വലിപ്പം ദുഃഖമാണുണ്ണി** ........ 49
രാജേശ്വരി തോന്നയ്ക്കൽ
**മഹാഭാരതം** ........ 50
**ഇളംതളിര്** ........ 52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ........ 54
**ഉണ്ടാക്കാം** ........ 55

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

## മുൻമൊഴി



വര: സുധീർ പി വൈ



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഒരു ഉന്നത പോലീസുദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി. ഇന്ന് മദ്യമല്ല പ്രശ്നം. കഞ്ചാവാണ്. മയക്കുമരുന്നുകളാണ്. അവ നാലുവഴിക്കും നാട്ടിൽ വന്നു മറിയുകയാണ്. മദ്യം മുതിർന്നവരുടെ പ്രശ്നമാണെങ്കിൽ കഞ്ചാവ് കൗമാരക്കാരുടെ പ്രശ്നമായിരിക്കുന്നു. അധ്യാപകരും ഇതുതന്നെ പറയുന്നു. ഞങ്ങൾ നടത്തുന്ന ‘അഭയ’ എന്ന സ്ഥാപനത്തിന്റെ ഒരു ശാഖയാണ് ‘ബോധി’ എന്ന ലഹരി വിമോചനകേന്ദ്രം. തികച്ചും സൗജന്യം. പാവങ്ങൾക്കുവേണ്ടിയുള്ളത്. മദ്യപാനികൾക്കുവേണ്ടി ആരംഭിച്ചത്. എന്നാൽ ഇന്ന് അധികവും കഞ്ചാവ്, മയക്കുമരുന്ന് ഉപയോക്താക്കളാണ് അവിടെ എത്തുന്നത്. അതിൽ ഏറ്റവും സങ്കടം പതിമൂന്നും പതിന്നാലും വയസ്സായ കുട്ടികളെയും കൊണ്ടുവരുന്ന രക്ഷകർത്താക്കളുടെ പരിഭ്രാന്തിയാണ്. അവർ പറയുന്നു സ്കൂൾ പരിസരത്തെല്ലാം ലഹരിവസ്തുക്കൾ സുലഭമാണെന്ന്. മിഠായിയായി, ഐസ്ക്രീമായി, ചൂയിംഗമായി, ശീതളപാനീയങ്ങളായി, സിഗററ്റായി, ബീഡിയായി, ഒട്ടുപടമായി എന്തെല്ലാം രൂപത്തിലാണ് ഈ വിഷം നമ്മുടെ കുഞ്ഞുങ്ങളിൽ എത്തിച്ചേരുന്നത്. പോരെങ്കിൽ സ്കൂളിൽ ഇവയുടെ വിൽപ്പനക്കാരായ കുട്ടികളുണ്ട്.

ഈ വിഷങ്ങൾ ബുദ്ധിയെ ബാധിക്കുന്നു. ഓർമശക്തി കുറയുന്നു. പഠിത്തത്തിലുള്ള താത്പര്യം മങ്ങുന്നു. ആകപ്പാടെയുള്ള മാന്ദ്യം കുട്ടിയുടെ വ്യക്തിത്വത്തെ മാറ്റിമറിക്കുന്നു. തുടങ്ങിപ്പോയാൽ നിറുത്താനാവാത്ത ഉന്മാദമാണത്. തുടങ്ങരുത്, പരീക്ഷിക്കരുത് എന്നതാണ് ഈ മഹാരോഗത്തിന്റെ ആദ്യ പരിഹാരം. Say ‘No’ to Drugs - ആദ്യത്തെ ‘No’ ആണ് നിങ്ങളുടെ പടച്ചട്ട.

എന്റെ കുട്ടികൾ പരീക്ഷകളിലും മോശമായി, തലമുടിയും പറത്തിയിട്ട്, കണ്ണുകൾ മങ്ങി, അങ്ങുമിങ്ങും ചുരുണ്ടുകിടക്കേണ്ടവരല്ല. കേസുകളിലും കലഹങ്ങളിലും വാഹനാപകടങ്ങളിലും ചെന്ന് ചാടേണ്ടവരല്ല. നിങ്ങൾ ബുദ്ധിയുള്ളവരാണ്. ഇന്ത്യയുടെ മക്കളാണ്. അച്ഛനമ്മമാരുടെ പ്രാണനാണ്. അധ്യാപകരുടെ ആശയാണ്. എല്ലാവരെയും ദുഃഖിപ്പിച്ചിട്ട് കുറേ നാൾ രസിക്കാനുള്ളതല്ല നിങ്ങളുടെ കൗമാരം.

മിടുക്കരായിരിക്കുവിൻ. അഭിമാനികളായിരിക്കുവിൻ. ഒരിക്കൽ കാൽവഴുതിപ്പോയാലും ചെളി കഴുകിക്കളഞ്ഞ് ശുദ്ധരായി നിവർന്നു നിൽക്കുവിൻ. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇന്ത്യയുടെ അടുത്ത തലമുറ അന്തസ്സോടെ വളർന്നു തഴയ്ക്കട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**



# ലഹരിവിമുക്ത തലമുറയ്ക്കായി

സമൂഹത്തിനു വഴിവിളക്കാവേണ്ടവർ തന്നെ ലഹരിയുടെ കാണാക്കയത്തിൽ മുങ്ങിത്തപ്പുന്ന കാഴ്ച സാധാരണമായിരിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റം വന്നേ തീരൂ. മദ്യത്തിന്റെയും പുകയിലയുടെയും മയക്കുമരുന്നിന്റെയും വർജ്ജനത്തിലൂടെ നമ്മുടെ ഈ കൊച്ചുകേരളത്തെ കൈപിടിച്ചുയർത്തി, ദൈവത്തിന്റെ സ്വന്തം നാടായി നമുക്ക് സംരക്ഷിക്കാം. മനുഷ്യവംശത്തിന് വിനാശകാരിയായ ലഹരിവസ്തുക്കളോട് വിടപറയാം, ആരോഗ്യമുള്ള തലമുറയ്ക്കായ്...



വര: സചീന്ദ്രൻ കാറഡുക്ക

## ലഹരിയുടെ ആരംഭം കുട്ടികളിൽ

ലഹരിയുടെ ഉപയോഗം നാൾക്കുനാൾ സ്കൂൾ/കോളജ് വിദ്യാർഥികൾക്കിടയിൽ വർധിച്ചുവരികയാണ്. ലഹരി ഉപയോഗിക്കുന്നത് വിവിധ കാരണങ്ങളാലാണ്. ചിലർ നല്ല സുഖം ലഭിക്കുന്നതിനായി, മറ്റുചിലർ വ്യത്യസ്തമായി തോന്നുന്നതിനാൽ, കുറച്ചുപേർ സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതിനുവേണ്ടി. കാരണം എന്തുതന്നെയായാലും ലഹരി ഉപയോഗം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയാണ്.

## മുഖ്യകാരണങ്ങൾ

- ഒരു രസത്തിന് ഉപയോഗിക്കുന്നു
- പരസ്യങ്ങളുടെ സ്വാധീനം
- സുഹൃത്തുക്കളുടെ നിർബന്ധം
- അനുകരണം
- ജിജ്ഞാസ
- ദോഷത്തെക്കുറിച്ചുള്ള അജ്ഞത
- മിഥ്യാധാരണ
- കുടുംബത്തിൽ നിന്നുള്ള അകൽച്ച

## ലഹരി സൃഷ്ടിക്കുന്ന അപകടങ്ങൾ

- വർധിച്ച കുറ്റകൃത്യങ്ങൾ
- സാമൂഹികമായ ഒറ്റപ്പെടൽ
- സാമ്പത്തിക പരാധീനത
- ആത്മഹത്യാപ്രവണത
- സാംസ്കാരിക അധഃപതനം
- റോഡപകടങ്ങൾ
- ശിഥിലമായ കുടുംബ ബന്ധങ്ങൾ

## ലഹരിഉപയോഗം സൃഷ്ടിക്കുന്ന സങ്കീർണമായ അസുഖങ്ങൾ

- ഓർമക്കുറവ്
- പക്ഷാഘാതം
- മഞ്ഞപ്പിത്തം

- അബോധാവസ്ഥ
- ശ്വാസകോശരോഗങ്ങൾ
- പെപ്റ്റിക് അൾസർ
- മാനസിക രോഗങ്ങൾ
- മയക്കം
- ന്യുമോണിയ

**ലഹരിയുടെ ഉപയോഗം നാൾക്കുനാൾ സ്കൂൾ/കോളജ് വിദ്യാർഥികൾക്കിടയിൽ വർധിച്ചുവരികയാണ്. നാളെ സമൂഹത്തിനു മാതൃകയാവേണ്ടവർ തന്നെ ലഹരിയുടെ കാണാക്കയത്തിൽ മുങ്ങിത്തപ്പുന്ന കാഴ്ച ഇന്ന് സാധാരണമായിരിക്കുന്നു. മദ്യത്തിന്റെയും പുകയിലയുടെയും മയക്കുമരുന്നിന്റെയും വർജനത്തിലൂടെ നമ്മുടെ ഈ കൊച്ചു കേരളത്തെ നമുക്കു സംരക്ഷിക്കാം.**



## ലഹരിപ്പിടിയിൽപ്പെടാതിരിക്കാനായി കുട്ടികൾക്ക് ചെയ്യാവുന്നത്

- എന്തുകാര്യവും രക്ഷിതാക്കളോട് തുറന്നു സംസാരിക്കുക.
- മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുക.
- മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക.
- മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയിൽപ്പെടാതെ സ്വയം മാതൃകയാവുക.
- ക്രിയാത്മകവും ആരോഗ്യകരവുമായ പ്രവൃത്തികളിൽ ഏർപ്പെടുക.
- ജീവിതത്തിൽ അച്ചടക്കം ശീലിക്കുക.
- സുഹൃത്തുക്കളുടെ ജീവിതസാഹചര്യങ്ങളെപ്പറ്റി മനസ്സിലാക്കി നല്ല സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കുക.
- ജീവിതത്തിൽ വായനാശീലവും ഹോബികളും വളർത്തിയെടുക്കുക.
- നല്ലതും ചീത്തയും തിരിച്ചറിയാൻ ശീലിക്കുക.
- വ്യായാമം ശീലമാക്കി ആരോഗ്യം സംരക്ഷിക്കുക.
- ലഹരിയുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക.

*(കടപ്പാട് : കേരള സംസ്ഥാന എക്സൈസ് വകുപ്പ്)*

## വിമുക്തി

വിമുക്തി ഒരു കൂട്ടായ ദൗത്യമാണ്. വ്യക്തിയേയും സമൂഹത്തേയും ശിഥിലമാക്കുന്ന ലഹരിവസ്തുക്കളെ കേരളത്തിൽ നിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ എക്സൈസ് വകുപ്പുമായി ചേർന്ന് പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന കർമപദ്ധതി. മയക്കുമരുന്നുകൾ, പാൻമസാല എന്നിവയുടെ വ്യാപനവും ഉപഭോഗവും തടയുന്നതോടൊപ്പം തന്നെ ബോധവത്കരണ പ്രചരണങ്ങൾ, പുനരധിവാസ പരിപാടികൾ, ലഹരി പദാർഥങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാനുള്ള പദ്ധതികൾ എന്നിവയും വിമുക്തി വിഭാവനം ചെയ്യുന്നു.

മാരക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പാൻമസാല എന്നിവയുടെ ദൂഷ്യഫലങ്ങളിൽ നിന്ന് യുവജനങ്ങളെയും വിദ്യാർഥികളെയും പരിപൂർണമായി വിമുക്തമാക്കുക എന്ന മഹത്തായ ലക്ഷ്യവും ഈ ചുവടുവയ്പ്പിന്റെ ഭാഗമാണ്.

ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനായി ഓരോരുത്തരുടെയും പങ്കാളിത്തം ഈ ദൗത്യത്തിൽ നിർണായകമാണ്. കൂട്ടായ സാമൂഹിക പ്രവർത്തനങ്ങളിലൂടെയും ക്രിയാത്മകമായ ചുവടുവയ്പ്പുകളിലൂടെയും സമഗ്രമായ ഒരു മാറ്റത്തിന് നമുക്ക് വഴിയൊരുക്കാം. ലഹരിയോട് എന്നെന്നേക്കുമായി വിട പറയാം. ഈ വിപത്തിനെതിരെ അണിചേരാം. ദൈവത്തിന്റെ സ്വന്തം നാടിന്റെ പൂർണ വിമുക്തിക്കായി.






# ചൂടിനിയും വയ്യേ!

ഡോ. കെ ജി താര

വരും ദിവസങ്ങളിൽ കേരളം ചുട്ടുപൊള്ളുമെന്ന് വളരെ മുൻപു തന്നെ കാലാവസ്ഥാ നിരീക്ഷകർ റിപ്പോർട്ട് ചെയ്തിരുന്നു. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിനു ശേഷം കേരളത്തെ കാത്തിരിക്കുന്നത് ചുട്ടുപൊള്ളുന്ന ചൂടും കനത്ത വരൾച്ചയുമാണെന്നുള്ള റിപ്പോർട്ടുകൾ ശരി വയ്ക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. കേരളത്തിൽ ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് നേരത്തെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മുന്നറിയിപ്പ് നൽകിയിരുന്നു. എന്തൊക്കെയാണ് ചൂടു കൂടാനുള്ള കാരണങ്ങൾ? അവയെ നമുക്ക് എങ്ങനെയെല്ലാം നേരിടാം? എന്നൊക്കെയാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

കേരളം വെന്തുരുകുകയാണ്. ഇന്നുവരെ അനുഭവിക്കാത്ത ചൂടാണ് പല ജില്ലകളിലും അനുഭവപ്പെടുന്നത്. ശരാശരി ചൂട് മൂന്നു മുതൽ നാല് ഡിഗ്രി വരെ ഇനിയും വർധിക്കാനിടയുണ്ടെന്ന് കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പും വന്നുകഴിഞ്ഞു. കഴിഞ്ഞ പത്ത് കൊല്ലമായി ചൂടിങ്ങനെ കൂടി വരികയാണ്. ഐ പി സി സി (ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച്) യുടെ സ്പെഷ്യൽ റിപ്പോർട്ട് പറയുന്നത് ഇനി വെറും പത്തു വർഷം കൊണ്ട് ചൂട്, വ്യവസായവൽക്കരണ കാലത്തേക്കാൾ 1.5 ഡിഗ്രി സെൽഷ്യസ് കൂടുമെന്നാണ്.

ചൂട് കൂട്ടുന്നത് വികസിത രാഷ്ട്രങ്ങൾ ആണ്. അതിൽ, ഏറ്റവും കൂടുതൽ ഉത്തരവാദി അമേരിക്കയും. എന്നാൽ, ഘട്ടംഘട്ടമായി ഹരിതഗൃഹ വാതകങ്ങൾ കുറച്ചുകൊണ്ടുവരാൻ ലോകരാഷ്ട്രങ്ങൾ തീരുമാനം എടുത്ത 'പാരിസ് ഉടമ്പടി' യിൽ നിന്ന് പിന്മാറാനുള്ള ഒരുക്കത്തിൽ ആണ് ആ രാജ്യം! ഇവരൊക്കെ ഉണ്ടാക്കി വയ്ക്കുന്ന ചൂടിന്റെ ദോഷഫലങ്ങൾ അനുഭവിക്കേണ്ടി വരുന്നത് നമ്മളെപ്പോലെയുള്ള രാജ്യങ്ങളും. വെറും അര ഡിഗ്രി സെൽഷ്യസ് ചൂട് കൂടി



യാൽ തന്നെ പറഞ്ഞറിയിക്കാനാവാത്ത ദുരന്തങ്ങൾ ആണ് ഉണ്ടാവുന്നത്. ചൂട്, 1.5 ഡിഗ്രി സെൽഷ്യസ് കൂടിയാൽ 3500 ലക്ഷം പേർ ഉഷ്ണതരംഗത്തിൽ പെട്ട് മരിക്കാൻ ഇടയാകുമത്രേ!

## എന്തൊക്കെ സംഭവിക്കാം?

### മരണം

2019 മാർച്ച് ഒന്നാം തീയതി മുതൽ, 288 സൂര്യാഘാതങ്ങൾ ആണ് കേരളത്തിൽ മാത്രം റിപ്പോർട്ടു ചെയ്യപ്പെട്ടത്. 4 പേർ മരണമടഞ്ഞു. അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ (ഹ്യൂമിഡിറ്റി) അളവ് കൂടുന്തോറും ചൂടിന്റെ ആഘാതം കൂടുതലായി അനുഭവപ്പെടും. 37 ഡിഗ്രി സെൽഷ്യസ് ചൂട് രേഖപ്പെടുത്തുന്ന സമയത്ത് വായുവിലെ ഈർപ്പത്തിന്റെ അളവ് 80 ശതമാനം ആണെങ്കിൽ, നമുക്ക് 50 ഡിഗ്രി സെൽഷ്യസിന്റെ ചൂടാണ് അനുഭവപ്പെടുക. ഇപ്പോൾ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഹ്യൂമിഡിറ്റി 70 ശതമാനത്തിനു മുകളിൽ ആണെന്നത് പ്രശ്നത്തിന്റെ രൂക്ഷത വർധിപ്പിക്കുന്നു.

### വെള്ളം ഒട്ടും കിട്ടാതാകും

ജനുവരി മുതൽ മാർച്ച് വരെയുള്ള കാലം വരെ കേരളത്തിൽ, 46 ശതമാനം മഴ കുറഞ്ഞു എന്നാണു റിപ്പോർട്ട്. കഴിഞ്ഞ ഒരുമാസം കൊണ്ട്, ഭൂഗർഭ ജലം 0.25 മീ മുതൽ 3 മീ വരെ താണുപോയി. തിരുവനന്തപുരം, പാലക്കാട്, തുടങ്ങിയ പല ജില്ലകളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം ആണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.



### ഭക്ഷണം കിട്ടാതെ വലയും

കാർഷികരംഗത്ത് ഇപ്പോൾ തന്നെ ദുരന്തങ്ങൾ അനുഭവപ്പെട്ടു തുടങ്ങി. കേരളത്തിൽ, ഏകദേശം 785 ഹെക്ടർ സ്ഥലത്തെ കൃഷിയാണ് ചൂട് കാരണം നശിച്ചുപോയത്. പതിനാറു കോടിയിൽപരം രൂപയുടെ നഷ്ടം ഈ കൊച്ചു സംസ്ഥാനത്തു തന്നെ ഉണ്ടായി. നെല്ല്, വാഴ, കുരുമുളക്, പച്ചക്കറി, എന്നിങ്ങനെ എല്ലാം കരിഞ്ഞുണങ്ങുകയാണ്. ഒരു മാസം കൊണ്ട് തന്നെ 2200 -ഓളം കർഷകരെ ഈ ചൂട് ബാധിച്ചു എന്നുപറഞ്ഞാൽ അതിന്റെ ഗൗരവം മനസ്സിലാവുമല്ലോ? കൃഷിക്കാരെ ബാധിച്ചു എന്നു പറഞ്ഞാൽ നമുക്ക് കഴിക്കാനുള്ള അരിയും പച്ചക്കറികളും മറ്റു വിളകളും ഇല്ലാതായി എന്നാണർഥം. നമ്മുടെ സംസ്ഥാനത്തിന് ഒരുവർഷം വേണ്ടത് 40 ലക്ഷം ടൺ അരിയാണ്. നമ്മൾ ഉത്പാദിപ്പിക്കുന്നതോ 4 ലക്ഷം ടൺ അരിയും. ബാക്കിയുള്ളതൊക്കെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നമ്മൾ വാങ്ങുന്നതാണ്. എല്ലാ സംസ്ഥാനങ്ങളിലും ചൂടിന്റെ ആധിക്യം കൊണ്ട് വിളകൾ കരിഞ്ഞുണങ്ങുകയാണ്. രൂക്ഷമായ ഭക്ഷ്യ പ്രതിസന്ധിയിലേക്ക് നമ്മൾ ചെന്നെത്തിയേക്കാം എന്ന് ഓർമ്മ ഉണ്ടാവുന്നത് നന്ന്.

### ചുഴലിക്കാറ്റുകൾ കൂടി വരും

അന്തരീക്ഷത്തിലെ ചൂടും ചുഴലിക്കാറ്റും തമ്മിൽ വലിയ ബന്ധമുണ്ട്. മരങ്ങൾക്കു പുറമേ, അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുത്തു ചൂട് കുറയ്ക്കുന്നതിൽ മുഖ്യ പങ്ക് കടലുകൾക്കാണ്. അങ്ങനെ, സമുദ്രങ്ങളുടെയും ചൂട് കൂടി വരുന്നു. സമുദ്ര ഉപരിതലത്തിലെ ചൂട് 25 ഡിഗ്രി സെൽഷ്യസ് ആയാൽ, ചുഴലിക്കാറ്റുകൾ രൂപപ്പെടാനുള്ള ഏറ്റവും പറ്റിയ സാഹചര്യം ആയി. ഇതുവരെ അറബിക്കടലിൽ വലുതായി ഉണ്ടാവാത്ത ചുഴലിക്കാറ്റുകൾ ഇപ്പോൾ അടിക്കടി പ്രത്യക്ഷപ്പെട്ടു തുടങ്ങിയതും (ഓഖി) നമ്മൾ കണ്ടതാണല്ലോ.

## കടൽ കയറി തീരപ്രദേശങ്ങൾ മുങ്ങിപ്പോകും

അന്തരീക്ഷത്തിലെ ചൂട് കൂടിവരുന്തോറും കടൽജലം ചൂടുകൊണ്ട് വികസിക്കും. ഒരു സെന്റിമീറ്റർ കടൽ വികസിച്ചാൽ, 500 മീറ്റർ കര, കടലിനടിയിലാവുമെന്നാണ് കണക്ക്. ഭൂമിയുടെ ചൂട് ഇനിയും അരഡിഗ്രി സെൽഷ്യസ് കൂടി വർധിച്ചാൽ, ലോകത്തിലെ തീരദേശങ്ങൾ, മാൽഡീവ്സ് എന്ന മാലി ദ്വീപുകൾ, അഴിമുഖങ്ങൾ ( ഡെൽറ്റ) എന്നിവയൊക്കെ വെള്ളത്തിനടിയിലാകും. ഇന്ത്യ, ബംഗ്ലാദേശ്, തുടങ്ങിയ രാജ്യങ്ങൾ ആണ് ഏറ്റവും കൂടുതൽ ആഘാതം അനുഭവിക്കാൻ പോകുന്നത്. സമുദ്രത്താൽ ചുറ്റപ്പെട്ട സംസ്ഥാനം എന്ന നിലയിൽ, കേരളത്തിന്റെ നിലനിൽപ്പ് തന്നെ അപകടത്തിൽ ആണ്.

## തീപിടുത്തങ്ങൾ കൂടും

വലുതും ചെറുതുമായ 567 തീപിടുത്തങ്ങൾ ആണ് കഴിഞ്ഞ 55 ദിവസങ്ങൾ കൊണ്ടുണ്ടായത്. 'നാസ' യുടെ ഉപഗ്രഹങ്ങൾ നിരീക്ഷണം നടത്തിയപ്പോൾ, ജനുവരി ഒന്നാം തീയതി മുതൽ ഇടുക്കിയിൽ 190 ഓളം തീപിടുത്തങ്ങളും പാലക്കാട് 118, തൃശ്ശൂരിൽ 74, വയനാടിൽ 67, കോട്ടയത്ത് 26, മലപ്പുറത്ത് 23, എന്നിങ്ങനെ തീപിടുത്തങ്ങൾ ഉണ്ടായി എന്നാണ് കണ്ടെത്തിയത്. ബ്രഹ്മപുരം പ്ലാന്റിൽ കൂട്ടിയിട്ടിരുന്ന മാലിന്യങ്ങൾക്കു തീ പിടിച്ചപ്പോൾ മൂന്നു ദിവസം കഴിഞ്ഞു മാത്രമേ തീ നിയന്ത്രിക്കാൻ കഴിഞ്ഞുള്ളു. തീ ഇത്രയധികം രൂക്ഷമാവാൻ കാരണം അന്തരീക്ഷ താപനില കൂടി നിന്നതാണ് എന്നത് തർക്കമില്ലാത്ത കാര്യമാണ്.

ചൂട് കൂടുന്തോറും കാട്ടു തീയും വർധിക്കും. അന്തരീക്ഷത്തിലെ ചൂട് കൂട്ടുന്നതിൽ പ്രധാന വില്ലനായ കാർബൺ



ഡൈ ഓക്സൈഡ് വലിച്ചെടുത്തു ചൂട് കുറയ്ക്കുന്നതിൽ കാടുകൾ വലിയ പങ്കു വഹിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ കാടുകളെ 'കാർബൺ സിങ്കുകൾ' (Carbon Sink) എന്നാണു വിളിക്കുന്നത്.

## വായുമലിനീകരണം വർധിക്കും

മണ്ണ് ഉണങ്ങുമ്പോൾ, വായുവിലെ പൊടിപടലങ്ങൾ വർധിക്കും. വായുവിലെ പൊടിപടലങ്ങളുടെ അളവും വായുമലിനീകരണത്തിന്റെ തോതും കണക്കാക്കുന്നത് പി എം 2 .5 (പാർട്ടിക്കുലേറ്റ് മാറ്റർ), പി എം 10 എന്നിവയുടെ അളവുകൾ കണക്കാക്കിയാണ്. ഒരു ക്യൂബിക് മീറ്റർ വായുവിൽ, 60 ൽ താഴെ മാത്രമേ പി എം 2.5 വലുപ്പത്തിലുള്ള പൊടിപടലങ്ങൾ കാണാവൂ. എന്നാൽ, ചൂട് കൂടി വന്നപ്പോൾ, കൊച്ചിയിലും മറ്റും ഇത് 200 മൈക്രോ ഗ്രാമിൽ കൂടുതൽ ആയി. ശ്വാസകോശരോഗങ്ങളും ആസ്ത്മ, തുടങ്ങിയ രോഗങ്ങളും വളരെയേറെ വർധിക്കും എന്നാണ് ഇതുകൊണ്ടുള്ള ഫലം.

## രോഗങ്ങൾ കൊണ്ട് വലയും

ആഗോളതാപനം കൊണ്ട് സൂര്യാഘാതം, നിർജലീകരണം, ശ്വാസകോശരോഗങ്ങൾ എന്നിവ വർധിക്കും എന്ന് ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകിയിരുന്നു. മാർച്ചു മാസം മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടത്, 1473 ഡയറിയ (വയറിളക്കം) കേസുകളും, 2 ഡെങ്കിപ്പനി, 148 ചിക്കൻപോക്സ് കേസുകളുമാണ്. ഒരു ദിവസം തന്നെ 6300 പേരോളം പനിക്കു ചികിത്സ തേടി എത്തിയ സംഭവവും ഉണ്ടായി.

## എന്താണ് പരിഹാരം?

അത്യുഷ്ണം ഒരു ദുരന്തമായി കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. എന്നാൽ, ഓരോ സംസ്ഥാന സർക്കാരിനും അതതു സംസ്ഥാനത്തു നടക്കുന്ന പ്രത്യേക സംഭവങ്ങളെ



എല്ലായിടത്തും കേറി വീട് വയ്ക്കാം എന്നത് മാറ്റി, ഓരോ സ്ഥലത്തുമുള്ള ആളുകൾക്ക് വായു കിട്ടത്തക്ക വിധം എത്ര മരങ്ങൾ വേണ്ടിവരും, ഓരോ ആളുകൾക്കും വേണ്ടുന്ന വെള്ളം കിട്ടാൻ എത്ര പാടങ്ങളും ചതുപ്പു നിലങ്ങളും നിലനിറുത്തണം, എന്നിങ്ങനെ കൃത്യമായ പ്ലാനിംഗ് ഉള്ള വികസന നയം ആണ് നമുക്കു വേണ്ടത്. ഓരോ ഹെക്ടർ പാടവും 20,000 ലിറ്റർ വെള്ളം ഭൂമിക്കടിയിൽ ശേഖരിച്ച് വയ്ക്കുന്നുണ്ട് എന്നത് ഓർത്താൽ പാടങ്ങൾ നികത്തി ഉണ്ടാക്കുന്ന വീടും ഫ്ളാറ്റും നമുക്ക് വേണ്ട എന്ന് സ്വയം തീരുമാനിക്കാനാകും.

ദുരന്തമായി പ്രഖ്യാപിക്കാമെന്ന വകുപ്പുപയോഗിച്ച് കേരളസർക്കാർ, അത്യുഷ്ണം എന്നത് 'സ്റ്റേറ്റ് സ്പെസിഫിക്' (State-specific) ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, നിർഭാഗ്യം എന്ന് പറയട്ടെ, 12 മുതൽ 3 മണി വരെ പുറത്തിറങ്ങരുത്, വെക്കേഷൻ ക്ലാസുകൾ നടത്തരുത്, തുടങ്ങിയ ജാഗ്രതാ നിർദേശങ്ങൾക്കപ്പുറം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, മറ്റ് മുന്നൊരുക്കങ്ങൾക്കോ, ദീർഘകാലാടിസ്ഥാനത്തിലുള്ള നയരൂപീകരണങ്ങൾക്കോ ലഘൂകരണപ്രവർത്തനങ്ങൾക്കോ തുടക്കമിട്ടതായി കാണുന്നില്ല. താൽക്കാലികമായ പരിഹാര നടപടികൾ(Short-term measures) ശാശ്വതമായ പരിഹാരം കൊണ്ടുവരുന്നില്ല എന്നതുകൊണ്ട് താൽക്കാലിക ശമനത്തിനു പുറമേ, ദീർഘകാലാടിസ്ഥാനത്തിലുള്ള ചില നടപടികളെപ്പറ്റി പറയാം.

## ദീർഘകാല നടപടികൾ

### നയങ്ങൾ രൂപീകരിക്കണം

ഏറ്റവും ആദ്യം വേണ്ടത് ഒരു ഭൂവിനിയോഗ നയം ഉണ്ടാക്കുക എന്നതാണ്. എല്ലായിടത്തും കേറി വീട് വയ്ക്കാം എന്നത് മാറ്റി, ഓരോ സ്ഥലത്തുമുള്ള ആളുകൾക്ക് വായു കിട്ടത്തക്ക വിധം എത്ര മരങ്ങൾ വേണ്ടിവരും, ഓരോ ആളുകൾക്കും വേണ്ടുന്ന വെള്ളം കിട്ടാൻ എത്ര പാടങ്ങളും ചതുപ്പുനിലങ്ങളും നിലനിറുത്തണം, എന്നിങ്ങനെ കൃത്യമായ പ്ലാനിംഗ് ഉള്ള വികസന നയം ആണ് നമുക്കു വേണ്ടത്. ഓരോ ഹെക്ടർ പാടവും 20,000 ലിറ്റർ വെള്ളം ഭൂമിക്കടിയിൽ ശേഖരിച്ച് വയ്ക്കുന്നുണ്ട് എന്നത് ഓർത്താൽ പാടങ്ങൾ നികത്തി ഉണ്ടാക്കുന്ന വീടും ഫ്ളാറ്റും നമുക്ക് വേണ്ട എന്ന് സ്വയം തീരുമാനിക്കാനാകും.

### ചൂടിനൊരു ദുരന്തനിവാരണ പ്ലാൻ

ചൂടു കൊണ്ടു പൊറുതിമുട്ടുന്ന എത്യോപ്യ, മൊസാമ്പിക്, കോസ്റ്ററിക്കാ, തുടങ്ങിയ രാജ്യങ്ങൾ കാലാവസ്ഥാ മാറ്റങ്ങളെ പ്രതിരോധിക്കാൻ 'ഗ്രീൻ ഇക്കോണമി' ആക്ഷൻ പ്ലാനും, പരിസ്ഥിതിയെയും, ജൈവ സമ്പത്തിനെയും പരിരക്ഷിക്കുന്ന രീതിയിലുള്ള വികസന നയവും നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു. ക്യൂബ എന്ന കൊച്ചുരാജ്യം പോലും ഓരോ സെന്റിമീറ്റർ കടൽജലം ഉയർന്നാൽ എന്തൊക്കെ ദുരന്തങ്ങൾ വരുമെന്നും, അവയെ നേരിടാൻ എന്തൊക്കെ തയ്യാറെടുക്കണമെന്നുമുള്ള വിശ



ദമായ ദുരന്തനിവാരണ പ്ലാൻ വർഷങ്ങൾക്കു മുൻപേ എഴുതി തയ്യാറെടുത്ത് ഇരിപ്പാണ് .

വർധിച്ച ചൂട് കാരണം കിണറുകൾ വറ്റിവരണ്ടു. പെരിയാർ, ഭാരതപ്പുഴ, പമ്പ, കബനി തുടങ്ങിയ നദികൾ അനിതര സാധാരണമായ രീതിയിൽ വറ്റി വരളുകയാണ്. ഇനി പെയ്യുന്ന മഴവെള്ളം സംഭരിക്കാൻ എല്ലാ വീടുകളുടെയും ഓഫീസിന്റെയും മുറ്റത്തു മഴക്കുഴികൾ നിർബന്ധം ആക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. കുഴി എടുത്താൽ പോരാ, ഓരോ സ്ഥലത്തും പെയ്യുന്ന മഴ ഈ കുഴിയിൽശേഖരിക്കുന്നതിനായി ഭൂമിയുടെ ചരിവ് നോക്കി വേണം ഇവ നിർമിക്കാൻ.

## സൂര്യപ്രകാശത്തെ ഉപയോഗപ്പെടുത്താം

മഴയില്ലെങ്കിൽ പുഴ ഇല്ല. പുഴകൾ ഒഴുകിയില്ലെങ്കിൽ, ജലവൈദ്യുത പദ്ധതികളിൽ നിന്ന് വൈദ്യുതി ഉണ്ടാക്കാനും പറ്റില്ല. അധികനാൾ കഴിയുന്നതിനു മുമ്പു തന്നെ ഇത്തരത്തിലുള്ള വൈദ്യുതി ഉത്പാദനം നിലച്ചു പോയേക്കാം. ഫോസിൽ ഇന്ധനങ്ങളായ കൽക്കരി, പെട്രോൾ, യുറേനിയം, തോറിയം തുടങ്ങിയവയിൽ നിന്നുള്ള ഊർജവും വേഗം തന്നെ തീർന്നുപോകും. യഥേഷ്ടം കിട്ടുന്ന സൂര്യപ്രകാശത്തെ ഊർജമാക്കി മാറ്റാനുള്ള നയപരിപാടികൾക്ക് ഊന്നൽ കൊടുക്കേണ്ട സമയമായി. നൂറു ചതുരശ്ര അടി സ്ഥലം ഉണ്ടെങ്കിൽ, ഒരു കിലോ വാട്ട് സൗരനിലയം ഉണ്ടാക്കാൻ പറ്റും. പാനലിന്റെ നിർമാണവും പരിപാലനവും കെ എസ് ഇ ബിക്കു കൊടുത്തുകൊണ്ടും, സ്വന്തം നിലയിൽ പാനൽ സ്ഥാപിച്ച് പരിപാലനം മാത്രം വൈദ്യുതി ബോർഡിനെ ഏൽപ്പിച്ചുകൊണ്ടും നിരവധി പദ്ധതികൾ ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. www.sourakseb.in എന്ന വെബ്സൈറ്റിലോ, 1912 എന്ന നമ്പറിൽ വിളിച്ചോ ഈ പദ്ധതിയിൽ ചേരുന്നതെങ്ങിനെയെന്ന് അന്വേഷിക്കാവുന്നതാണ്.

## മഴവെള്ള സംഭരണം

### മഴക്കുഴികൾ

വർധിച്ച ചൂട് കാരണം കിണറുകൾ വറ്റിവരണ്ടു. പെരിയാർ, ഭാരതപ്പുഴ, പമ്പ, കബനി തുടങ്ങിയ നദികൾ അനിതരസാധാരണമായ രീതിയിൽ വറ്റി വരളുകയാണ്. ഇനി പെയ്യുന്ന മഴവെള്ളം സംഭരിക്കാൻ എല്ലാ വീടുകളുടെയും ഓഫീസിന്റെയും മുറ്റത്തു മഴക്കുഴികൾ നിർബന്ധം ആക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. കുഴി എടുത്താൽ പോരാ, ഓരോ സ്ഥലത്തും പെയ്യുന്ന മഴ ഈ കുഴിയിൽ ശേഖരിക്കുന്നതിനായി ഭൂമിയുടെ ചരിവ് നോക്കി വേണം ഇവ നിർമിക്കാൻ. ഒരുപാടു ചെരിവുള്ള ഭൂമിയിൽ മഴക്കുഴികൾ ഉണ്ടാക്കിയാൽ ഉരുൾപൊട്ടൽ



ഉണ്ടാവാനും ഇടയുണ്ട്. ശാസ്ത്രീയമായ മാർഗനിർദേശങ്ങൾ കിട്ടാൻ, അനെർട് (ANERT ഫോൺ നമ്പർ: 0471-2329854), സംസ്ഥാന ഗ്രൗണ്ട് വാട്ടർ ബോർഡ്(ഫോൺ നമ്പർ: 0471-2434098), കോഴിക്കോട്ടുള്ള സി ഡബ്ലിയു ആർ ഡി എം

മാത്രമാണ് മേൽക്കൂര മഴവെള്ള സംഭരണികൾ നിർബന്ധമാക്കി നിയമം ഉണ്ടാക്കിയിട്ടുള്ളത്. ഇത് മാറ്റി, നിലവിലുള്ള എല്ലാ വീടുകൾക്കും നിയമം നിർബന്ധമാക്കണം. എന്നാലേ, ഇനിയുള്ള കാലത്തു അൽപ്പമെങ്കിലും വെള്ളം സംഭരിക്കാൻ പറ്റൂ.

മണ്ണിന്റെ നനവ് നില നിറുത്താൻ ഭൂമിയുടെ പച്ചപ്പ് നിലനിറുത്തുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. ഓരോ ചെടിയും ഓരോ മരവും അതിന്റെ ശരീരഭാരത്തിന്റെ 96 ഇരട്ടി വെള്ളം വേരുകളിലും മണ്ണിലുമായി പിടിച്ചു നിറുത്തു



(ഫോൺ നമ്പർ: 0495-2351800), തിരുവനന്തപുരത്തുള്ള കേന്ദ്ര ജലവിഭവ വകുപ്പ് (ഫോൺ നമ്പർ: 0471-2442191), എന്നീ സ്ഥാപനങ്ങളെ സമീപിച്ചാൽ മതി.

## മേൽക്കൂരയിലെ വെള്ളം സംരക്ഷിക്കൽ

കഠിനമായ ജലക്ഷാമം നേരിടുന്ന പല നഗരങ്ങളും മേൽക്കൂരകളിൽ വീഴുന്ന വെള്ളം ശേഖരിക്കണമെന്ന നിയമം നിർബന്ധമാക്കിക്കഴിഞ്ഞു. ബാംഗ്ലൂരിൽ, എല്ലാ വീടുകൾക്കും ഇത് നിർബന്ധമാക്കി. ഇങ്ങനെ സംഭരിക്കാത്ത വീടുകൾക്ക് 25 ശതമാനം പിഴ വെള്ളത്തിന്റെ ബില്ലിൽ ചേർത്ത് കൊടുക്കണമെന്ന നിയമവും അവർ ഉണ്ടാക്കി! കേരളത്തിലാകട്ടെ, ഇപ്പോഴും പുതിയ കെട്ടിടങ്ങൾക്കു

## മണ്ണിന്റെ നനവ്

മണ്ണിന്റെ നനവ് നില നിറുത്തുക എന്നതാണ് പരമ പ്രധാനം. വയനാട്ടിൽ വെള്ളമുണ്ട, മൂന്നാം മൈൽ, കോലവയൽ, പനമരം തുടങ്ങിയ സ്ഥലങ്ങളിൽ, നൂറുകണക്കിന് മണ്ണിരകൾ മരിച്ചുവീഴുന്ന ദയനീയ കാഴ്ച ഈ ചൂടുകാലത്തു നമ്മൾ കണ്ടതാണ്. മണ്ണിരക്ക് 16 മുതൽ 28 ഡിഗ്രി സെൽഷ്യസ് വരെയുള്ള ചൂട് മാത്രമേ താങ്ങാനാവൂ. മണ്ണിന്റെ ജലാംശം നഷ്ടപ്പെട്ടു പോകുന്നതിന്റെ ഏറ്റവും വലിയ തെളിവാണ് മണ്ണിരകളുടെ മരണം. ജലാംശം നഷ്ടപ്പെട്ടു പോകുമ്പോൾ മണ്ണിലെ സൂക്ഷ്മജീവികൾ നശിച്ചു പോകുകയും, കൃഷി തകരാനും, ഭൂഗർഭ ജല നിരപ്പ് കുറയാനും കാരണം ആകുകയും ചെയ്യും.

ന്നുണ്ട്. മരങ്ങളും ചെടികളും കഴിയുന്നത്ര മുറിച്ചുമാറ്റാതിരിക്കുക. പറ്റുമെങ്കിൽ, മരങ്ങൾ നട്ടുപിടിപ്പിക്കുക. നട്ടാൽ മാത്രം പോരാ, അവ വളർന്നുവലുതാകുന്നതു വരെ വെള്ളവും വളവും മുടങ്ങാതെ കൊടുക്കുകയും വേണം. മണ്ണിന്റെ ജലാംശം നില നിറുത്തിയില്ലെങ്കിൽ മേൽമണ്ണ് കാറ്റടിച്ചും മറ്റും നഷ്ടപ്പെട്ടു പോകും. മേൽമണ്ണില്ലെങ്കിൽ, കൃഷി ചെയ്താൽ ഒന്നും വളരുകയില്ല. കേരളത്തിൽ, പകുതിയിലേറെ സ്ഥലങ്ങളും ഈ പ്രശ്നം അഭിമുഖീകരിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## എയർ കണ്ടീഷണറുകളുടെ ഉപയോഗം നിയന്ത്രിക്കണം

2018ൽ, ഇന്ത്യയിൽ എയർ കണ്ടി

ഷണറുകൾ വിറ്റുപോകുന്നത് 14 ശതമാനത്തിൽ നിന്നും 45 ശതമാനമായി എന്നാണു കണക്ക്. ഓരോ സെക്കന്റിലും 10 പുതിയ എ സി യാണ് ലോകത്തിൽ വിറ്റുപോകുന്നത്. ഇത് തന്നെ ആഗോളതാപനത്തിനു കാരണമാകും എന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് തന്നു കഴിഞ്ഞു. ഇത്തരം ശീതീകരണ യന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ അകത്തേക്ക് തണുത്ത കാറ്റും പുറത്തേക്കു ചൂട് കാറ്റുമാണ് വിട്ടുകൊണ്ടിരിക്കുന്നത്. സംശയമുണ്ടെങ്കിൽ, എയർ കണ്ടിഷണർ ഉള്ള ഏതെങ്കിലും മുറിയുടെ പുറത്തു വച്ചിരിക്കുന്ന യൂണിറ്റിന്റെ മുന്നിൽ ചെന്നുനിന്ന് നോക്കൂ. ഇതൊന്നും വാങ്ങി





വയ്ക്കാൻ പറ്റാത്ത പാവങ്ങൾ ഈ അധിക ചൂട് സഹിക്കേണ്ടി വരും എന്നർഥം. ഈ ചൂടുകാലത്ത്, ആരും എ സി ഉപയോഗിക്കരുത് എന്നു പറയുന്നത് പ്രായോഗികമല്ല. പക്ഷെ, ഉപയോഗം പരമാവധി കുറയ്ക്കാൻ ശ്രമിക്കാമല്ലോ. രാത്രി മുഴുവനും എ സി പ്രവർത്തിപ്പിക്കാതെ ഒന്നോ, രണ്ടോ മണിക്കൂർ മാത്രം ആക്കി നോക്കൂ.

## വെള്ളത്തിനും പരിധി

ബ്യുറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡിന്റെ കണക്കു പ്രകാരം, ഇന്ത്യയിൽ ഒരാൾക്ക് കുളിക്കാനും കുടിക്കാനും നനക്കാനും എല്ലാം കൂടി 200 ലിറ്റർ വെള്ളം വേണ്ടിവരും എന്നാണു കണക്ക്. ഇപ്പോൾ നമ്മൾ ഉപയോഗിക്കുന്നത് ശരാശരി 80 മുതൽ 100 വരെ ഗാലൻ വെള്ളവും! ഒരു ഗാലൻ എന്നാൽ ഏകദേശം 4 ലിറ്റർ വെള്ളം വരും. സ്വയം വെള്ളം ചുരുക്കി ഉപയോഗിക്കുവാൻ മലയാളി ഇനിയും പഠിച്ചിട്ടില്ല. അതുകൊണ്ട്, ഒരാൾക്ക് 200

ശീതീകരണ യന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ അകത്തേക്ക് തണുത്ത കാറ്റും പുറത്തേക്കു ചൂട് കാറ്റുമാണ് വിട്ടുകൊണ്ടിരിക്കുന്നത്. സംശയമുണ്ടെങ്കിൽ, എയർ കണ്ടിഷണർ ഉള്ള ഏതെങ്കിലും മുറിയുടെ പുറത്തു വച്ചിരിക്കുന്ന യൂണിറ്റിന്റെ മുന്നിൽ ചെന്നുനിന്ന് നോക്കൂ. ഇതൊന്നും വാങ്ങി വയ്ക്കാൻ പറ്റാത്ത പാവങ്ങൾ ഈ അധിക ചൂട് സഹിക്കേണ്ടി വരും എന്നർഥം.



ലിറ്റർ എന്ന് കണക്കാക്കി ഓരോ വീട്ടുകാരനുമുള്ള വെള്ളം പരിമിതപ്പെടുത്തി, കൂടുതൽ ചിലവാക്കുന്നവരുടെ വെള്ളത്തിന്റെ കണക്ഷൻ റദ്ദു ചെയ്യുന്ന ഒരു നിയമം ഉണ്ടായി വരേണ്ടിവരും! അല്ലെങ്കിൽ, പൈസ ഉള്ള ഒരാൾക്ക് ചെടി നനക്കാനോ, കാറ് കഴുകാനോ എത്ര വേണമെങ്കിലും വെള്ളം ഉപയോഗിച്ച ശേഷം, കൂടുതൽ ഉപയോഗിച്ച വെള്ളത്തിന് അധിക ചാർജ്ജോ, പിഴയോ ഒടുക്കി രക്ഷപ്പെടാനാകും. ലഭ്യമായ വെള്ളം, ഇങ്ങനെ കുറച്ചുപേർ അധികമായി ഉപയോഗിച്ചാൽ (ദുരുപയോഗം ചെയ്താൽ), പൈസ കൊടുക്കാൻ ഇല്ലാത്ത പാവപ്പെട്ടവനാണു വെള്ളം കിട്ടാതാകുന്നത്.

## കാടുകൾ സംരക്ഷിക്കുക

ഒരു ഏക്കർ കാട് ഉദ്ദേശം 100 മെട്രിക് ടൺ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കും. പത്തു സെന്റിമീറ്റർ വ്യാസമുള്ള ഒരു തേക്കുമരം 3.7ലക്ഷം ടൺ കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ നിന്ന് വലിച്ചെടുക്കുമത്രേ! അവശേഷിക്കുന്ന കാടുകൾ സംരക്ഷിച്ചാലേ ചൂടിൽ നിന്നും നമുക്ക് രക്ഷ കിട്ടൂ എന്നർഥം! ഐ പി സി സി (ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച്) യുടെ കഴിഞ്ഞ ഉച്ചകോടിയിൽ ഇന്ത്യ വാഗ്ദാനം ചെയ്തത് 2030 ഓടെ കാടുകളിൽ കൂടിയുള്ള കാർബൺ ആഗിരണം 2.5 ൽ നിന്നും 3 ബില്യൺ ടൺ ആക്കാമെന്നാണ്.

## ഹ്രസ്വകാല നടപടികൾ

### പകൽ ഷെൽട്ടറുകൾ

വീടുകളിലും, എയർകണ്ടീഷൻഡ് മുറികളിലും ഇരിക്കുന്ന ആളുകളെ സൂര്യാഘാതം ബാധിക്കുകയില്ല. വീട് പണി, റോഡ് നിർമാണം, കൃഷിപ്പണി, തുടങ്ങിയ പുറംജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, ട്രാഫിക് പോലീസ്, ചേരിപ്രദേശങ്ങളിലും താൽക്കാലിക ഷെഡ്ഡുകളിലും കഴിയുന്നവർ എന്നിവർക്കാണ് കൂടുതൽ ആഘാതം ഏൽക്കുക. ഇത്തരം ആളുകൾക്ക് തണൽ കിട്ടുന്ന രീതിയിൽ താൽക്കാലിക ഷെഡുകൾ നിർമിക്കാൻ പഞ്ചായത്തിനോ, കോർപ്പറേഷനോ മുൻകൈ എടുക്കാൻ സാധിക്കും. വി ഐ പി കൾ വരുമ്പോൾ സാധാരണ ബാരിക്കേഡുകൾ നിർമിക്കുന്നത് പോലെ ഇത്തരം ഷെഡുകൾ, ഓല മേഞ്ഞോ, നനഞ്ഞ ചാക്കുപയോഗിച്ചോ ഉണ്ടാക്കാവുന്നതേ ഉള്ളൂ. അതതു നാട്ടുകാർക്കും കുട്ടികൾക്കും ഈ കാര്യത്തിൽ പങ്ക് ചേരാമല്ലോ?

ചില തോട്ടങ്ങളിൽ, പച്ച നിറത്തിൽ, വല പോലെയുള്ള തുണി കൊണ്ട് മറച്ചിരിക്കുന്നത് കണ്ടിട്ടില്ലേ? അതുപോലെ ഒരു മറ ഉണ്ടാക്കിക്കൊടുത്താലും താൽക്കാലികമായി ചൂടിൽ നിന്നും രക്ഷ നേടാം. വിയർത്തു കുളിച്ച് ഇത്തരം പണികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് കുടിക്കാനുള്ള വെള്ളം കൊടുത്തുനോക്കൂ. എത്ര ആശ്വാസമായിരിക്കും അവർക്കു കിട്ടുക! ആറ്റുകാൽ പൊങ്കാല സമയത്ത് സ്ത്രീകൾക്ക് സംഭാരവും കുടിവെള്ളവും നൽകാൻ നല്ലവരായ എത്ര ആളുകളാണ് മുന്നോട്ട്

വരാറുള്ളത്! അതുപോലെ, ഈ ചുട്ടുപൊള്ളുന്ന വെയിലത്തും നമുക്ക് നല്ലവരാകാം.

## മൃഗങ്ങൾക്കും പക്ഷികൾക്കും കരുതൽ

മൃഗങ്ങൾക്കും പക്ഷികൾക്കും പുഴുക്കൾക്കും ചിത്രശലഭ ങ്ങൾക്കും മറ്റെല്ലാ ജീവികൾക്കും അവകാശപ്പെട്ട ഈ ഭൂമി, മനു ഷ്യനു മാത്രം അവകാശപ്പെട്ട താണെന്ന് ചിലർക്ക് ഒരു തോന്നൽ ഉണ്ട്. അവർക്കെല്ലാം അവകാശ പ്പെട്ട, നിലനിൽപ്പിന് അവർ ക്കെല്ലാം ആവശ്യമുള്ള വെള്ളം മലിനപ്പെടുത്തിയും, അണ കെട്ടി തിരിച്ചും, മണ്ണിട്ട് നികത്തിയും ഇല്ലാതാക്കിയ ദ്രോഹത്തിന് ചെറിയ ഒരു പരി ഹാരം ചെയ്യാനെങ്കിലും നമുക്ക് കഴിയണ്ടേ. ഒരു പാത്രം വെള്ളം രാവിലെയും വൈകിട്ടും ടെറ സിലോ, മതിലിനു പുറത്തോ, തണലുള്ള ഭാഗത്തോ വച്ച് നോക്കൂ. ദാഹിച്ചു വലഞ്ഞ പക്ഷികളും മറ്റും വെള്ളം കുടിക്കുന്നതു കാണാം. ചൂടിൽ വലഞ്ഞുനടക്കുന്ന നായകൾക്ക് അൽപ്പം വെള്ളം ഇതുപോലെ ഗേറ്റിനു പുറത്തു വച്ചാൽ അവരും വന്നു കുടിച്ചോളും. വീട്ടിൽ വളർത്തുന്ന നായ കൾക്കും മറ്റു വളർത്തു മൃഗങ്ങൾക്കും കുടിവെള്ളം കൊടുക്കാനും മറക്കേണ്ട. ഇടയ്ക്കിടക്ക് അവരെ കുളി പ്പിക്കാനും ശ്രദ്ധിക്കണം. തണലുള്ള ഭാഗത്തു മാത്രമേ അവയെ കെട്ടിയിടാനും പാടുള്ളൂ. കൂടിന്റെ പുറത്തു നനഞ്ഞ ചാക്ക് വിരിച്ചിടുന്നത് ചൂട് കുറക്കാൻ സഹായിക്കും.

## അല്പം പ്രഥമ ശുശ്രൂഷ പഠിക്കാം

സൂര്യാഘാതം ഏറ്റെന്നു തോന്നി യാൽ, ആ ആളെ എത്രയും പെട്ടെന്ന് തണലത്തേക്കു മാറ്റി കിടത്തി ധാരാളം വെള്ളം കുടിക്കാൻ കൊടുക്കണം. ബോധം ഇല്ലെങ്കിൽ ഒരു കാരണവശാലും വെള്ളം കുടിപ്പിക്കാൻ നോക്കരുത്. വെള്ളത്തിൽ നനച്ച ഒരു തോർത്ത് കൊണ്ട് മേല് തണുപ്പിക്കാം. കുറേശ്ശേ വെള്ളം ശരീരത്തു ഒഴിച്ച് കൊടുക്കുന്നതും നല്ലതാണ്. ഏറ്റവും പ്രധാനം, ശരീരനിര പ്പിനേക്കാളും കാലുകൾ ഉയർ ത്തിക്കിടത്താൻ ശ്രദ്ധിക്കണം എന്നതാണ്.

## വംശനാശം

എം എസ് സ്വാമി നാഥൻ റിസേർച് ഫൗണ്ടേഷന്റെ ഒരു പഠനത്തിൽ പറയുന്നത് വയനാട്ടിലെ മണ്ണിൽ 68 തരം തനതു മണ്ണിര ഇനങ്ങൾ (സ്പീഷീസ്) ഉണ്ട് എന്നാണ്. ചൂട് കൊണ്ട് ഇതിൽ പലതും അപ്രത്യക്ഷമായി. മണ്ണിരകൾ മാത്രമല്ല, ഷഡ്പദങ്ങളിൽ 40 ശതമാനവും അപ്രത്യക്ഷമായി. പക്ഷികളെയും സസ്തനിക ളെയും അപേക്ഷിച്ച് 8 മടങ്ങു കൂടുതലാണ് ഇവയുടെ നാശം. നമ്മുടെ ജൈവ വ്യവസ്ഥ (ഇക്കോ സിസ്റ്റം) യുടെ സംതു ലിതാവസ്ഥ നിലനിറുത്തുന്ന തിൽ ഈ ഷഡ്പദങ്ങൾക്കു നിർണായകമായ പങ്കുണ്ട്.

പ്രളയശേഷം നടത്തിയ ഒരു പഠനത്തിൽ, കേരളത്തിൽ, ബുഷ് ഫ്രോഗ് (Bush Frog) തുടങ്ങി 87 തരം തവളകൾക്കു വംശനാശം വന്നതായി കണ്ടെത്തിയിട്ടുണ്ട്. തവളകൾ അപ്രത്യക്ഷമാകുമ്പോൾ ഡെങ്കിപ്പനി, മലേറിയ, കോളറ, തുടങ്ങിയ രോഗങ്ങൾ കൊണ്ടുള്ള മരണങ്ങൾ കൂടി വരും എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. തവള കളുടെ എണ്ണത്തിൽ കുറവു ണ്ടായ രാജ്യങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്നാണ് ഇങ്ങനെ ഒരു നിഗമനത്തിൽ അവരെത്തി യത്.

നമ്മുടെ ചെയ്തികൾ കൊണ്ട്, മറ്റെല്ലാ ജീവികളെയും നമ്മൾ കൊന്നൊടുക്കിക്കൊ ണ്ടേയിരിക്കുന്നു. ഇനി ഒരു 100 കൊല്ലം കൂടിയേ മനുഷ്യരാശിക്ക് നിലനിൽപ്പുള്ളൂ എന്ന് സ്റ്റീഫൻ ഹോക്കിങ്ങിനെ പോലെയുള്ള പല പ്രമുഖ ശാസ്ത്രജ്ഞരും പറഞ്ഞുകഴിഞ്ഞു. അതിനിട യിൽ, ഓക്സിജൻ കിട്ടാതെയും വെള്ളം കിട്ടാതെയും മനുഷ്യൻ മരിച്ചു പോകുമത്രേ! അത്രയും ന ല്ലത്! മനുഷ്യനെപ്പോലെ, ഭൂമിയെ ഇത്രമാത്രം നശിപ്പിച്ച മറ്റൊരു സൃഷ്ടി ഇല്ല തന്നെ. ഭൂമിയെ സ്നേഹിക്കുന്ന, പൂക്കളെ സ്നേ ഹിക്കുന്ന, പക്ഷികളെയും മറ്റു മൃഗങ്ങളെയും സ്നേഹി ക്കുന്ന ഒരു പുതിയ ജീവി നമുക്ക് ശേഷം ഉണ്ടായി വരും, തീർച്ച!

*(ദുരന്തനിവാരണ അതോറിറ്റി യുടെ മുൻ മേധാവിയാണ് ലേഖിക.)*

> പ്രളയശേഷം നടത്തിയ ഒരു പഠനത്തിൽ, കേരളത്തിൽ, ബുഷ് ഫ്രോഗ് തുടങ്ങി 87 തരം തവളകൾക്കു വംശനാശം വന്നതായി കണ്ടെത്തിയിട്ടുണ്ട്. തവളകൾ അപ്രത്യക്ഷമാകുമ്പോൾ ഡെങ്കിപ്പനി, മലേറിയ, കോളറ,തുടങ്ങിയ രോഗങ്ങൾ കൊണ്ടുള്ള മരണങ്ങൾ കൂടിവരും എന്നാണ് ലോകാരോഗ്യസംഘടന പറയുന്നത്. തവളകളുടെ എണ്ണത്തിൽ കുറവുണ്ടായ രാജ്യ ങ്ങളിൽ നടത്തിയ പഠനങ്ങളിൽ നിന്നാണ് ഇങ്ങനെ ഒരു നിഗമനത്തിൽ അവരെത്തിയത്.



# കാറ്റ്

ഒ എൻ വി കുറുപ്പ്


*(നമുക്ക് ഏറ്റവും പ്രിയപ്പെട്ട മഹാകവി ഒ എൻ വി കുറുപ്പ് 2016 ഫെബ്രുവരി 13 ന് നമ്മോടു വിടപറഞ്ഞു. എങ്കിലും ആ ദീപ്തമായ സ്നേഹസ്മരണ കവിതയെയും ഗാനങ്ങളെയും സ്നേഹിക്കുന്ന കുട്ടികളുടെ ഹൃദയത്തിൽ ഇന്നും ജ്വലിച്ചു നിൽക്കുകയാണ്. ഈ ലക്കത്തിലെ കവിതാപരിചയത്തിൽ അദ്ദേഹം രചിച്ച 'കാറ്റ്' എന്ന കവിതയിലെ ഏതാനും ഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)*

കാറ്റിനെക്കാണാൻ കൊതിച്ചൊരു കുട്ടിയ-
ന്നാറ്റിറമ്പിൽ കാറ്റുകൊണ്ടിരുന്നൂ!
ആരോടു ചോദിച്ചറിയുവാൻ: കാറ്റിനെ-
ന്താകൃതി? - കാറ്റൊരശരീരി?-യെങ്കിലും,
പാട്ടൊന്നു മൂളിയും പാത്തും പതുങ്ങിയും,
നാട്ടിലെങ്ങെങ്ങും കറങ്ങിത്തിരിയുന്ന
കാറ്റിനെക്കാണാൻ കൊതിച്ചൊരു കുട്ടിയ-
ന്നാറ്റിറമ്പിൽ കാത്തുകാത്തിരുന്നു!
കാറ്റുകൊണ്ടങ്ങനെ കാത്തിരുന്നു!


കാറ്റിനും മക്കളുണ്ടമ്മൂമ്മ ചൊല്ലുന്നു:
കൂറ്റൻ മലയും പിഴുതെടുക്കും, പിന്നെ -
യൊറ്റക്കുതിപ്പിൽ കടലു താണ്ടും, രാമ-
ലക്ഷ്മണന്മാരെയും പൂപോലെടുത്തു തോ-
ളേറ്റിനടക്കുമതിലൊരുത്തൻ!
മറ്റൊരു പുത്രൻ ഗദയെടുത്തേതൊരു
ശത്രുവിനേയും വകവരുത്താൻ കരു-
ത്തുറ്റവ,നെങ്കിലും സ്നേഹിച്ച തൻ വധു
മോഹിച്ച പൂവിനായ് കാടുകേറി!
മക്കളുണ്ടത്രയ്ക്കു പോന്നവരെങ്കിലും
വെട്ടപ്പെടാതെയൊളിച്ചു നടക്കുന്ന
കാറ്റിനെക്കാണുവാൻ മോഹിച്ചൊരു കുട്ടി
ആറ്റിറമ്പത്തെ മണൽപ്പുറത്തെത്രയോ
കാത്തിരുന്നൂ, കാറ്റുകൊണ്ടിരുന്നൂ!
ഒരുപിടി നീർക്കണം കോരിയെറിഞ്ഞുകൊ-
ണ്ടിതുവഴി പോയിട്ടും കണ്ടീല!
ഒരു കുമ്പിൾ പൂമണം കോരിയെടുത്തു
മുഖത്തു കുടഞ്ഞിട്ടും കണ്ടീല!
മദയാനയെപ്പോലീ കദളീവനം തകർ
ത്തലറിവിളിച്ചിട്ടും കണ്ടീല!
കാട്ടിലിരുന്നൊന്നു മൂളി- മുളം-
കാട്ടിൽ കുറുംകുഴലൂതീ- വള്ളി-
യൂഞ്ഞാലിന്മേലിരുന്നാടീ- കന്നി-
മാമ്പൂവൊടിച്ചുകൊണ്ടോടീ- തൊട്ടു-
കൺമുന്നിലായിരുന്നൊക്കെയുമെങ്കിലും
കണ്ടില്ല, കാറ്റിനെക്കണ്ടില്ല!


വര: സുധീർ പി വൈ

# Adventures of Tom Sawyer by Mark Twain



അമേരിക്കയിലെ മിസ്സൗറിയിൽ, ഫ്ളോറിഡാ എന്ന ചെറിയ പട്ടണത്തിൽ ജനിച്ചുവളർന്ന് ലോകപ്രശസ്തനായിത്തീർന്ന സാമുവേൽ ലോങ്ഗ് ഹോൺ ക്ലമൻസ് എന്ന അമേരിക്കൻ എഴുത്തുകാരന്റെ തൂലികാനാമമാണ് 'മാർക്ക് ട്വയിൻ'. അദ്ദേഹം തന്റെ ബാല്യകാലം ചിലവഴിച്ചത് മിസ്സിസ്സിപ്പി നദിയുടെ തീരത്തുള്ള ഹാനിബാൾ എന്ന ചെറിയ ഗ്രാമത്തിലാണ്. മിസ്സിസ്സിപ്പി നദിയുടെ സൗന്ദര്യവും അത് ഉണർത്തുന്ന ഭീതിയും മാസ്മരികതയും ആസ്വദിച്ചും നദീതീരത്തിന്റെ തിരക്കേറിയ ജീവിതവും അതിന്റെ ആരവവും കണ്ടും കേട്ടും നദിയുടെ സംഗീതം ശ്രവിച്ചും അതിനുചുറ്റും ഒരു കാല്പനിക സൗന്ദര്യം നെയ്തെടുത്തുമാണ് അദ്ദേഹം തന്റെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്. പിൽക്കാലത്ത് ഹാനിബാൾ എന്ന ആ ഗ്രാമം അദ്ദേഹത്തിന്റെ നോവലിലെ സെന്റ്പീറ്റേഴ്സ് ബർഗ് എന്ന സാങ്കല്പിക പട്ടണത്തിന് ജന്മം നൽകി. മിസ്സിസ്സിപ്പി നദിയുടെ ഓളങ്ങളിൽ ഒഴുകി നീങ്ങുന്ന വഞ്ചിക്കാർ നദിയുടെ ആഴം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളിൽ നിന്നാണ് അദ്ദേഹം തന്റെ തൂലികാനാമം രൂപപ്പെടുത്തിയത്. 'A Mark' എന്നുപറഞ്ഞാൽ 'One fathom' അല്ലെങ്കിൽ 6 അടി എന്നാണ് അർഥം. Twain എന്നാൽ രണ്ട് എന്ന് അർഥം. വഞ്ചിക്കാരൻ Mark Twain എന്നു വിളിച്ചുപറയുമ്പോൾ അതിന്റെ അർഥം അവിടെ നദിയുടെ ആഴം 12 അടി എന്നാണ്. അക്കാലത്തെ ഒരു വലിയ വഞ്ചിക്കും ആവിക്കപ്പലിനും കടന്നുപോകാൻ തക്ക സുരക്ഷിതമായ ആഴം അവിടെ ഉണ്ടെന്നാണ്. നദിയെയും നദിയുടെ ജീവിതശൈലിയെയും അത്രമാത്രം സ്നേഹിച്ച എഴുത്തുകാരൻ, തന്റെ തൂലികാനാമം നദിയുടെ ആഴത്തിന്റെ അളവുകോലാക്കി.




1873 – 1875 കാലഘട്ടത്തിൽ എഴുതി തുടങ്ങിയ 'ടോം സോയറിന്റെ സാഹസിക ജീവിതം', 1876ലാണ് പ്രസിദ്ധീകരിച്ചത്. ഈ നോവലിൽ അദ്ദേഹം തന്റെ ഭാവനയും യാഥാർഥ്യവും അനുഭവവും കൂട്ടിക്കലർത്തി കുട്ടികളുടെയും മുതിർന്നവരുടെയും ഹൃദയം കവരുന്ന ലളിതമായ ശൈലിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

ഗ്രാമീണജീവിതത്തിലേക്ക് നാഗരികത കടന്നാക്രമിക്കുന്ന കാലഘട്ടത്തിലെ ഒരു സാധാരണ ഗ്രാമത്തിലെ അനാഥബാല്യങ്ങളുടെ പ്രതിനിധികളായ ടോമും ഹക്കും ആണ് മുഖ്യ കഥാപാത്രങ്ങൾ. അവരുടെ സ്വപ്നങ്ങളും ഭീതിയും അതിമോഹങ്ങളും ആരെയും ത്രസിപ്പിക്കുന്ന കുരുത്തക്കേടുകളും എഴുത്തുകാരൻ ആകർഷകമായ ശൈലിയിൽ ചിത്രീകരിച്ചിരിക്കുന്നു.

ടോമും അവന്റെ പോളി ആന്റിയും തമ്മിലുള്ള ഇണക്കവും പിണക്കവും നിറഞ്ഞ നിഷ്കളങ്കമായ

സ്നേഹബന്ധത്തിലും ഹക്കിൾ ബെറി ഫിന്നുമായുള്ള ആത്മബന്ധത്തിലുമാണ് ഈ ചെറിയ നോവലിന്റെ ഇതിവൃത്തം ഇതൾ വിടർത്തുന്നത്.

ഗൃഹാതുരത്വവും പ്രായോഗികഫലിതവും നർമബോധവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊലപാതകവും പ്രതികാരവും സാമൂഹിക ജീവിതത്തെക്കുറിച്ചുള്ള തമാശകൾ കലർന്ന കാഴ്ചപ്പാടുകളും നിറഞ്ഞ ഈ നോവൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യകാലയളവിലെ അമേരിക്കൻ ഗ്രാമീണ ജീവിതത്തിന്റെ നേർക്കാഴ്ചയാണെന്ന് പറയാം. കണക്ക് പരീക്ഷയും ഇംഗ്ലീഷ് പരീക്ഷയും വന്നെത്തുമ്പോൾ, പനിയും തലവേദനയും പിടിക്കാത്ത ആരെങ്കിലുമുണ്ടോ? പഞ്ചസാര ഭരണിയിലും ജാം കുപ്പിയിലും കൈയിട്ട് നക്കി രുചിക്കാത്ത ആരെങ്കിലുമുണ്ടോ? ബാല്യകൗമാരങ്ങൾ പിന്നിട്ട്, ജീവിതത്തിന്റെ മധ്യാഹ്നത്തിലും സായാഹ്നത്തിലും എത്തിയവർപോലും ടോമിന്റെ കഥ വായിക്കുമ്പോൾ അറിയാതെ ഒരു ചെറുപുഞ്ചിരിയോടെ അവരുടെ ബാല്യകാല കുസൃതികളിലേക്ക് തിരികെ നടക്കും.

ഒരു ആൺകുട്ടിയുടെ ബാല്യകാല ജീവിതം ചരിത്രമായിമാറിയ ഈ നോവൽ, സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും സാഹസികതയുടെയും ഓർമകൾ ഉണർത്തുന്ന വാക്കുകളാൽ സൃഷ്ടിക്കപ്പെട്ട ഒരു വിസ്തൃത ലോകമാണ്.

ഈ ലക്കം മുതൽ തളിര് വായനക്കാർക്കായി 'ടോം സോയറിന്റെ സാഹസിക ജീവിതം' എന്ന നോവൽ ആരംഭിക്കുന്നു.

## ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**



വര: ജോണി ദേവസ്യ

"ടോം... "

മറുപടിയില്ല.

"ടോം..."

അപ്പോഴും മറുപടിയില്ല.

"ആ ചെക്കനെന്തുപറ്റി? എനിക്കൊരു പിടിയും കിട്ടുന്നില്ല. ടോം... ടോം... നീ എവിടെയാണ്?"

മറുപടിയില്ല.

പോളി ആന്റി തന്റെ കണ്ണട മൂക്കിലേക്ക് വലിച്ചിറക്കി. അതിന്റെ മുകളിലൂടെ മുറിയിലാകെ നോക്കി. അവർ സ്വയം പറയുന്നതുപോലെ, എന്നാൽ മുറിയിലാകെ കേൾക്കത്ര ഉറക്കെ പറഞ്ഞു.

"നിന്നെ... എന്റെ കൈയിൽ കിട്ടിയാൽ... നിന്നെ... ഞാൻ..."

അവർ കുനിഞ്ഞ് കട്ടിലിനു കീഴിൽ ഒരു ചൂല് കടത്തി തട്ടി

നോക്കി. ഒന്നുമില്ല. ഒരു പാവം പൂച്ചയുടെ ഉറക്കം മാത്രം പോയി.

'ഇങ്ങനെ ഒരു ചെക്കനെ ഞാൻ ഇതുവരെ എങ്ങും കണ്ടിട്ടില്ല' എന്നു പിറുപിറുത്തു കൊണ്ട് അവർ തോട്ടത്തിലേക്ക് എത്തിനോക്കി.

അവിടെയും അവന്റെ പൊടി പോലും കാണാനില്ല.

ആന്റി വീണ്ടും വിളിച്ചു.

''എടാ... ടോം....''

പിന്നിൽ ഒരു ചെറിയ ശബ്ദം കേട്ട് പോളി ആന്റി തിരിഞ്ഞു നോക്കി. അവർ ആ കൊച്ചുപയ്യനെ അവന്റെ ജാക്കറ്റിന്റെ തുമ്പിൽ പിടിച്ച് അവിടെ നിർത്തി.

''ആഹാ... ഞാൻ ഈ അല മാരിയിൽ മാത്രം നോക്കി യില്ല... നീ അതിനകത്ത് എന്തു ചെയ്യുകയായിരുന്നു?''

''വെറുതെ.''

''നിന്റെ കൈ കാണട്ടെ. വായിലും ഒന്നു നോക്കട്ടെ. എന്താടാ ഇതൊക്കെ?''

''എനിക്കറിയില്ല.''

''എന്നാൽ എനിക്കറിയാം.''

''ജാം.''

''ആ ജാം കുപ്പിയിൽ കൈയി ടരുതെന്നും ഇട്ടാൽ നിന്നെ ഞാൻ ശരിയാക്കുമെന്നും ഒരാ യിരം തവണ ഞാൻ പറഞ്ഞി ട്ടില്ലേ. ആ വടി ഇങ്ങെടുത്തേ...''

വടി പലതവണ വായുവിൽ പൊങ്ങിത്താണു.

'ആന്റീ... പുറകിലോട്ട് ഒന്നു നോക്കിക്കേ.''

പാവം ആന്റി തിരിഞ്ഞു നോക്കിയതിനിടയിൽ അവൻ ചാടിയോടി, കമ്പുകൾ നാട്ടിയ വേലിയും കടന്ന് നൊടിയിട യിൽ അപ്രത്യക്ഷനായി.

പോളി ആന്റി കുറേനേരം അവിടേക്ക് തുറിച്ചുനോക്കി നിന്നു. പിന്നെ പുഞ്ചിരിച്ചു.

''അവനെ എന്തു ചെയ്യണം. ഇന്നുവരെ ഞാൻ അവന്റെ കുരുത്തക്കേടുകൾ ശരിയായി മനസ്സിലാക്കിയിട്ടില്ല. അവന്റെ കുസൃതികൾ എപ്പോഴാണ്, എങ്ങനെയാണ് വരുന്നതെന്ന് അറിയാത്തതിനാൽ അവനെ പിടികൂടാനും സാധിക്കുന്നില്ല, എന്നെ ദേഷ്യം പിടിപ്പിക്കാതെ, കളിപ്പിക്കാൻ അവന് അറിയാം. ഇന്ന് തീർച്ചയായും അവൻ ക്ലാസിൽ കയറാതെ കളിച്ച് നടക്കും. അതുകൊണ്ട് നാളെ അവനെകൊണ്ട് ജോലി എടു പ്പിക്കണം. എല്ലാവരും കളിച്ച് നടക്കുന്നത് ശനിയാഴ്ചയാണ്. അന്ന് അവനെകൊണ്ട് പണി എടുപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. പക്ഷേ ഞാൻ കർശന നടപടി എടുത്തില്ലെങ്കിൽ അവൻ നശിച്ചുപോകും. ആന്റി ഉറച്ച തീരുമാനം എടുത്തു. ടോം അന്ന് ക്ലാസിൽ പോകാതെ കളിച്ചുല്ല സിച്ച് നടന്നു. പക്ഷേ അടുത്ത ദിവസത്തേക്കുള്ള വിറക് കഷ ണങ്ങൾ പെറുക്കി എടുക്കാനും വലിയ കഷണങ്ങൾ കൊത്തി നുറുക്കാനും ജോലിക്കാരൻ പയ്യൻ ജിമ്മിനെ സഹായി ക്കാൻ കൃത്യസമയത്ത് വീട്ടിൽ മടങ്ങിയെത്തി. സത്യം പറ ഞ്ഞാൽ പാവം ജിം ജോലി ചെയ്യുമ്പോൾ അവനോട് തന്റെ അന്നത്തെ വീരകൃത്യങ്ങളും സാഹസികതകളും വിവരിക്കാ നുള്ള സമയത്ത് തന്നെ ടോം എത്തിച്ചേർന്നു എന്നുപറയാം. ടോമിന്റെ ഇളയ സഹോദരൻ (അല്ലെങ്കിൽ അർധ സഹോദരൻ സിഡ്നി എന്ന സിദ്ദ്) വിറകുപെ റുക്കി കൂട്ടുന്ന തന്റെ ജോലിയും തീർത്ത് അവിടെ സ്വസ്ഥമായി



**പുറത്തിറങ്ങിയ ടോം സ്വസ്ഥമായി ഒരിടത്ത് ഇരുന്ന് തന്റെ കുപ്പായ കോളറിന്റെ മടക്കുകൾക്കുള്ളിൽ പരിശോധിച്ചു. അതിനുള്ളിൽ കറുത്ത നൂല് ചുറ്റിയ സൂചിയും വെള്ള നൂലു ചുറ്റിയ ഒരു സൂചിയും ഉണ്ടായിരുന്നു. സിദ്ദ് പറഞ്ഞില്ലായിരുന്നെങ്കിൽ ആന്റി ഒരിക്കലും അറിയില്ലായിരുന്നു. ആന്റി ഇങ്ങനെ നൂലിന്റെ നിറം മാറ്റി മാറ്റി തയ്ക്കാതിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു. എന്തായാലും അവനെ ഒരു പാഠം പഠിപ്പിക്കണം**

ഇരിക്കുന്നുണ്ടായിരുന്നു. അവൻ ഒരു പാവമായിരുന്നു.

ടോം തന്റെ അത്താഴം അകത്താക്കുകയും തരംകിട്ടുമ്പോഴെല്ലാം പഞ്ചസാര കട്ട് എടുക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ പോളി ആന്റി അവനെ ചോദ്യം ചെയ്യാൻ തുടങ്ങി.

''ടോം, ഇന്ന് സ്കൂളിൽ നല്ല ചൂടായിരുന്നോ?''

''അതെ.''

''വലിയ ചൂട്?''

''അതെ ആന്റീ...''

''ടോം നിനക്ക് നീന്താൻ പോകണമെന്ന് കൊതിയുണ്ടോ?''

ടോമിന്റെ മനസ്സിൽ സുഖകരമല്ലാത്ത ഒരു സംശയം തലപൊക്കി. അവൻ പോളി ആന്റിയുടെ മുഖത്ത് സൂക്ഷിച്ചുനോക്കി. പക്ഷേ ഒന്നും പിടികിട്ടിയില്ല.

''വേണ്ട... ആന്റി... അത്ര വലിയ കൊതിയൊന്നുമില്ല.''

പോളി ആന്റി അവന്റെ ഷർട്ടിൽ തൊട്ടുനോക്കി. പക്ഷേ അതിനത്ര ചൂടില്ലായിരുന്നു. അവന്റെ കുപ്പായം ഉണങ്ങിയിരിക്കയാണെന്ന് കണ്ടുപിടിച്ചതിൽ അവർക്ക് അഭിമാനം തോന്നി. ആന്റി കണ്ടുപിടിക്കാൻ ഉദ്ദേശിക്കുന്നതെന്താണെന്ന് അവന് മനസ്സിലായി.

''ഞങ്ങളിൽ ചിലരൊക്കെ തലയിലേക്ക് വെള്ളം ചീറ്റിച്ചതാണ്. എന്റെ തലമുടി ഇപ്പോഴും നനഞ്ഞിരിക്കയാണ്.''

''പക്ഷേ ടോം... തലയിൽ വെള്ളം ചീറ്റാൻ, ഞാൻ തയ്ച്ചു ചേർത്ത ഷർട്ട്കോളർ അഴിക്കേണ്ട കാര്യമില്ലല്ലോ? നിന്റെ ജാക്കറ്റ് ഒന്ന് ഊരിക്കാണിച്ചേ?''

ടോമിന് സമാധാനമായി. കോളർ അവിടെ ഭംഗിയായി തയ്ച്ച് പിടിപ്പിച്ചിരിക്കയാണ്.

''എന്തായാലും എനിക്കറിയാം, നീ ക്ലാസിൽ കയറാതെ നീന്താൻ പോയിക്കാണും എന്ന്.''

അവന്റെ കള്ളത്തരം കണ്ടുപിടിക്കാനുള്ള തന്റെ തന്ത്രം വിജയിക്കാത്തതിൽ സങ്കടം ഉണ്ടായിരുന്നെങ്കിലും, ഒരിക്കലെങ്കിലും അവൻ നല്ല കുട്ടിയായി പെരുമാറിയല്ലോ എന്നോർത്ത് ആന്റിക്ക് സന്തോഷവും ഉണ്ടായി.

സിഡ്നി ഉടനെ ചോദിച്ചു. ''വെള്ളനൂലുകൊണ്ടല്ലേ ആന്റി തയ്ച്ചത്. ഇപ്പോൾ അവിടെ കറുത്ത നൂലാണല്ലോ?''

''ശരിയാണ്... ഞാൻ വെള്ള നൂലുകൊണ്ടാണ് തയ്ച്ചത്.''

അതിന് വിശദീകരണം നൽകാനും ബാക്കി നടപടികൾ കാണാനും ടോം അവിടെ നിന്നില്ല. വാതിലിലൂടെ പുറത്തേക്ക് ചാടുന്നതിനിടയിൽ അവൻ വിളിച്ചുപറഞ്ഞു.

'സിദ്ദ് നിനക്ക് ഞാൻ വച്ചിട്ടുണ്ട്.'' പുറത്തിറങ്ങിയ ടോം സ്വസ്ഥമായി ഒരിടത്ത് ഇരുന്ന് തന്റെ കുപ്പായകോളറിന്റെ മടക്കുകൾക്കുള്ളിൽ പരിശോധിച്ചു. അതിനുള്ളിൽ കറുത്ത നൂല് ചുറ്റിയ സൂചിയും വെള്ള നൂലു ചുറ്റിയ ഒരു സൂചിയും ഉണ്ടായിരുന്നു.

സിദ്ദ് പറഞ്ഞില്ലായിരുന്നെങ്കിൽ ആന്റി ഒരിക്കലും അറിയില്ലായിരുന്നു. ആന്റി ഇങ്ങനെ നൂലിന്റെ നിറം മാറ്റിമാറ്റി തയ്ക്കാതിരുന്നെങ്കിൽ എത്ര നല്ലതായിരുന്നു. എന്തായാലും അവനെ ഒരു പാഠം പഠിപ്പിക്കണം.

ആ ഗ്രാമത്തിലെ നല്ലവനായ ഒരു മാതൃകാവിദ്യാർഥി ആയിരുന്നില്ല ടോം. മാതൃകാവിദ്യാർഥികളെ ടോമിന് തീരെ ഇഷ്ടമല്ലായിരുന്നു.

അന്ന് രാത്രി വളരെ വൈകി എത്തിയ ടോം ജനലിലൂടെ അകത്തുകയറിയപ്പോൾ അവനെ പിടികൂടാൻ കാത്തിരുന്ന ആന്റിയുടെ മുമ്പിൽ തന്നെ ചെന്നു ചാടി. അവന്റെ കുപ്പായത്തിലെ ചെളിയും അവന്റെ വൃത്തികെട്ട ശരീരവും കണ്ടപ്പോൾ ആന്റി തീരുമാനിച്ചു, ശനിയാഴ്ച അവനെ കളിക്കാൻ വിടില്ല. അവൻ ജോലി ചെയ്യട്ടെ.

ശനിയാഴ്ചത്തെ പ്രഭാതം പ്രകാശവും ഉത്സാഹവും സന്തോഷവും നിറഞ്ഞതായിരുന്നു.

ടോമിനൊഴികെ!

ഒരു തൊട്ടി നിറയെ കുമ്മായം കലക്കിയതും നീളൻ പിടിയുള്ള ഒരു ബ്രഷുമായി ടോം വലിയ വേലിയുടെ അടുത്ത് നിന്നു. നല്ല പൊക്കമുള്ള മുപ്പത് അടി നീളമുള്ള പലകക്കഷണങ്ങൾ നിരത്തിചേർത്തുണ്ടാക്കിയ വേലി കണ്ടപ്പോൾ ടോമിന്റെ മനസ്സ് ഇരുണ്ടു.

ടോം മനസ്സ് നിറയെ സങ്കടവുമായി ബ്രഷ് കുമ്മായത്തിൽ മുക്കി, ഏറ്റവും മുകളിലത്തെ പലകക്കഷണം മുതൽ താഴേക്കും മുകളിലേക്കും വശങ്ങളിലേക്കും കുമ്മായം പൂശി. അൽപ്പനേരത്തിനുശേഷം കുമ്മായം പൂശിയ ഭാഗവും പൂശാത്തഭാഗവും ഒത്തുനോക്കി കണ്ടപ്പോൾ അവന്റെ ആധിയും സങ്കടവും വർധിച്ചു.

അപ്പോൾ ജിം ഒരു തകരത്തൊട്ടിയുമായി പാട്ടുംപാടി ഗെയ്റ്റിലൂടെ ഇറങ്ങിവന്നു. അന്നുവരെ തെരുവിന്റെ അങ്ങേ അറ്റത്തുള്ള പമ്പിൽ നിന്ന് വെള്ളം ചുമന്നുകൊണ്ടുവരു

ന്നത് ടോമിന് ഇഷ്ടമില്ലാത്ത പണിയായിരുന്നു. പക്ഷേ അപ്പോഴത്തെ അവസ്ഥയിൽ അത് ഒരു നല്ല പണിയാണെന്ന് തോന്നി. പമ്പിന്റെ ചുവട്ടിൽ ധാരാളം ആൺകുട്ടികളും പെൺകുട്ടികളും തങ്ങളുടെ ഊഴവും കാത്ത് നിൽപ്പുണ്ടായിരിക്കും. അവർ വഴക്കടിക്കുകയും ഓടിച്ചാടി ബഹളം ഉണ്ടാക്കുകയും ചെയ്യും. വെള്ളം പിടിക്കുന്ന സ്ഥലം വളരെ അകലെ അല്ലെങ്കിലും ജിം ഒരിക്കലും ഒരു മണിക്കൂറെങ്കിലും കഴിയാതെ തിരികെ വരാറില്ലെന്നും ടോം ഓർമിച്ചു.

''ജിം... നീ അൽപ്പനേരം വേലിയിൽ കുമ്മായം പൂശാമെങ്കിൽ ഞാൻ വെള്ളം കൊണ്ടു വരാം.''

ജിം തലകുലുക്കി ആ വാഗ്ദാനം നിരസിച്ചു.

''മിസ് പോളി എന്നോട് പറഞ്ഞിട്ടുണ്ട് ടോം ഇങ്ങനെ പറയുമെന്നും അത് അനുസരിക്കാതെ ഞാൻ എന്റെ പണി മാത്രം ചെയ്താൽ മതിയെന്നും.''

''ഓ... അതൊന്നും കാര്യമാക്കണ്ട, തൊട്ടി ഇങ്ങുതാ... പോളി ആന്റി അറിയില്ല.''

''ഇല്ല എനിക്ക് പേടിയാണ്. മിസ്സ് പോളി എന്നെ തല്ലിച്ചതയ്ക്കും.''

''ഹേയ് അവർ ഒരിക്കലും ആരെയും തല്ലില്ല. അങ്ങേയറ്റം, കൈവിരലുറ ഉപയോഗിച്ച് ഒന്നു തട്ടും, അത്രമാത്രം. അതു കാര്യമാക്കാനില്ല. അവർ കുറേ വഴക്ക് പറയും. ശകാരങ്ങൾ നോവിക്കാറില്ല. ആന്റി കരഞ്ഞാൽ എനിക്ക് കഷ്ടം തോന്നും. ഞാൻ നിനക്കൊരു വെള്ള ഗോലി തരാം... എന്താ?''

''വെള്ള ഗോലി?''

ജിം അതിലേക്ക് കൊതിയോടെ നോക്കി.

''പിന്നെ നീ ഇതൊന്ന് സമ്മതിച്ചാൽ എന്റെ മുറിഞ്ഞ കാൽവിരലും കാണിച്ചുതരാം.''

അത്രയും വലിയ വാഗ്ദാനങ്ങൾ ജിമ്മിന് നിരസിക്കാനായില്ല. അവൻ തൊട്ടി താഴെവച്ച് വെള്ളഗോലി വാങ്ങി. കാൽവിരലിലെ മുറിവിന്റെ കെട്ട് ടോം അഴിച്ചപ്പോൾ കുനിഞ്ഞ് നോക്കി അതും കണ്ടു.

നൊടിയിടയ്ക്കുള്ളിൽ അവൻ തൊട്ടിയുമായി ഓടിപ്പോയി. ടോം വീണ്ടും കുമ്മായം പൂശാൻ തുടങ്ങി.

അപ്പോൾ പോളി ആന്റി ടോമിന്റെ യുദ്ധക്കളരിയിൽ നിന്ന് ഒരു കൈയിൽ ചെരുപ്പും കണ്ണുകളിൽ വിജയഭാവവുമായി പിന്മാറി. *(തുടരും)*





മലപ്പുറം ജില്ലയിലെ സെയിൽസ് പ്രൊമോട്ടറായ ശ്രീമതി നുസൈബ ആയിരം തളിര് വരിക്കാരെ ചേർത്തതിന്റെ വരിസംഖ്യയും കുട്ടികളുടെ ലിസ്റ്റും ചീഫ് എഡിറ്റർ ശ്രീമതി സുഗതകുമാരി ടീച്ചറിനെ ഏൽപ്പിക്കുന്നു. സമീപം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
ഞങ്ങൾ ഇന്ന് സിനിമയ്ക്കു പോകുന്നുണ്ട്.
ഈ കടുത്തചൂടു കാലത്ത് ക്രിക്കറ്റ് കളിക്കണ്ടാന്ന് വീട്ടിൽ നിന്നു പറഞ്ഞു.
വെക്കേഷൻ തുടങ്ങിയപ്പോ എത്രാമത്തെ സിനിമയാ?
നാലെണ്ണം. ഒരു സിനിമ തന്നെ രണ്ടു തവണ കണ്ടു.
രണ്ടുതവണ കാണാൻ അത്രയും രസമുള്ള സിനിമയേതാ...?
സിനിമ ഏതായാലും എ സി തീയേറ്റർ ആവണമെന്നു മാത്രം.
പിന്നേ... എല്ലാം ഈ ചൂട് തീരുന്നവരെയേ ഉള്ളൂ കേട്ടോ....
?


# ബീഗിൾ
## യാത്രയ്ക്ക് 18൦ വയസ്സാകുന്നു

പി പി കെ പൊതുവാൾ


(അഞ്ചുവർഷത്തോളം നീണ്ടുനിന്ന ബീഗിൾ യാത്രയെക്കുറിച്ച് 18൦ വർഷം മുമ്പ് ചാൾസ് ഡാർവിൻ രചിച്ച പുസ്തകമാണ് ബീഗിൾ യാത്ര (The Voyage of the Beagle). പിൽക്കാലത്ത് ശാസ്ത്രജ്ഞർക്ക് ഏറെ സഹായകരമായിരുന്നു ഈ കൃതി. ഇന്നും ആവേശപൂർവം വായിക്കപ്പെടുന്ന അതിവിശിഷ്ടമായ ഒരു ശാസ്ത്ര- സാഹസിക യാത്രാവിവരണ കൃതിയാണിത്. യാത്രയേയും പുസ്തകത്തേയും കുറിച്ച് ഇതാ രസകരവും വിജ്ഞാനപ്രദവുമായ ചില കാര്യങ്ങൾ.)

മഹാനായ ചാൾസ് ഡാർവിൻ 'HMS ബീഗിൾ' എന്ന കപ്പലിലേറി നടത്തിയ ഐതിഹാസികമായ സമുദ്രപര്യടനത്തെക്കുറിച്ച് നിങ്ങൾ കേട്ടുകാണുമല്ലോ. അഞ്ചുവർഷത്തോളം നീണ്ടുനിന്ന ഈ യാത്രയെക്കുറിച്ച് 180 വർഷം മുമ്പ് അദ്ദേഹം എഴുതിയ പുസ്തകത്തിന്റെ പേര് ബീഗിൾ യാത്ര (The Voyage of the Beagle) എന്നാണ്. ജീവപരിണാമ സിദ്ധാന്തം ആവിഷ്കരിക്കാൻ പിന്നീട് ശാസ്ത്രജ്ഞരെ സഹായിച്ചത് ഈ യാത്രയ്ക്കിടയിൽ നടത്തിയ കണ്ടെത്തലുകളാണ്. ഇന്നും ആവേശപൂർവം വായിക്കപ്പെടുന്ന അതിവിശിഷ്ടമായ ഒരു ശാസ്ത്ര – സാഹസിക യാത്രാവിവരണ കൃതിയാണിത്. 2019 മേയ് മാസത്തോടെ ബീഗിൾ യാത്രയ്ക്ക് 180 വയസ്സു തികയുകയാണ്. യാത്രയേയും പുസ്തകത്തേയും കുറിച്ച് ഇതാ രസകരവും വിജ്ഞാനപ്രദവുമായ ചില കാര്യങ്ങൾ.

1831 ഡിസംബർ 27 ാം തീയതി ആരംഭിച്ച് 1836 ഒക്ടോബർ 2 വരെ നീണ്ടുനിന്ന ഒരു യാത്രയാ




ചാൾസ് ഡാർവിനും അദ്ദേഹത്തിന്റെ വിഖ്യാതകൃതികളും



ഫോട്ടോ : R. T. Pritchett

HMS ബീഗിൾ

യിരുന്നു അത്. കടലിലൂടെ മാത്രമല്ല കരയി ലൂടെയും ഡാർവിൻ അതിസാഹസികമായി യാത്ര ചെയ്തു. ദക്ഷിണ അമേരിക്കൻ രാജ്യ ങ്ങളിലൂടെ, അത്‌ലാന്റിക് സമുദ്രത്തിലേയും ശാന്തസമുദ്രത്തിലേയും ദ്വീപുകളിലൂടെ, പിന്നെ തഹിതി, ന്യൂസിലാന്റ്, ആസ്ട്രേലിയ. പരിണാമത്തിന്റെ ഈറ്റില്ലമായ ഗാലപ്പഗോസ് ദ്വീപുകളിലെ സസ്യങ്ങളുടെയും ജന്തുക്ക ളുടെയും പ്രത്യേകതകൾ സൂക്ഷ്മമായി പഠിച്ചു. ലൊദ്വീപിലും കീലിംഗ് ദ്വീപിലും ചെന്ന് പവിഴപ്പുറ്റുകളുടെ വിചിത്രലോക വുമായി പരിചയപ്പെട്ടു. ആസ്ട്രേലിയയിൽ പ്ലാറ്റിപ്പസിനെപ്പോലുള്ള വിചിത്രജീവികളുടെ ആവാസ കേന്ദ്രങ്ങൾ നേരിൽ കണ്ടുപഠിച്ചു. വിവിധ ഭൂവിഭാഗങ്ങളുടെ പ്രത്യേകതകൾ നിരീക്ഷിച്ചു. കാലാവസ്ഥാവ്യതിയാനങ്ങ ളുടെ കാരണമന്വേഷിച്ചു. ഭൂകമ്പങ്ങളെയും അഗ്നിപർവതങ്ങളെയും കുറിച്ച് കൂടുതൽ അറിവുനേടി.

യാത്രയിൽ ഉടനീളം സസ്യങ്ങളുടെയും ജന്തുക്കളുടെയും ആയിരക്കണക്കിന് മാതൃ കകൾ ശേഖരിച്ചു. മൺമറഞ്ഞുപോയ ജന്തു ക്കളുടെ ഫോസിലുകൾ ശേഖരിച്ചു. നാട്ടിൽ തിരിച്ചെത്തുമ്പോൾ അറിവുകളുടെ ഒരു വൻശേഖരം തന്നെ കൂടെയുണ്ടായിരുന്നു. ഈ മാതൃകകളുടെ പഠനവും മനനവുമാണ് ഡാർവിനെ പരിണാമ സിദ്ധാന്തത്തിലേക്കും ജീവിവർഗങ്ങളുടെ ഉല്പത്തി ( ദി ഒറിജിൻ ഒഫ് സ്പീഷീസ്) എന്ന വിശ്രുത ഗ്രന്ഥ ത്തിന്റെ രചനയിലേക്കും നയിച്ചത്.

യാത്രയ്ക്കിടയിൽ 533 ദിവസം ഡാർവിൻ കടലിൽ ചെലവഴിച്ചു. കരയിലോ, അതിന്റെ ഇരട്ടിയിലുമേറെ കാലവും. അതായത് ഏതാണ്ട് മൂന്നേകാൽക്കൊല്ലം. സമുദ്രപര്യടനം എന്നു കേൾക്കുമ്പോൾ സ്വാഭാവികമായും നാം വിചാരിക്കുക അത് മിക്കവാറും ഒരു ജല യാത്രയായിരുന്നു എന്നായിരിക്കും അല്ലേ. എന്നാൽ യാത്രയുടെ അഞ്ചിൽ മൂന്നുഭാഗം ദിവസങ്ങളും അദ്ദേഹം കുന്നുകളും വന ങ്ങളും പീഠഭൂമികളും മരുഭൂമികളും താണ്ടി പഠനയാത്രകൾ നടത്തുകയായിരുന്നു.

യാത്രയുമായി ബന്ധപ്പെട്ട എല്ലാ കാര്യ ങ്ങളും കിറുകൃത്യമായി അദ്ദേഹം നോട്ടു ബുക്കുകളിൽ കുറിച്ചുവച്ചു. നിരീക്ഷിച്ചതും പഠിച്ചതുമായ കാര്യങ്ങൾ കത്തുകളുടെ രൂപ ത്തിൽ അതതുസമയം വീട്ടിലെത്തിച്ചു. ഗൃഹ സദസ്സിൽ സഹോദരി ഇത് എല്ലാവരേയും വായിച്ചു കേൾപ്പിക്കണമെന്നു നിർബന്ധമാ യിരുന്നു. തുടർന്ന് അവരത് ഏറ്റവും അടുത്ത സുഹൃത്തുക്കൾക്കു കൈമാറുമായിരുന്നു. പല ഭാഗങ്ങളും അപ്പപ്പോൾ ശാസ്ത്രമാസി കകളിൽ പ്രസിദ്ധീകരിച്ചുവന്നു. ആ രീതി യിൽ യാത്രയ്ക്കിടയിൽത്തന്നെ അദ്ദേഹം അന്നത്തെ വിഖ്യാത ശാസ്ത്രജ്ഞർക്കിടയിൽ സ്ഥാനം നേടി.

ബീഗിൾ പര്യടനം ആരംഭിക്കുമ്പോൾ

ഡാർവിനു പ്രായം വെറും 22 വയസ്സ്. ബി എ പരീക്ഷ ജയിച്ചു നിൽക്കുന്ന സമയമായിരുന്നു. പുത്രനെ ഡോക്ടറാക്കണമെന്നായിരുന്നു ഡോക്ടറായ പിതാവിന്റെ ആഗ്രഹം. മെഡിക്കൽ കോളജിൽ ചേർത്തെങ്കിലും പഠനത്തിൽ ഒട്ടും താത്പര്യം കാട്ടിയില്ല. വാതിലുകൾക്കു പുറത്തെ വിശാലമായ പ്രകൃതിയായിരുന്നു ആ കുട്ടിയുടെ വിദ്യാലയം. പക്ഷികളെ നിരീക്ഷിച്ചും വണ്ടുകളെ ശേഖരിച്ചും വൈകുന്നേരം വരെ ചെലവഴിക്കും. അവസാനം പഠനമുപേക്ഷിച്ച് വീട്ടിൽ തിരിച്ചെത്തി. എന്നാൽ നീയൊരു പാതിരിയായി കർത്താവിനെ സേവിച്ചോളൂ എന്നായി അച്ഛൻ. പുത്രന് അതിൽ ഒട്ടും വിരോധമില്ലായിരുന്നു. വല്ല നാട്ടിൻപുറത്തെ ചർച്ചിലും ചെന്ന് വൈദിക വൃത്തി ചെയ്യാം. ഇഷ്ടംപോലെ ഒഴിവുസമയം. ഇഷ്ടംപോലെ സ്വാതന്ത്ര്യം. പ്രകൃതിപഠനം തടസ്സമില്ലാതെ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യാം എന്നായിരുന്നു അദ്ദേഹം ചിന്തിച്ചത്.



ഡാർവിനും ബീഗിൾ ക്യാപ്റ്റൻ ഫിറ്റ്സ്റോയിയും

**പുത്രനെ ഡോക്ടറാക്കണമെന്നായിരുന്നു ഡോക്ടറായ പിതാവിന്റെ ആഗ്രഹം. മെഡിക്കൽ കോളജിൽ ചേർത്തെങ്കിലും പഠനത്തിൽ ഒട്ടും താത്പര്യം കാട്ടിയില്ല. വാതിലുകൾക്കു പുറത്തെ വിശാലമായ പ്രകൃതിയായിരുന്നു ആ കുട്ടിയുടെ വിദ്യാലയം. പക്ഷികളെ നിരീക്ഷിച്ചും വണ്ടുകളെ ശേഖരിച്ചും വൈകുന്നേരം വരെ ചെലവഴിക്കും. അവസാനം പഠനമുപേക്ഷിച്ച് വീട്ടിൽ തിരിച്ചെത്തി.**

വൈദികവൃത്തിക്ക് മിനിമം യോഗ്യതയായി ബി എ പാസാകേണ്ടതുണ്ട്. അതിനു വേണ്ടിയാണ് കേംബ്രിഡ്ജിലെ ക്രൈസ്റ്റ് കോളജിൽ ചേർന്നത്. പക്ഷേ, സമ്പർക്കം ഏറെയും ജീവശാസ്ത്രവിഭാഗത്തിലെ അധ്യാപകരുമായിട്ടായിരുന്നു. മാതൃകകൾ ശേഖരിച്ചു നൽകിയും ബുദ്ധിപൂർവമായ സംശയങ്ങൾ ഉന്നയിച്ചും അദ്ദേഹം ചില അധ്യാപകരുടെ കണ്ണിലുണ്ണിയായി. പ്രൊഫസർ ഹെൻസ്‌ലൊ അതിലൊരാളായിരുന്നു. ചാൾസിന്റെ പിന്നീടങ്ങോട്ടുള്ള വളർച്ചയ്ക്കെല്ലാം കാരണം ഈ അധ്യാപകനായിരുന്നു.

അങ്ങനെ ബി എ ബിരുദം നേടി വൈദികനാകാൻ കാത്തിരിക്കെ ഒരുദിവസം പ്രൊഫസർ ഹെൻസ്‌ലൊയുടെ കത്തുകിട്ടുന്നു. 'HMS ബീഗിൾ എന്ന കപ്പൽ ഒരു സർവേക്കുവേണ്ടി തെക്കെ അമേരിക്കൻ തീരത്തേക്കു പോകുന്നു. അവർക്ക് പഠന ഗവേഷണങ്ങൾക്കായി ഒരു പ്രകൃതിശാസ്ത്രജ്ഞനെ (നാചറലിസ്റ്റ്) ആവശ്യമുണ്ട്. എന്താ പോകാൻ വിരോധമുണ്ടോ?'

ചാൾസിന് പൂർണസമ്മതം. പക്ഷേ, അച്ഛൻ വിരോധം പറഞ്ഞു. ‘‘നായിനെ കൊല്ലാനും എലിയെപ്പിടിക്കാനും പാഞ്ഞു നടക്കുകയായിരുന്നില്ലേ നീ.



ഡാർവിന്റെ വണ്ടുശേഖരം

കർത്താവിനെ സേവിക്കാൻ പുറപ്പെട്ട് പാതിവഴിയെത്തിയ നീ വീണ്ടും പഴയതൊഴിലിലേക്കു മടങ്ങിപ്പോകാൻ ഞാനെന്തായാലും സമ്മതിക്കില്ല.'' എന്നാൽ ചാൾസിന്റെ മാമൻ ജൊസുവാ വെജ്‌വുഡ് ഇടപെട്ടപ്പോൾ അച്ഛന് എതിർക്കാൻ കഴിഞ്ഞില്ല. (ഈ മാമന്റെ പുത്രിയായ എമ്മയെയാണ് ചാൾസ് പിന്നീട് സഹധർമിണിയാക്കിയത്). തുടർന്ന് ക്യാപ്റ്റൻ ഫിറ്റ്സ്‌റോയിയുമായി സന്ധിക്കാൻ ചാൾസ് ലണ്ടനിലേക്കു പോയി.

ക്യാപ്റ്റനു പക്ഷേ, പയ്യനെ ഇഷ്ടപ്പെട്ടില്ല. മൂക്കിന്റെ ആകൃതി ശരിയല്ല. മുഖലക്ഷണ ശാസ്ത്രമനുസരിച്ച് അത്തരമൊരാൾക്ക് കഠിനയാത്രകൾ ഏറ്റെടുക്കാനാവില്ല എന്നായിരുന്നു ഫിറ്റ്സ്‌റോയിയുടെ കണ്ടെത്തൽ. ചാൾസിനേക്കാൾ നാലു വയസ്സിന്റെ മൂപ്പേ ഈ ഫിറ്റ്സ് റോയിക്കുള്ളൂ. ജിയോളജിയിലും മറ്റും ആളൊരു വിദഗ്ധനുമാണ്. പക്ഷേ, എന്തുചെയ്യാം. അന്ധവിശ്വാസിയായിപ്പോയി. ഭാഗ്യത്തിന് കൂടുതൽ അടുത്തപ്പോൾ തെറ്റിദ്ധാരണ പാടേ നീങ്ങി. ചാൾസിനെ സംശയിച്ചതിൽ ഖേദിച്ചു. പിന്നീടങ്ങോട്ട് ഉത്തമ സുഹൃത്തുക്കളായിത്തീർന്നു രണ്ടുപേരും.

കരുത്തിലും സഹനശേഷിയിലും 74 ഓളം വരുന്ന കപ്പലിലെ അന്തേവാസികളിൽ ഏറ്റവും മുന്നിലായിരുന്നു ചാൾസിന്റെ സ്ഥാനം. പക്ഷേ, ഒരു പ്രശ്നം. കഠിനമായ കടൽച്ചൊരുക്ക് ശമനമില്ലാതെ പിന്തുടർന്നുകൊണ്ടിരുന്നു. കടലിനെ, കപ്പൽയാത്രയെ കഠിനമായി വെറുക്കാൻ ഇതു കാരണമായി. കേട്ടാൽ ആരെങ്കിലും വിശ്വസിക്കുമോ? പക്ഷേ ഇതൊരു സത്യമാണ്. യാത്രയ്ക്കിടെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും എഴുതിയ ചില കത്തുകൾ തെളിവായി നമ്മുടെ മുമ്പിൽ ഉണ്ട്. "കരയിൽ നിന്ന് സമുദ്രത്തിന്റെ സൗന്ദര്യം നോക്കി ആസ്വദിക്കുന്നവർക്ക് ഇതുപറഞ്ഞാൽ മനസ്സിലാവില്ലെന്ന് എനിക്കറിയാം.'', "കടലിനോടും അതിലൂടെ പോകുന്ന എല്ലാ കപ്പലുകളോടും എനിക്ക് അറപ്പും വെറുപ്പും തോന്നുന്നു.", "ഉണക്കമുന്തിരി തിന്നുനോക്കാൻ പിതാവ് ഉപദേശിച്ചു.'', "സുഖം തോന്നുന്നില്ലെങ്കിൽ വീട്ടിലേക്കു തിരിച്ചുവരിക.'' ചാൾസ് രണ്ടും സ്വീകരിച്ചില്ല. പകരം കൂടുതൽ സമയം കരയിൽ ചെലവഴിക്കാൻ തീരുമാനിച്ചു. ഭൂവിഭാഗങ്ങളിലൂടെയുള്ള കഠിനയാത്രകൾ ശരിക്കും ആവേശമായി മാറുകയായിരുന്നു. കടൽച്ചൊരുക്ക് എന്ന ശാപം അങ്ങനെ അനുഗ്രഹമായിമാറി. തെക്കേ അമേരിക്കയുടെയും മറ്റു സ്ഥലങ്ങളുടെയും ഭൂപ്രകൃതിയും ഭൂമിശാസ്ത്രവും കൂടുതൽ ആഴത്തിൽ പഠിക്കാൻ അതു സഹായകമായി. മാതൃകകളും ഫോസിലുകളും ഇഷ്ടംപോലെ ശേഖരിക്കാനും സമയം കിട്ടി. ഫിറ്റ്സ്‌റോയിയാകട്ടെ പൂർണ പിന്തുണ നൽകി. തുറമുഖങ്ങളിൽ ചാൾസിനായി ക്ഷമയോടെ കാത്തിരുന്നു. ശേഖരണങ്ങൾ അപ്പപ്പോൾ ഇംഗ്ലണ്ടിലെത്തിക്കാൻ കൂട്ടുനിന്നു.

മറ്റുപല ശാസ്ത്രജ്ഞരേയുംപോലെ ജീവികളുടെ സ്ഥിരതയിൽ അടിയുറച്ചു വിശ്വസിച്ച ആളായിരുന്നു ആ സമയം ചാൾസും. ജൈവരൂപങ്ങൾക്ക് മാറ്റമുണ്ടാകുന്നു എന്ന് യാത്ര അവസാനിക്കുംവരെ ചിന്തിച്ചിരുന്നില്ല. എന്നാൽ ശേഖരിച്ചുകൊണ്ടുപോയ അറിവുകൾ പരിശോധിച്ചപ്പോൾ, കൊണ്ടുപോയ മാതൃകകളെക്കുറിച്ച് കൂടുതൽ ആഴത്തിൽ ചിന്തിച്ചപ്പോൾ രൂപമാറ്റം എന്ന ആശയം മനസ്സിലേക്കു കടന്നുവരികയായിരുന്നു. ജീവികൾ തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ച്, സാദൃശ്യവ്യത്യാസങ്ങളെക്കുറിച്ച് കൂടുതൽ ബോധവാനാകുകയായിരുന്നു.

വ്യത്യസ്ത ജീവികൾ അനുകൂലനങ്ങളിലൂടെ അതിജീവനം സാധ്യമാക്കുന്നതെങ്ങനെയെന്ന് ഗാലപ്പഗോസ് ദ്വീപുകളിൽ കണ്ട ജീവികൾ പഠിപ്പിച്ചു. പതിമൂന്നോളം




ഗാലപ്പഗോസ് ദ്വീപിലെ ഭീമാകായൻമാരായ ആമകൾ



ഗാലപ്പഗോസ് ദ്വീപിലെ ഭീമൻ പല്ലി

ചെറു കരപ്രദേശങ്ങൾ ചിതറിക്കിടക്കുന്ന ഒരു ദ്വീപു സമൂഹമാണത്. ഒരുദാഹരണം മാത്രം പറയാം. മിക്കവാറും എല്ലാ ദ്വീപുകളിലും കാണപ്പെടുന്ന പടുകൂറ്റൻ കരയാമകളുടെ കാര്യം. ആറോ എട്ടോ ആളുകൾ വിചാരിച്ചാൽ മാത്രം എടുത്തു പൊന്തിക്കാൻ കഴിയുന്നതരം ആമകളാണിവ. കടുത്ത ശുദ്ധജലക്ഷാമം അനുഭവിക്കുന്ന ചില ഭാഗങ്ങളിൽ നൂറുകണക്കിന് ആമകൾ ദൂരെയുള്ള ശുദ്ധജലകുഴിയിലേക്ക് ജാഥയായി പോകുന്നതു കണ്ടു. തുടർന്ന് ഇവയുടെ ജീവിതരീതിയെക്കുറിച്ച് കൂടുതൽ പഠിച്ചു. വരണ്ട പ്രദേശങ്ങളിൽ കഴിയുന്ന ഈ ജീവികളുടെ പ്രിയപ്പെട്ട ആഹാരം കള്ളിച്ചെടികളത്രെ. വെള്ളം കിട്ടുന്ന കാലത്ത് ജലക്കുഴികൾ കണ്ടെത്തി ഒരുപാടു വെള്ളം ഒന്നിച്ച് അകത്താക്കും. തത്കാലത്തെ ആവശ്യം കഴിച്ച് ബാക്കിവരുന്നത് മൂത്രസഞ്ചിയിൽ സൂക്ഷിച്ച് പിന്നീടെടുത്ത് ഉപയോഗിക്കും.




പുസ്തകങ്ങൾക്ക് നീണ്ട ശീർഷകങ്ങളായിരുന്നു അക്കാലത്ത് നൽകിയിരുന്നത്

ആമകളെ വേട്ടയാടാൻ ദ്വീപുകളിലെത്തുന്ന വേട്ടക്കാർ ദാഹം അസഹനീയമാകുന്ന സാഹചര്യങ്ങളിൽ ആമകളെ കൊന്ന് മൂത്രസഞ്ചി പുറത്തെടുത്ത് തുറന്ന് ദാഹം മാറ്റാറുണ്ട്. അത്തരക്കാരിൽ ചിലരോടൊപ്പം കൂടി ഒരിക്കൽ ചാൾസും അതിന്റെ ഗുണം നേരിട്ട് അനുഭവിച്ചറിയുകയുണ്ടായി. ചെറിയൊരു ദുഃസ്വാദ് ഒഴിച്ചാൽ മറ്റു കുഴപ്പമൊന്നുമില്ലായിരുന്നു. ദാഹത്താൽ ആദ്യം കുടിക്കുക മൂത്രസഞ്ചിയിലെ വെള്ളമല്ല. പെരികാർഡിയത്തിലെ (ഹൃദയത്തെ ആവരണം ചെയ്യുന്ന ഇരട്ടസ്തരമാണ് പെരികാർഡിയം) വെള്ളമാണെന്നും മനസ്സിലാക്കി.

ഗാലപ്പഗോസിലേയും ആസ്ട്രേലിയയിലെയുമെല്ലാം സസ്യങ്ങളെയും ഇഴജീവികളെയും പക്ഷികളെയും ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ ജീവിക്കുന്ന അതേതരം ജീവികളുമായി താരതമ്യം ചെയ്തു പഠിച്ചപ്പോൾ ചില പുതിയ അവബോധം ഉണ്ടാവുകയായിരുന്നു. ഉദാഹരണമായി ആസ്ട്രേലിയയിൽ ഒരിടത്ത് പുഴക്കരയിലെ മണൽത്തിട്ടയിൽ കിടന്ന് വിശ്രമിക്കവെ ഒരു കുഴിയാന ഇരപിടിക്കുന്നതു ശ്രദ്ധയിൽ പെട്ടു. അത് ഒരുക്കിവച്ച കള്ളക്കുഴിയിൽ ചെറിയ ഒരു

പാറ്റ വീണ് നിസ്സഹായതയോടെ ചിറകിട്ടടിക്കുന്നത് കാണാമായിരുന്നു. നിമിഷനേരംകൊണ്ട് വഞ്ചനാത്മകമായ ആ കുഴിയിൽ അത് അപ്രത്യക്ഷമായി.

അധികം താമസിയാതെ അശ്രദ്ധനായ വലിയ ഉറുമ്പും കുഴിയിൽ കാൽതെറ്റിവീണു. കുഴിയാന ഒളിഞ്ഞിരുന്ന് സ്വന്തം വാൽഭാഗംകൊണ്ട് മണ്ണ് ഇളക്കിയുതിർത്ത് ഇരയെ കൂടുതൽ ആഴത്തിലേക്കു കൊണ്ടുപോകാൻ ശ്രമിച്ചു. എന്നാൽ ഭാഗ്യം അതിനെ തുണച്ചു.

സ്വന്തം നാടായ യൂറോപ്പിലും ഈ മാതിരി കുഴിയാന ലാർവകളുണ്ടെന്ന് ചാൾസ് ഓർത്തു. ഒരേ ജീനസ് എങ്കിലും രണ്ടും രണ്ടു സ്പീഷീസുകൾ. പക്ഷേ, എത്ര ലളിതം, എത്ര സുന്ദരം ഈ സംവിധാനങ്ങൾ! സ്പീഷീസ് വ്യത്യാസമുണ്ടെങ്കിലും രണ്ടു സംവിധാനത്തിനു പിന്നിലും പ്രവർത്തിക്കുന്നത് ഒരേ തത്വം! പ്രപഞ്ചം മുഴുവൻ അങ്ങനെയാണ്.

ബീഗിൾയാത്ര എന്ന പേരിൽ ഇന്നറിയപ്പെടുന്ന പുസ്തകം 1939 മേയ്മാസത്തിൽ മറ്റൊരു പേരിൽ ആദ്യം പ്രസിദ്ധീകരിച്ചു. 'Journal and Remarks 1931–36' എന്നായിരുന്നു അന്നത്തെ പേര്. ബീഗിൾ പര്യടനത്തെക്കുറിച്ച് ഫിറ്റ്സ് റോയി എഴുതിയ നീണ്ട വിവരണത്തിന്റെ മൂന്നാം ഭാഗമായിട്ടായിരുന്നു പ്രസിദ്ധീകരണം. പുസ്തകരൂപത്തിൽ ആയിരത്തിലേറെ പേജ് വരുമായിരുന്നു.

ഏതായാലും യാത്രാവിവരണം ശാസ്ത്രജ്ഞരെ മാത്രമല്ല, സാധാരണ വായനക്കാരേയും അത്യധികം ആകർഷിച്ചു. വിൽപ്പനസാധ്യത മനസ്സിലാക്കിയ ഹെൻറി കോൾബേൺ എന്ന പ്രസാധകൻ ഗ്രന്ഥകർത്താവ് അറിയാതെ രണ്ടു മാസം കഴിഞ്ഞ് അതു പുസ്തകരൂപത്തിലിറക്കി. ഇക്കുറി പേര് 'Journal of Researches into The Geology and Natural History of Various Countries Visited by HMS Beagle' എന്നായിരുന്നു.

**അനുവാദം വാങ്ങാതെ പ്രസിദ്ധീകരിച്ചിട്ടും കാശൊന്നും നൽകാതിരുന്നിട്ടും ഡാർവിൻ അത് തടഞ്ഞില്ല. തന്റെ കന്നി സൃഷ്ടിക്ക് ലഭിച്ച അഭൂതപൂർവമായ സ്വീകരണം അദ്ദേഹത്തെ അത്രയധികം ആവേശഭരിതനാക്കിയിരിരിക്കണം "എന്റെ മറ്റേതു രചനയേക്കാളുമേറെ എന്റെ ഗർവിനെ തൃപ്തിപ്പെടുത്തിയത് ഈ ആദ്യസന്തതിയാണ്" എന്ന് അവസാനകാലത്ത് അദ്ദേഹം തന്റെ ആത്മകഥയിൽ കുറിച്ചിട്ടുണ്ട്.**

പുസ്തകം ചൂടപ്പം പോലെ വിറ്റഴിഞ്ഞു. തുടർന്ന് പല പ്രസാധകരും വ്യത്യസ്ത ശീർഷകങ്ങളിൽ പുസ്തകത്തിന്റെ പ്രത്യേക ഭാഗങ്ങൾ ഇറക്കി. ഇതെല്ലാം കണ്ട് ആശയക്കുഴപ്പത്തിലായ ഗ്രന്ഥകർത്താവ് 1845 ഓടെ പുസ്തകം എഡിറ്റുചെയ്ത് ചുരുക്കി സഹൃദയർക്ക് ഇഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു രണ്ടാം പതിപ്പ് ഇറക്കി. ഇന്ന് നാമറിയുന്ന 'ബീഗിൾ യാത്ര' എന്ന പുസ്തകം ഈ പരിഷ്കൃത രൂപത്തിന്റെ പകർപ്പുകളാണ്. 'The Voyage of the Beagle' എന്ന ശീർഷകം ഡാർവിന്റെ മരണശേഷം 1905 ലാണ് ആദ്യമായി ഉപയോഗിക്കുന്നത്. ആ പേര് നിലനിന്നു.

അനുവാദം വാങ്ങാതെ പ്രസിദ്ധീകരിച്ചിട്ടും കാശൊന്നും നൽകാതിരുന്നിട്ടും ആ രീതിയിൽ ഒരുപാട് കാശ് നഷ്ടപ്പെട്ടിട്ടും ശാസ്ത്രജ്ഞൻ വ്യാജപ്രസിദ്ധീകരണം തടയാതിരുന്നത് എന്തുകൊണ്ട്? തന്റെ കന്നി സൃഷ്ടിക്ക് ലഭിച്ച അഭൂതപൂർവമായ ബഹുജന സ്വീകരണം അദ്ദേഹത്തെ അത്രയധികം ആവേശഭരിതനാക്കിയിരുന്നു എന്നാണ് കരുതേണ്ടത്.

"എന്റെ മറ്റേതു രചനയേക്കാളുമേറെ എന്റെ ഗർവിനെ തൃപ്തിപ്പെടുത്തിയത് ഈ ആദ്യസന്തതിയാണ്" എന്ന് അവസാനകാലത്ത് അദ്ദേഹം തന്റെ ആത്മകഥയിൽ കുറിച്ചിട്ടുണ്ട്.

## അറിയിപ്പ്

ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചു വരുന്ന തളിര് വായനാമത്സരങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ തത്കാലം നിർത്തിവച്ചിരിക്കുന്നു. ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് എത്രയും വേഗം പുനരാരംഭിക്കുന്നതാണ്.

ഡയറക്ടർ

# പഞ്ചമം

**എം കൃഷ്ണദാസ്**



## മറന്നവ

''ഞാൻ ഇന്ന് മുത്തശ്ശന്റൊപ്പം പോരട്ടെ...'' ഇറങ്ങാൻ നേരത്ത് പേരക്കുട്ടി കെഞ്ചി.

''പിന്നെ ഒരു ദിവസം പോവാം...'' മകൾ വിലക്കി.

''ഞാൻ വരട്ടെ മുത്തശ്ശാ...'' അവളുടെ കണ്ണുകളിൽ യാചന.

''ഞാൻ അവളെ കൊണ്ടു പോയാലോ...'' അച്ഛൻ മകളെ നോക്കി ചോദിച്ചു.

''അച്ഛന് അവളെ ബസ്സിൽ കൊണ്ടുപോവാൻ ബുദ്ധിമുട്ടാവും...'' മകൾ തടസ്സം തുടർന്നു.

''മുത്തശ്ശാ... ന്നെ കൊണ്ടോണേ...'' പേരക്കുട്ടി വിടുന്ന മട്ടില്ല.

''ന്താടി അണക്കിത്ര പൊരിച്ചിൽ...'' അമ്മയുടെ സ്വരം കടുത്തു.

''പുഴ കാണാൻ, പാടം കാണാൻ, കിളിയൊച്ച കേൾക്കാൻ, മുത്തശ്ശിയുടെ കഥ കേട്ടുറങ്ങാൻ...''

പിന്നെ, ചോദ്യവും പറച്ചിലുമൊന്നും ഉണ്ടായില്ല.

## അതിവിശിഷ്ടം

സ്കൂൾ വാർഷികോദ്ഘാടനത്തിന് വിശിഷ്ടാതിഥിയെ ക്ഷണിക്കാനാണ് ഞങ്ങളുടെ സംഘം അവിടെ ചെന്നത്. അദ്ദേഹം ഹൃദയപൂർവം ഞങ്ങളെ സ്വീകരിച്ചിരുത്തി. പരിപാടിക്ക് വരാമെന്ന് അദ്ദേഹം സമ്മതിച്ചപ്പോഴാണ് ഞങ്ങൾക്ക് ശ്വാസം നേരെ വീണത്.

''പതിനഞ്ചിനെന്നു പറഞ്ഞാൽ മറ്റന്നാളല്ലെ...?'' അദ്ദേഹം സംശയം ചോദിച്ചു.

''അതേ സാർ...'' ഹെഡ്മാസ്റ്റർ വിനയപൂർവം മറുപടി പറഞ്ഞു.

''അതെന്തേ നിങ്ങൾ ഇത്ര വൈകിയത്...'' അദ്ദേഹം സംശയം തുടർന്നു.

''പലരേയും നോക്കീ സാർ, ആരേയും തടഞ്ഞില്ല...'' സ്റ്റാഫ് സെക്രട്ടറി നിഷ്ക്കളങ്കമായി മൊഴിഞ്ഞു. പക്ഷേ, ആ മറുപടി കാരണം അതിഥിയില്ലാതെ വാർഷികാഘോഷം ഉദ്ഘാടനം നടത്തേണ്ടി വന്നു.



വര: അഞ്ജന ഇ പി



# പ്രതികാരം

മത്സരവേദിയിൽ നിശ്ചയിച്ച സമയം കഴിഞ്ഞും പ്രസംഗം നടത്തുന്ന സച്ചിനോട് വിലയിരുത്തുന്ന അധ്യാപകർ കയർത്തു:

''വാണിംഗ് ബെല്ലു കേട്ടിട്ടും പ്രസംഗം നിർത്താത്തതെന്താ...''

''പറഞ്ഞു തീർന്നില്ല സാർ...''

''അതിനല്ലേ, അറിയിപ്പു തന്നത്...''

''കഴിയാത്തതുകൊണ്ടല്ലേ...''


''നിയമം അനുസരിക്കണം... അല്ലെങ്കിൽ അയോഗ്യനാവും...'' ജഡ്ജസ് നിയമം പറഞ്ഞു.

''അപ്പൊ ഇത് സ്ഥിരം അനുഭവിക്കുന്ന ഞങ്ങളുടെ കാര്യമൊന്ന് ഓർത്തുനോക്കൂ സാറേ...!''

# താരതമ്യം

ശാരദാമ്മയ്ക്ക് അഞ്ചാറ് മക്കളുണ്ടായതുകൊണ്ടാണ് സ്വത്ത് ഭാഗം വയ്ക്കേണ്ടി വന്നത്. ചിലർക്ക് റോഡരികിലെ സ്ഥലം വേണം. മറ്റുചിലർക്ക് റബ്ബർത്തോട്ടം. കടമുറികൾ ഒരുത്തൻ പറയാതെത്തന്നെ കൈയേറി. നെൽപ്പാടമെടുക്കാൻ മാത്രം ആരും മുന്നോട്ടു വന്നില്ല.

മോനൂട്ടന് ഇംഗ്ലീഷെടുക്കാൻ, ഹിന്ദിയെടുക്കാൻ, അറബിയെടുക്കാൻ, സംസ്കൃതമെടുക്കാൻ, സയൻസെടുക്കാൻ, കണക്കെടുക്കാൻ ക്യൂവാണ്. മലയാളമെടുക്കാൻ മാത്രം ആരുമില്ല.





# സമ്മാനം

കാഴ്ചകൾ കണ്ട് തിരിച്ചു പോരാൻ വേണ്ടി ബസ്സിൽ കയറിയപ്പോഴാണ് ജെസി അടുത്തുവന്നത്.

''ന്താ വിശേഷം...''

''ഒന്നൂല്ല സാർ, ചുമ്മാ വന്നതാ...''

''എന്തേങ്കിലും വാങ്ങാൻ മറന്നോ...''

''ഞങ്ങൾക്കു വേണ്ടതെല്ലാം വാങ്ങി സാർ...''

''പിന്നെന്താ തപ്പിത്തടയൽ...''

''മാഷൊന്നും വാങ്ങീല്ലല്ലൊ...''

''ന്റെ കൈയിൽ പൈസ ണ്ടായിരുന്നില്ല കുട്ടി...'' മാഷ് സങ്കടം അഭിനയിച്ചു.

''അതിനെന്താ, ഞാൻ തരാലോ സാറിന്...''

''എന്ത്, പൈസയോ?''

''പൈസയെല്ലാം തീർന്നൂ സാറേ...'' അവൾ കൈമലർത്തി.

''പിന്നെന്താ തരിക...''

''ഞാൻ അനിയനുവേണ്ടി വാങ്ങിയ കാറ്റാടി തരാം സാർ...'' ആ ഒന്നാം ക്ലാസുകാരി മടിയേതുമില്ലാതെ കാറ്റാടി കൈയിൽ തന്നു.

# ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച - 5

**ചിത്രീകരണം: വെങ്കി**

**ക്യാപ്റ്റൻ രാജാവിനോടു ചോദിച്ചു.**









ഫിറ്റ്സ്‌വാറൻ ക്യാപ്റ്റനോട് ചോദിച്ചു









അപ്പോഴേക്കും ഡിക്ക് ഇറങ്ങിവന്നു.
















**താമസിയാതെ ഡിക്ക് ലണ്ടൻ നഗരത്തിന്റെ മേയറായി. ഫിറ്റ്സ് വാറന്റെ മകൾ ആലീസിനെയും വിവാഹം ചെയ്ത് ഒരുപാടുനാൾ സസുഖം അവർ ജീവിച്ചു.**



**(അവസാനിച്ചു)**

# പരീക്ഷാച്ചൂടിൽ നിന്ന് വേനൽച്ചൂടിലേക്ക്

ഡോ. ബി പത്മകുമാർ



വര: ടി ആർ രാജേഷ്

എരിതീയിൽനിന്ന് വറച്ചട്ടിയിലേക്ക് എന്നു പറഞ്ഞതുപോലെയായി നമ്മുടെ കാര്യം. അവധിയായപ്പോൾ പാടത്തും പറമ്പിലുമൊക്കെ ഓടിക്കളിക്കാമെന്ന് വിചാരിച്ചപ്പോഴാണ് കത്തിയെരിയുന്ന ചൂടുമായി വേനലിന്റെ വരവ്. നാടും നഗരവുമൊക്കെ ചുട്ടുപൊള്ളുകയാണ്. കുളങ്ങളും കിണറുമെല്ലാം വറ്റിവരണ്ടു. രാവിലെ 11 നും ഉച്ചയ്ക്ക് 3 നുമിടയ്ക്ക് നേരിട്ടുള്ള സൂര്യപ്രകാശമേൽക്കരുതെന്നാണ് കാലാവസ്ഥാനിരീക്ഷണകേന്ദ്രത്തിന്റെ മുന്നറിയിപ്പ്.

ആഗോളതാപനവും എൽനിനോ പ്രതിഭാസവുമൊക്കെയാണ് കനത്തചൂടിന്റെ കാരണമെന്നാണ് വിലയിരുത്തൽ. മരങ്ങൾ വെട്ടിമാറ്റി ഫ്ളാറ്റുകൾ പണിതും നദികളിലെ മണലൂറ്റിയും കുന്നുകൾ ഇടിച്ചുനിരത്തിയും പാടംനികത്തിയും നമ്മളും പ്രകൃതിയെ വേദനിപ്പിച്ചു. ചൂഷണം ചെയ്തു. അതിന്റെയൊക്കെ പരിണിത ഫലങ്ങളാണ് വരൾച്ചയും വെള്ളപ്പൊക്കവും ചുഴലിക്കാറ്റുമൊക്കെയായി നാം നേരിടുന്ന ദുരന്തങ്ങൾ.

അമിതച്ചൂടിനെ തുടർന്ന് കൂട്ടുകാർക്ക് ക്ഷീണവും തളർച്ചയുമൊക്കെ ഉണ്ടാകാനിടയുണ്ട്. പ്രത്യേകിച്ച് വെയിലത്ത് ഓടിക്കളിച്ച് ക്ഷീണിക്കുമ്പോൾ വല്ലാതെ തളർന്നെന്നുവരാം. നമ്മുടെ വിയർപ്പിലൂടെ ശരീരത്തിലെ ജലാംശവും ലവണങ്ങളുമൊക്കെ നഷ്ടപ്പെട്ടതാണ് ക്ഷീണത്തിനു കാരണം. നന്നായി വെള്ളം കുടിച്ചാൽ മതി ക്ഷീണം മാറും. ദിവസവും 6–9 ഗ്ലാസ് വെള്ളമെങ്കിലും കുടിക്കണം. കുടിക്കുന്ന വെള്ളത്തിലൊക്കെ അല്പം ഉപ്പുചേർക്കാനും മറക്കരുത്.

## അടുത്തചോദ്യം ഏത് വെള്ളമാണ് കുടിക്കേണ്ടതെന്നല്ലേ!

നാരങ്ങാവെള്ളം, സംഭാരം, കരിക്കിൻവെള്ളം, ശുദ്ധജലം തുടങ്ങിയവയെല്ലാം നല്ല പാനീയങ്ങളാണ്. എന്നാൽ കോള പോലുള്ള സോഫ്റ്റ് ഡ്രിങ്ക്സ് ഒഴിവാക്കണം. അവ താത്കാലികമായി ദാഹം ശമിപ്പിക്കുമെങ്കിലും പിന്നീട് കടുത്ത



**സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികൾ ദേഹത്ത് നേരിട്ട് ഏൽക്കുന്നതിനെത്തുടർന്ന് ചർമത്തിൽ പൊള്ളലുണ്ടാകാൻ ഇടയുണ്ട്. ചുവന്നപാടുകൾ അസഹ്യമായ നീറ്റലോടുകൂടി പ്രത്യക്ഷപ്പെടുന്നു. ചിലപ്പോൾ കുമിളകൾ പൊങ്ങിയെന്നും വരാം.**

ദാഹവും വയറ്റിൽ അസ്വസ്ഥതകളും ഉണ്ടാക്കും. വൃത്തിഹീനമായ സാഹചര്യങ്ങളിൽ വിൽക്കുന്ന സർബത്തും ഫ്രൂട്ട് ജ്യൂസുമൊന്നും വാങ്ങിക്കുടിക്കരുത്. മഞ്ഞപ്പിത്തം, വയറിളക്കരോഗങ്ങൾ, ടൈഫോയിഡ് തുടങ്ങിയ പകർച്ചവ്യാധികളൊക്കെ മലിനജലത്തിലൂടെയാണ് പകരുന്നത്. അമ്മയോട് പറയണം, വെള്ളം തിളപ്പിക്കുമ്പോൾ അഞ്ചുമിനിട്ടെങ്കിലും തിളപ്പിക്കണമെന്ന്. എന്നാൽ മാത്രമേ വൈറസുകൾ ഉൾപ്പെടെയുള്ള രോഗാണുക്കൾ പൂർണമായും നശിക്കുകയുള്ളു.

ചൂടുകാലത്ത് കൂട്ടുകാർക്കുണ്ടാകാൻ സാധ്യതയുള്ള ഒരു ചർമരോഗമാണ് ചൂടുകുരു. ചർമത്തിൽ ചുവന്നുതടിച്ച പാടുകൾ ഉണ്ടാകുന്നു. അസഹ്യമായ ചൊറിച്ചിലും അനുഭവപ്പെടും. ദിവസം ഒന്നുരണ്ടു തവണയെങ്കിലും മേൽ കഴുകുകയാണ് പ്രതിവിധി. ആന്റിസെപ്റ്റിക് പൗഡറുകളും ഉപയോഗിക്കാം. ചൂടുകാലത്ത് നൈലോൺ, പോളിസ്റ്റർ വസ്ത്രങ്ങൾ വേണ്ട. അയഞ്ഞ കോട്ടൺ വസ്ത്രങ്ങളാണ് നല്ലത്.

സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികൾ ദേഹത്ത് നേരിട്ട് ഏൽക്കുന്നതിനെത്തുടർന്ന് ചർമത്തിൽ പൊള്ളലുണ്ടാകാൻ ഇടയുണ്ട്. ചുവന്നപാടുകൾ അസഹ്യമായ നീറ്റലോടുകൂടി പ്രത്യക്ഷപ്പെടുന്നു. ചിലപ്പോൾ കുമിളകൾ പൊങ്ങിയെന്നും വരാം. ചൂടുകാലത്ത് പുറത്തിറങ്ങുമ്പോൾ നിർബന്ധമായും കുട ഉപയോഗിക്കണം. ശരീരം മുഴുവൻ പൊതിയുന്ന വസ്ത്രധാരണം സൂര്യതാപത്തിൽ നിന്നു സംരക്ഷണം നൽകും.

അമിതചൂടുമായി ബന്ധപ്പെട്ട് നാമിപ്പോൾ ഏറ്റവും കൂടുതലായി കേൾക്കുന്ന ഒരു വാക്കാണ് സൂര്യാഘാതം. ഹീറ്റ് സ്ട്രോക്ക് എന്നു വിളിക്കുന്ന ഈ പ്രശ്നം അതീവ ഗുരുതരമായ ഒന്നാണ്. ഉടനടി കൃത്യമായ അടിയന്തിര ചികിത്സ നൽകിയില്ലെങ്കിൽ മരണംവരെ സംഭവിച്ചെന്നുവരാം. പ്രായമേറിയവർ, കുട്ടികൾ, മറ്റ് ആരോഗ്യ പ്രശ്നങ്ങളുള്ളവർ തുടങ്ങിയവർക്കാണ് ഹീറ്റ് സ്ട്രോക്കിനുള്ള സാധ്യത കൂടുതൽ.

## എന്താണ് സൂര്യാഘാതം?

നമ്മുടെ ആന്തരിക ശരീര താപനില 40°C ൽ കൂടുമ്പോൾ ശരീരത്തിലെ താപനിയന്ത്രണ സംവിധാനങ്ങളെല്ലാം തകരാറിലാകുന്നു. ശരീരത്തിന്റെ വിയർക്കാനുള്ള പ്രവണത തടസ്സപ്പെടുന്നു. ഹൃദയം, കരൾ, വൃക്കകൾ, മസ്തിഷ്കം തുടങ്ങിയവയുടെ പ്രവർത്തനം തകരാറിലാകുന്നു. രോഗി അബോധാവസ്ഥയിലാകുന്നു. ഉടൻതന്നെ ശരീരം തണുപ്പിച്ച് വേണ്ട ശുശ്രൂഷകളും പരിചരണങ്ങളും നൽകണം. പറമ്പിൽ ഒരാൾ സൂര്യാഘാതമേറ്റ് കിടക്കുന്നതായി സങ്കൽപ്പിക്കുക. നാമെന്താണ് ഉടൻ ചെയ്യേണ്ടത്! ആളിനെ തണലുള്ള സ്ഥലത്തേക്ക് മാറ്റിക്കിടത്തണം. വസ്ത്രങ്ങളെല്ലാം അഴിച്ചുമാറ്റി ശരീരം തണുത്ത വെള്ളംകൊണ്ട് ധാരധാരയായി കഴുകുക. പിന്നീട് ഫാനുപയോഗിച്ചോ വിശറികൊണ്ടു വീശിയോ ശരീരം തണുപ്പിക്കുകയും വേണം. ഉടൻതന്നെ തീവ്രപരിചരണ സൗകര്യമുള്ള ഒരു ആശുപത്രിയിലേക്ക് രോഗിയെ മാറ്റണം.

കൂട്ടുകാർ ഈ ചൂടുകാലത്ത് പഴങ്ങളും പച്ചക്കറികളും ഇലക്കറികളുമൊക്കെ ധാരാളം കഴിക്കാൻ മറക്കരുത്. ഫാസ്റ്റ് ഫുഡും ജങ്ക്ഫുഡും ഒക്കെ ദഹിക്കാൻ പ്രയാസമാണ്. അത് ഒഴിവാക്കാം. ഉച്ചസമയത്ത് പുറത്തുള്ള കളികൾ ഒഴിവാക്കാം. അങ്ങനെ ആഹാരത്തിലും ജീവിതരീതികളിലും കളിയുടെ കാര്യത്തിലുമൊക്കെ ചില ഭേദഗതികൾ വരുത്തിയാൽ കടുത്തവേനലിനെ നമുക്ക് ആരോഗ്യകരമായി മറികടക്കാം.



# കണക്കും കുസൃതിയും

**പള്ളിയറ ശ്രീധരൻ**






കുസൃതി കണക്കുകൾ ചെയ്യാൻ നിങ്ങൾക്ക് ഇഷ്ടമാണോ? ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന കുസൃതി കണക്കുകളെ പരിചയപ്പെടാം.

### വിചിത്രസംഖ്യ

**1.** ഞാൻ ഒരു സംഖ്യ മനസ്സിൽ വിചാരിക്കുന്നു. ഇതിനെ 2 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 കിട്ടും 3 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 2 കിട്ടും 4 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 3 കിട്ടും..... 10 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 9 കിട്ടും. സംഖ്യയേത്?

**2519**

**2.** രാമാനുജൻ സംഖ്യയായി അറിയപ്പെടുന്നത് 1729 ആണ്. ഈ സംഖ്യയെ 2 സംഖ്യകളുടെ ക്യൂബുകളായി 2 വിധത്തിൽ എഴുതാം. അങ്ങനെയുള്ള ഏറ്റവും ചെറിയ സംഖ്യ ആണ് 1729. രണ്ട് വർഗങ്ങളുടെ തുകയായി 2 വ്യത്യസ്ത രീതിയിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏതായിരിക്കും?

$50 = 5^2 + 5^2 = 7^2+1^2$

**3.** തുടർച്ചയായ 4 സംഖ്യകളിൽ 3 സംഖ്യകളുടെ ഘനങ്ങളുടെ തുക നാലാമത്തെ സംഖ്യയുടെ ഘനമായിരിക്കും. സംഖ്യകൾ ഏവ?

**3, 4, 5, 6.**

$3^3 + 4^3 + 5^3 = 6^3$

**4.** ഞാനൊരു മൂന്നക്ക സംഖ്യ മനസ്സിൽ കാണുന്നു. ഇതിലെ ഓരോ അക്കത്തെക്കൊണ്ടും സംഖ്യകൾ നിശ്ശേഷം ഹരിക്കാം. സംഖ്യ ഏത്?

**735**

## ഏറ്റവും വലിയ സംഖ്യ

4 ഒന്നുകൾ കൊണ്ട് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യ ഏതായിരിക്കും?
**1111 അല്ല $11^{11}$ ആയിരിക്കും.**

## ക്ലോക്കിലെ അക്കങ്ങളുടെ തുക

ഒരു ക്ലോക്കിന്റെ മുഖം. മുഖത്ത് 1 മുതൽ 12 വരെ സംഖ്യകൾ ഉണ്ടായിരിക്കുമല്ലോ. ഇതിനെ 6 ഭാഗങ്ങളാക്കണം ഓരോ ഭാഗത്തെയും അക്കങ്ങളുടെ തുക തുല്യമാക്കണം.
**12, 1 ഒരു ഗ്രൂപ്പ് , (11 , 2 ) , (10, 3 ) .... എന്നിങ്ങനെ**

## ഏറ്റവും ചെറിയ സംഖ്യ

1 മുതൽ 10 വരെയുള്ള എണ്ണൽ സംഖ്യകൊണ്ട് ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്? **2520**

## തുക 100

ഒന്നുമുതൽ ഏഴുവരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് 4 സംഖ്യകൾ എഴുതണം. ഇവയുടെ തുക 100 ആയിരിക്കണം ശ്രമിച്ചു നോക്കൂ...
**15 + 36+ 47 +2 = 100**

## തത്തകളുടെ കിന്നാരം

അടുത്തടുത്ത മരങ്ങളിൽ കുറേ തത്തകൾ. അവ കലപിലകൂടിക്കൊണ്ടിരിക്കും. ഒരു മരത്തിലെ ഒരു തത്ത മറ്റേ മരത്തിലെ തത്തകളോട് പറഞ്ഞു; നിങ്ങളിൽ ഒരാൾ ഇങ്ങോട്ട് പോരൂ, നമ്മുടെ എണ്ണം തുല്യമാകും. മറ്റേ മരത്തിലെ ഒരു തത്ത പറഞ്ഞു; നിങ്ങളിൽ ഒരാൾ ഇങ്ങോട്ട് പോരൂ ഇപ്പോഴുള്ളതിന്റെ ഇരട്ടിയാകും. ആ മരങ്ങളിലുള്ള തത്തകളുടെ എണ്ണമെത്രയാണ്?
**5,7**

## വലിയ സംഖ്യ

മൂന്ന് രണ്ടുകൾ ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യ ഏത്?

മൂന്ന് രണ്ടുകൾ ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യ 222 ആണ് എന്ന് നമുക്ക് തോന്നാം. പക്ഷെ യഥാർഥ ഉത്തരം $2^{22}$ ആണ്. ഇത് രണ്ടിനെ 22 പ്രവശ്യം ഗുണിച്ചാൽ കിട്ടുന്ന സംഖ്യയാ യിരിക്കും. 222നെ അപേക്ഷിച്ച് ഇത് വളരെ വലിയ സംഖ്യയായിരിക്കുമല്ലോ.

## സമയമേത്?

ഒരു ക്ലോക്കിൽ സമയം 11.11 എന്ന് കാണിക്കുന്നു. ഇതിലെ അക്കങ്ങളെല്ലാം തുല്യം. ഇതിനു മുമ്പ് എപ്പോഴാണ് ഇതേപോലെ തുല്യ അക്കങ്ങളുള്ള സമയം ക്ലോക്ക് കാണിച്ചിരിക്കുക.

10.10 എന്ന ഉത്തരം ശരിയല്ല. അക്കങ്ങൾ വ്യത്യസ്തം.
9.99 എന്ന സമയത്തിന് പ്രസക്തിയില്ല. 8.88,7.77,6.66 ഉം സാധ്യതയില്ല. ശരിയായ ഉത്തരം 5.55

## ഗുണനഫലം

8 X 4 = 61, 6 X 6 = 81, ആയാൽ 7 X 4 എത്ര?

ഗുണനഫലം കാണക, പകുതിയാക്കുക. അക്കങ്ങളുടെ സ്ഥാനം മാറ്റുക ഇതാണ് ചെയ്തത്. ഇതനുസരിച്ച് 7 X 4 = 28, പകുതി 14, അക്കങ്ങളുടെ സ്ഥാനം മാറ്റിയാൽ 41 കിട്ടും.

palliyarasreedharan@gmail.com





# അവധിക്കാലം ആമോദകാലം - തിരിച്ചറിവുകളുടേയും കാലം

**വീണ എം**

കഴിഞ്ഞ ലക്കത്തിൽ നമ്മൾ പങ്കിട്ട കാര്യങ്ങൾ ആരെങ്കിലും ചെയ്തുതുടങ്ങിയോ? എന്തു തോന്നുന്നു? അവധിക്കാലം കുത്തിമറിഞ്ഞ് തീർക്കാൻ മാത്രമല്ല, നിങ്ങൾ വീട്ടിലും സമൂഹത്തിലും വളരെ വിലപ്പെട്ട ഒരു സ്ഥാനത്തേക്ക് പതുക്കെ അടിവച്ച് കയറാൻ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ തിരിച്ചറിവിൽ നിന്നുകൊണ്ട് ഇനി മുതൽ നമ്മൾ ചെയ്യുന്ന ഓരോ ചെറിയ കാര്യവും നമ്മുടെ വീട്ടിൽ, ചുറ്റുപാടുകളിൽ, സമൂഹത്തിൽ, കൂടാതെ ലോകത്തു തന്നെയും മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നു തിരിച്ചറിയുക. 'തിങ്ക് ഗ്ലോബലി, ആക്റ്റ് ലോക്കലി' എന്നു പറയുന്നത് ഇതുമായി ബന്ധപ്പെട്ടു തന്നെ.

ഇനിയുള്ള ദിവസങ്ങളിൽ നമുക്ക് ശ്രദ്ധ കൊടുക്കേണ്ടത്, വീട്ടിനകത്തും പുറത്തും ഉപയോഗിക്കുന്ന രാസവസ്തുക്കളിൽ ആണ്. ഉറുമ്പിനെ, കൊതുകിനെ ഒക്കെ തുരത്താൻ, പല്ലിയോ പാറ്റയോ എലിയോ വന്നാൽ അവയെ കൊല്ലാൻ തുടങ്ങി ലിസ്റ്റ് അങ്ങനെ നീളുകയാണ്. അമ്മയ്ക്കും അച്ഛനും ഒപ്പമിരുന്ന് നമുക്കൊന്ന് ആലോചിച്ചാലോ അവയെ തുരത്താനുള്ള മറ്റു മാർഗങ്ങളെ കുറിച്ച്.

❖ ഒരു കഷ്ണം ശർക്കരയോ, കുറച്ചു പഞ്ചസാരയോ, ഒരു തേങ്ങാ കഷണമോ ഒക്കെ പറമ്പിന്റെ ഒരു മൂലയിൽ പതിവായി വച്ചുകൊടുത്താൽ

**ഒരു കഷ്ണം ശർക്കരയോ, കുറച്ചു പഞ്ചസാരയോ, ഒരു തേങ്ങാ കഷണമോ ഒക്കെ പറമ്പിന്റെ ഒരു മൂലയിൽ പതിവായി വച്ചു കൊടുത്താൽ ഉറുമ്പുകൾക്ക് വീട്ടിനകത്തുള്ള താത്പര്യം പാടെ മാറിക്കിട്ടും. കാരണം ആഹാരം പുറത്ത് വേണ്ടപ്പോൾ കിട്ടുന്നു ണ്ടല്ലോ. നമ്മൾ പതിവായി ഉപയോഗിക്കുന്ന ഉറുമ്പുനാശിനികൾ പലതരത്തിൽ നമ്മുടെ ആഹാരശൃംഖലയിൽ അടിഞ്ഞ് പാരി സ്ഥിതിക, ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.**

ഉറുമ്പുകൾക്ക് വീട്ടിനകത്തുള്ള താത്പര്യം പാടെ മാറിക്കിട്ടും. കാരണം ആഹാരം പുറത്ത് വേണ്ടപ്പോൾ കിട്ടുന്നുണ്ടല്ലോ. നമ്മൾ പതിവായി ഉപയോഗിക്കുന്ന ഉറുമ്പുനാശിനികൾ പലതരത്തിൽ നമ്മുടെ ആഹാര ശൃംഖലയിൽ അടിഞ്ഞ് പാരിസ്ഥിതിക, ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അത്തരം വിഷങ്ങൾ നമ്മൾ കഴിവതും ഒഴിവാക്കുന്നതാണ് നല്ലത്.

❖ കൊതുകിനെ തുരത്താൻ ഏറ്റവും ഉത്തമം ജനാലകളിലും വാതിലുകളിലും കൊതുകുവല അടിക്കുക എന്നതാണ്. ഇപ്പോൾ ധാരാളം പേർ രക്തത്തിൽ ഹീമോഗ്ലോബിന്റെ അളവ് കുറഞ്ഞ് ബുദ്ധിമുട്ടുന്നുണ്ട്. ശ്വസനത്തിലൂടെ രക്തത്തിൽ വേണ്ട ഓക്സിജൻ എത്തിച്ചേർന്നില്ലെങ്കിൽ പലതരം രോഗങ്ങൾക്കും നമ്മൾ അടിപ്പെടാം. കൊതുകുവല അടിച്ച ശേഷം വീട്ടിലെ ജനാലകൾ കഴിയുന്നത്ര നേരം തുറന്നിട്ട്, വീട്ടിനുള്ളിൽ കാറ്റോട്ടമുണ്ടാക്കൂ. കൂട്ടുകാരും ഒത്തുചേർന്ന് വീടുകൾക്കു ചുറ്റും ഒരു സ്ഥലത്തും വെള്ളം കെട്ടിനിന്ന് കൂത്താടി പെരുകുന്നില്ലെന്ന് ഉറപ്പാക്കുക.

❖ പിന്നെ എലികളെ കൊണ്ടുള്ള ബുദ്ധിമുട്ടാണ്. എലി പതിവായി കയറുന്ന വഴികൾ വയർ മെഷ് കൊണ്ട് അടയ്ക്കുകയാണ് ഒരു മാർഗം. പിന്നെ ചെയ്യാവുന്നത് കെണിയിൽ പിടിച്ചിട്ട് ദൂരെ അധികം ആൾപ്പാർപ്പില്ലാത്തതും എന്നാൽ ഇരപിടിയന്മാരായ ജീവികൾ ഉള്ളതുമായ സ്ഥലങ്ങളിൽ അവയെ തുറന്നുവിടുക എന്നതുമാണ്. പലപ്പോഴും നമ്മൾ ജീവിക്കുന്ന സ്ഥലങ്ങളിൽ ഇവ പെരുകുന്നത് രണ്ടു കാരണങ്ങളാലാണ്. ഒന്ന് ആവശ്യത്തിലധികം ഭക്ഷണം കിട്ടുന്നു. മറ്റൊന്ന് ഇരപിടിയന്മാർ ഇല്ലാത്തതിനാൽ അവയുടെ എണ്ണം നിയന്ത്രിക്കാൻ കഴിയാതെ വരിക. അതിനാൽ കുട്ടികളെന്ന നിലയിൽ നിങ്ങൾക്ക് ഈ രണ്ടു കാര്യങ്ങളിലും ശ്രദ്ധിക്കാവുന്നതാണ്. നമ്മൾ കഴിഞ്ഞ ലക്കത്തിൽ പറഞ്ഞു കഴിഞ്ഞു, ആഹാരം ബാക്കി വന്നാൽ, പകൽ, കോഴിയും നായയും പിന്നെ കാക്കയും അണ്ണാനും ഓലേഞ്ഞാലിയും ഒക്കെ ചുറ്റും ഉള്ളപ്പോൾ അവർക്കതു പങ്കുവയ്ക്കുക. കവറിൽ കെട്ടി പുറത്തെറിയാൻ തീരുമാനിച്ചാൽ എലി പെരുകാൻ നമ്മൾ കാരണക്കാരായി എന്നു കരുതാനേ നിവർത്തിയുള്ളൂ.

❖ ട്യൂബ് ലൈറ്റിന്റെ ഫ്രെയിമിനുള്ളിൽ ഒക്കെയാണ് പല്ലികൾ താമസിക്കാൻ ഇഷ്ടപ്പെടുന്നത്. അവയുടെ തുറന്ന ഭാഗങ്ങൾ കാർഡ്ബോർഡോ, തെർമോക്കോളോ വച്ചടച്ചാൽ ഒരു പരിധി വരെ അതും പരിഹരിക്കാം. അതോടൊപ്പം, ഇവ



41

ഓരോരുത്തരും നമ്മെപ്പോലെ അവർക്കും അർഹതപ്പെട്ട ഈ ഭൂമിയിൽ ജീവിക്കാൻ ശ്രമിക്കുകയാണ് എന്ന സത്യം നാം വിസ്മരിക്കാനും പാടില്ല.

❖ നിങ്ങളുടെ തെരുവിന് ഒരു ദാഹശമിനി കേന്ദ്രം ഉണ്ടാക്കാം. നല്ലൊരു മരത്തിനടിയിൽ ആയാൽ ഇത് ഏറെ ഉത്തമം. ഈ ചൂടത്ത്, വഴിയാത്രക്കാർക്കായി ഒരു അടച്ചു വച്ച മൺകലത്തിൽ വെള്ളം വയ്ക്കാം. പഴയ പോസ്റ്റുകളോ തടിപ്പലകകളോ ഉണ്ടെങ്കിൽ കുറച്ച് ഇഷ്ടികകളുടെ സഹായത്തോടെ ലളിതമായൊരു ഇരിപ്പിടവും തയ്യാറാക്കാം. യാത്രികർ ഒന്നു വിശ്രമിച്ചു പോകുമല്ലോ!

❖ മുതിർന്നവരുടേയും കൂട്ടുകാരുടേയും സഹായത്തോടെ നിങ്ങളുടെ പ്രദേശത്തെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ള കുടുംബത്തിന്, മാറിമാറി നിങ്ങളുടെ സൗഹൃദസംഘങ്ങൾക്ക് ആഹാരമെത്തിച്ചു കൊടുക്കാനായാൽ അതൊരു പുണ്യപ്രവൃത്തി ആകും. നാട്ടിൽ ബുദ്ധിമുട്ടുന്ന കുടുംബങ്ങൾ എത്രയുണ്ടെന്നും, അവർക്ക് എന്തൊക്കെ വേണമെന്ന് തിരിച്ചറിയാനും നിങ്ങൾക്കാവും. പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് നിങ്ങൾക്കധികമായുള്ള പഠനോപകരണങ്ങളും മറ്റും എത്തിച്ചു കൊടുക്കാനാവും.

❖ സ്കൂൾ തുറന്നാൽ ആദ്യ ഉത്സവം ലോക പരിസ്ഥിതിദിനമാണ്. വായുമലിനീകരണത്തിനെതിരെ പ്രവർത്തിക്കാൻ ലോകജനതയെ ആഹ്വാനം ചെയ്യാം. 'ഗ്രീനിംങ് ദ ബ്ലൂ' എന്നതാണ് വിഷയം. മനുഷ്യർ ഇന്നുണ്ടാക്കിയിട്ടുള്ള വളരെ കൂടുതൽ വിഷമകരമായ അവസ്ഥകൾക്കും പ്രശ്നങ്ങൾക്കും മരങ്ങൾക്ക് പരിഹാരം കണ്ടെത്താനാവും. നിങ്ങളുടെ എറ്റവും പ്രിയപ്പെട്ട കൂട്ടുകാരേയും ടീച്ചർമാരേയും മനസ്സിൽ കണ്ടുകൊണ്ട് ഇപ്പോഴേ നിങ്ങളുടെ പ്രിയപ്പെട്ട ചെടികളുടെ തൈകൾ കരുതാം. തേങ്ങയുടെ തൊണ്ട് കൂട്ടിക്കെട്ടി അതിൽ മണ്ണ് നിറച്ച് തൈകൾ നട്ടാൽ വെള്ളവും കുറച്ചു മതി, പ്ലാസ്റ്റിക്ക് എന്ന മലിനവസ്തുവിനെ ഒഴിവാക്കുകയും ചെയ്യാം. ആ തൈകൾ നിങ്ങളുടെ സൗഹൃദത്തിന്റെ മാറ്റു കൂട്ടട്ടെ.



**സ്കൂൾ തുറന്നാൽ ആദ്യ ഉത്സവം ലോക പരിസ്ഥിതിദിനമാണ്. വായുമലിനീകരണത്തിനെതിരെ പ്രവർത്തിക്കാൻ ലോകജനതയെ ആഹ്വാനം ചെയ്യാം. 'ഗ്രീനിംങ് ദ ബ്ലൂ' എന്നതാണ് വിഷയം. മനുഷ്യർ ഇന്നുണ്ടാക്കിയിട്ടുള്ള വളരെ കൂടുതൽ വിഷമകരമായ അവസ്ഥകൾക്കും പ്രശ്നങ്ങൾക്കും മരങ്ങൾക്ക് പരിഹാരം കണ്ടെത്താനാവും.**

❖ പലപ്പോഴും നമുക്ക് ഏറെ പരിചയമുള്ള മരങ്ങളും കുളങ്ങളും തോടുകളും ഒക്കെ നശിച്ചു പോകുന്നത് നമുക്ക് അവയുമായി നേരിട്ട് ഒരു ആശ്രിതത്വം ഇല്ലാതെ പോകുന്നതിനാലാണ്. ഈ അവധിക്കാലത്ത് അത്തരം കാര്യങ്ങൾക്ക് ഒരു തുടക്കം ഇടാം. സുഹൃത്താക്കാൻ ഒരു മരം, ചെന്ന് സ്വസ്ഥമായിരിക്കാൻ ഒരു കുളക്കടവോ, പുഴയുടെ തീരമോ, ഒത്തുചേർന്ന് കയറാൻ ഒരു കുന്നിൻ ചരിവ്, ചൂടത്ത് ആസ്വദിച്ച് കഴിക്കാൻ തൊടിയിലെ മാവിന്റേയും പ്ലാവിന്റേയും ഫലങ്ങൾ, ദാഹം ശമിപ്പിക്കാൻ മൺകൂജയിലെ വെള്ളം അങ്ങനെ ഓരോന്ന്. പ്ലാസ്റ്റിക്ക് കുപ്പികളിലെ വെള്ള

ത്തിനോടും കീടനാശിനികൾ നിറച്ച് മാർക്കറ്റിലെത്തുന്ന ഫലങ്ങളോടും പച്ചക്കറികളോടും തന്ത്രത്തിൽ നമുക്കു ഗുഡ്ബൈ പറയാം.

❖ മഴയ്ക്കു മുമ്പായി പറമ്പുള്ളവർ മരങ്ങൾക്കു ചുറ്റും തടമെടുത്ത് മഴവെള്ളത്തെ മണ്ണിലിറക്കാൻ തയ്യാറാകുന്നത് നല്ലതാവും. മുതിർന്ന കുട്ടികൾ കായികമായി പങ്കെടുക്കുകയും ചെറിയ കുട്ടികൾ ഇപ്പോഴത്തെ കിണറിലെ ജലനിരപ്പും മഴക്കാലത്തെ ജലനിരപ്പും ഇനി വരുന്ന വർഷങ്ങളിൽ അത് എങ്ങനെ ആയിരിക്കും എന്ന് മോണിറ്റർ ചെയ്യാനും സഹായിക്കാവുന്നതാണ്.

❖ കുറച്ചു വായന ഈ അവധിക്കാലത്ത് തുടങ്ങണം. ടോട്ടോച്ചാനും ലിറ്റിൽ പ്രിൻസും ആൻ ഫ്രാങ്കിന്റെ ഡയറിയുമൊക്കെയായി അതങ്ങ് തുടങ്ങി വച്ചാലോ? കൂട്ടുകാർ വായിക്കണം. വായനയാണ് അറിവിന്റെയും ചിന്തയുടേയും വിഹായസ്സ് നിങ്ങളുടെ മുന്നിൽ തുറന്നുതരിക.

❖ വീട്ടിനു ചുറ്റുമുള്ള സസ്യങ്ങളുടേയും ജീവജാലങ്ങളുടേയും ഒരു പട്ടിക തയ്യാറാക്കാൻ തുടങ്ങുക. സസ്യശേഖരത്തിൽ മരുന്നു ചെടികൾ ഉണ്ടെങ്കിൽ അതിന്റെ ഒരു പട്ടിക തയ്യാറാക്കി, ഉപയോഗങ്ങൾ കുറിച്ചു വയ്ക്കുക. പുതുതായി കാണുന്ന, മനസ്സിലാക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്താൻ മറക്കരുത്. അവയെ പറ്റി കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക. മണ്ണിനടിയിലെ മാന്ത്രികരാണ് മണ്ണിരകൾ. അവരില്ലാതായാൽ നമ്മൾ ഇല്ല. അതിനാൽ തന്നെ അവശേഷിക്കുന്ന പച്ചപ്പ്, അത് മാമരം ആയാലും ചെറു പുൽക്കൊടികൾ ആയാലും നശിപ്പിക്കാതിരിക്കാൻ ശ്രമിക്കുക.



❖ ഏറ്റവും ഒടുവിൽ നിങ്ങളുടെ ഡയറി എടുക്കുക. മൊത്തത്തിൽ വിലയിരുത്തിയ ശേഷം ഞങ്ങളുമായി നിങ്ങളുടെ അനുഭവങ്ങൾ, കണ്ടെത്തലുകൾ, വിലയിരുത്തലുകൾ ഒക്കെ പങ്കുവയ്ക്കുമല്ലോ! ഞങ്ങളോടു മാത്രമല്ല തിരികെ സ്കൂളിലെത്തുമ്പോൾ അവിടത്തെ കുട്ടുകാരോടും പങ്കുവയ്ക്കുക. നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.

1900 തുടങ്ങി 2000-ാം ആണ്ടു വരെ വരുന്ന നൂറു വർഷങ്ങളുടെ കണക്കെടുക്കുകയാണെങ്കിൽ ഭാരതത്തിന്റെ ശരാശരി ചൂട് 29° സെൽഷ്യസിനും 31° സെൽഷ്യസിനും ഇടയിലായിരുന്നു. തണലുകളൊക്കെ അപ്രത്യക്ഷമായി ഇന്നത് 45° സെൽഷ്യസിനടുത്ത് നിൽക്കുകയാണ്.

കൂട്ടായി പ്രവർത്തിച്ചാൽ കുറച്ചു വർഷങ്ങൾക്കപ്പുറമെങ്കിലും നമുക്കതു തിരിച്ചു പിടിക്കാനായേക്കും. ഭൂമിയിൽ ജീവൻ നിലനിൽക്കാൻ നമ്മളതു ചെയ്തേ മതിയാകൂ.

പ്രിയങ്കരിയായ ഈ ഭൂമി, ലാഭചിന്തയും സ്വാർത്ഥരുമായ ചില മനുഷ്യർക്കു വേണ്ടി അതിഭീകരമായ ക്ഷതങ്ങൾ അനുഭവിച്ച് പ്രതിരോധശേഷി ആകെ തകർന്ന് രോഗാതുരയാണിന്ന്.

കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം എന്നൊക്കെ നാം ഈ രോഗലക്ഷണങ്ങൾക്കു പേർ വിളിക്കും. അതിരൂക്ഷമായ കാലാവസ്ഥാവ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ ഒരുമിച്ചു ചേർന്ന് ഭൂമിയമ്മയുടെ മുറിവുകൾ ഉണക്കാനും പ്രതിരോധശേഷി വർധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരാം.

# മാനവീയം

മാളത്തിൽ വെള്ളം കയറിയപ്പോൾ മൂർഖൻ പുറത്തുചാടി. ഒരു വിധത്തിൽ നീന്തി അടുത്തുള്ള വീട്ടിലെത്തി. വീട് മുക്കാലും മുങ്ങിയിരിക്കുകയാണ്. മൂർഖൻ മേൽപ്പുരയിൽ അഭയംതേടി. രക്ഷപ്പെട്ട ആശ്വാസത്തോടെ ചുറ്റും നോക്കിയപ്പോഴാണ് തൊട്ടടുത്തുതന്നെ ഒരു ചങ്ങാതി നനഞ്ഞുവിറച്ചിരിക്കുന്നതുകണ്ടത്. മറ്റാരുമല്ല. പുഴയോരത്തെ പൊന്തപ്പടർപ്പിൽ താമസമാക്കിയ ചെങ്കീരി.

മൂർഖന്റെ ചങ്കൊന്നു പിടഞ്ഞു. പക്ഷേ, കീരിയാകട്ടെ കണ്ടിട്ടും കാണാത്തമട്ടിൽ ഇരിക്കുകയാണ്.

അപ്പോഴതാ മറ്റൊരാൾകൂടി പ്രളയജലത്തിൽ ഒഴുകിവരുന്നു. അത് മറ്റാരുമായിരുന്നില്ല, ഒരെലി.

ചങ്ങാതി ഇടംവലം നോക്കാതെ പുരപ്പുറത്തേക്കു നീന്തിക്കയറി. ശരീരം കുടഞ്ഞ് തലയുയർത്തി. തൊട്ടുപിന്നിൽ ഉലക്കപോലത്തെ കരിമൂർഖനെ കണ്ടപ്പോൾ ചങ്ങാതിയുടെ പാതിജീവൻ പോയി. പക്ഷേ, മൂർഖൻ അനങ്ങിയില്ല. ഒരു താപസനെപ്പോലെ പത്തിയൊതുക്കി ചുരുണ്ടുകിടന്നു.

സമയം കടന്നുപോയി. വെള്ളം ഉയർന്നുകൊണ്ടേയിരുന്നു. എലി ഇരിപ്പുറപ്പിച്ചയിടത്തും വെള്ളമെത്തി. തൊട്ടടുത്ത് പാമ്പാണ്. പക്ഷേ മാർഗമെന്ത്? എലി രണ്ടും കൽപ്പിച്ച് പാമ്പിന്റെ പുറത്തുകയറിയിരുന്നു. അപ്പോഴും പാമ്പ് അനങ്ങിയില്ല.

വെള്ളം പാമ്പിരിക്കുന്ന ഉയരത്തിലും എത്തി. പാമ്പ് എലിയെയും കൊണ്ട് കീരിയുടെ പുറത്തേക്ക് ഇഴഞ്ഞുകയറി. കീരി എതിർപ്പൊന്നും കാണിച്ചില്ല.

അപ്പോഴതാ ഒരാൾകൂടി നീന്തിവരുന്നു. അയാൾ നേരെ മേൽപ്പുരയിൽ കയറിയിരുന്നു. അടുത്ത നിമിഷം പുരപ്പുറത്തെ കാഴ്ചകണ്ട് 'അയ്യോ' എന്നു നിലവിളിച്ചു പുറകോട്ടുമാറി. പിന്നെ, പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞുവച്ച സ്മാർട്ട്ഫോൺ പുറത്തെടുത്ത് ചറപറാന്ന് പത്തിരുപത് ഫോട്ടോയെടുത്തു. അഞ്ചാറ് സെൽഫിയും. തുടർന്ന് പുരപ്പുറത്തേക്കു ചാഞ്ഞുനിൽക്കുന്ന മരത്തിൽനിന്നും ഒരു ചില്ലയൊടിച്ച് മൂന്നിനെയും തല്ലിക്കൊന്നു.

അനന്തരം അയാൾ താനെടുത്ത ഫോട്ടോയും സെൽഫിയും വിവിധ ഗ്രൂപ്പുകളിലേക്ക് പോസ്റ്റു ചെയ്തുതുടങ്ങി.



വര: സുജിത് പി വി



# എന്തുകൊണ്ട്?

മനോഹർ ഇരിങ്ങൽ

സൂര്യനുദിക്കവേ
എന്നുമെന്നും
മാനം ചുവക്കുന്നതെന്തുകൊണ്ട്?

നേരം പുലരവേ
പൂങ്കോഴികൾ
കൂവിത്തെളിയുന്നതെന്തുകൊണ്ട്?

അന്തി കറുക്കവേ,
വാനിൽ നീളെ
താരങ്ങൾ മിന്നുന്നതെന്തുകൊണ്ട്?

മിന്നാമിനുങ്ങിന്റെ
വെട്ടമെന്നും
മിന്നിത്തെളിയുന്നതെന്തുകൊണ്ട്?

കടൽത്തിരമാലകൾ
പണ്ടുപണ്ടേ
തുള്ളിമറിയുന്നതെന്തുകൊണ്ട്?

പൂക്കൾ വിടരവേ;
പൂവാടിചുറ്റി
തുമ്പികൾ പാറുന്നതെന്തുകൊണ്ട്?

രാവുകളെത്തവേ;
നാമെല്ലാരും
നിദ്രകൊണ്ടീടുന്നതെന്തുകൊണ്ട്?

വര: സചീന്ദ്രൻ കാറഡുക്ക

# ആദിയുടെ ഉത്സവം

**പ്രേമജ ഹരീന്ദ്രൻ**

ഉച്ചവെയിൽ ചാഞ്ഞു തുടങ്ങുന്നേയുള്ളൂ. ആദി ഒറ്റയ്ക്കു നടന്നു. ധൃതിയിൽ...

'വേണ്ട, ആരും കൂട്ടു വേണ്ട.'

അവൻ തന്നത്താൻ പറഞ്ഞു. ഏഴുദിവസത്തെ ഉത്സവം ഇന്ന് തുടങ്ങുകയാണ്. ഉത്സവപ്പറമ്പിലേക്ക് ആളുകൾ വന്നു തുടങ്ങുന്നതേയുള്ളൂ. കൂടെ പഠിക്കുന്ന കൂട്ടുകാരെല്ലാരുമുണ്ട്. അവരെല്ലാം അവരവരുടെ അച്ഛനമ്മമാരോടൊപ്പമാണ് വന്നിരിക്കുന്നത്. അവരോടൊക്കെ അകാരണമായി ഒരു വെറുപ്പ് ഉള്ളിലൂറിക്കൂടി.

അച്ഛനമ്മമാരോടോപ്പം താൻ ഉത്സവത്തിനു വരുന്ന രംഗം ആദി മനസിൽ ഓർമിച്ചുനോക്കി.

'ഇല്ല; അങ്ങനെയൊന്ന് ഒരിക്കലും ഉണ്ടാകില്ല. കുടിച്ച് കാലു നിലത്തുറയ്ക്കാത്ത അച്ഛൻ. എന്നും കരയാൻ തുടങ്ങുന്ന മുഖവുമായി അമ്മ. വേണ്ട ആരും വേണ്ട, ഞാൻ ഒറ്റയ്ക്ക് മതി.'

രാജനെ കൂട്ടാമായിരുന്നു. പാവം! അവന്റെ അച്ഛൻ മരിച്ചു പോയി. അമ്മയ്ക്ക് എപ്പോഴും അസുഖമാണ്. അമ്മ ഉണ്ടാക്കുന്ന കയർ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നത് കാലു വയ്യാത്ത രാജനാണ്. രാജനെപ്പറ്റി ഓർത്തതേയുള്ളൂ. ദാ! പൊട്ടി വീണതുപോലെ അവൻ മുന്നിൽ നിൽക്കുന്നു.

"ആദീ, അമ്മയ്ക്ക് വലിവു കൂടുതലാ. മരുന്നു വാങ്ങണം. പത്തു രൂപേടെ കുറവുണ്ട്. നിന്റെ കൈയിലുണ്ടോ?"

ഇല്ലെന്ന് പറയാനാണ് ആദ്യം തോന്നിയത്. പക്ഷേ വലിവ് കൂടി കണ്ണുമിഴിച്ച് ആഞ്ഞാഞ്ഞു ശ്വാസം വലിക്കുന്ന രാജന്റെ അമ്മയുടെ മുഖം ആലോചിച്ചപ്പോൾ അറിയാതെ കൈ ട്രൗസറിന്റെ കീശയിലേക്കു നീണ്ടു. മുഷിഞ്ഞ രണ്ട് പത്തിന്റെ നോട്ടുകളുണ്ട്, അതിൽ നിന്ന് ഒന്നെടുത്ത് രാജന്റെ കൈയിൽ വെച്ചു കൊടുത്തു.

വയ്യാത്ത കാലും വലിച്ചു വലിച്ച് രാജൻ പോകുന്നത് ആദി നോക്കിനിന്നു. കൈയിലെ പത്തു രൂപാ നോട്ട് കീശയിലിടാൻ തുടങ്ങുമ്പോൾ അമ്മ ആ രൂപ തന്ന രംഗം ആദി ഓർത്തു. അച്ഛൻ കാണാതെ ഒളിച്ചൊളിച്ച് അടുക്കളയുടെ മൂലയിൽ വിളിച്ച് ട്രൗസറിന്റെ കീശയിൽ രൂപയിട്ടുകൊണ്ട് അമ്മ പറഞ്ഞു.

"അച്ഛൻ കാണണ്ട, പഠിക്കാതെ തെണ്ടി നടക്കുന്നുവെന്ന് പറഞ്ഞ് വഴക്കുണ്ടാക്കും. അധികം ചുറ്റിനടക്കാതെ വേഗമിങ്ങ് വരണേ മോനേ. ഈ പൈസകൊണ്ട് കിട്ടുന്നതെന്തെങ്കിലും വാങ്ങിത്തിന്നോ?"

"അമ്മ വരുന്നില്ലേ ഉത്സവം കാണാൻ?"

വെറുതേ ചോദിച്ചതാണ്. അമ്മ ഒരിക്കലും വീടിന് പുറത്തിറങ്ങുന്നത് കണ്ടിട്ടേയില്ല.

പാവം അമ്മ! എത്ര വലിയ വീട്ടിൽ എന്തു വലിയ നിലയിൽ കഴിഞ്ഞതാണ്! അച്ഛന്റെ കൂടെ ഇറങ്ങിവന്നതിൽപ്പിന്നെ എല്ലാം പോയി, പലപ്പോഴായി അമ്മ പറഞ്ഞ് ചിലതൊക്കെ ആദിക്കുമറിയാം. എന്നാലും അമ്മ അച്ഛനെ കുറ്റം പറയാറേയില്ല.

അച്ഛനെ ഓർത്തപ്പോൾ തന്നെ ആദി നടുങ്ങി, കൈയിൽ



വര: സുജിത് പി വി

ചൂരലുമായി അച്ഛൻ 'എടാ' എന്നുവിളിക്കുന്നതുപോലെ അവനു തോന്നി.

ഈ പത്തുരൂപാ ഭണ്ഡാരത്തിലിട്ട് 'അച്ഛന്റെ ശല്യം തീർക്കണേ ഭഗവതി' എന്ന് പ്രാർഥിച്ചാലോ?

അപ്പോഴാണ് അടുത്തുള്ള ചന്ത ആദിയുടെ ശ്രദ്ധയിൽ പെട്ടത്. മഴവില്ലിന്റെ ഭംഗിയുള്ള ധാരാളം മാലകളും വളകളും കളിപ്പാട്ടങ്ങളും നിരത്തിവെച്ചിരിക്കുന്നു.

ആദി ഓരോ കളിപ്പാട്ടവും സൂക്ഷിച്ചുനോക്കി. അവന്റെ ക്ലാസിലെ രാജുവിനും സാവിത്രിക്കുമൊക്കെ ധാരാളം കളിപ്പാട്ടങ്ങളുണ്ട്.

''കളിപ്പാട്ടം വേണോ കുട്ടീ?''

കടക്കാരൻ ചോദിച്ചു. അവൻ വേണ്ടെന്ന് തലയാട്ടി. അവന്റെ നോട്ടം മുഴുവൻ അവിടെയുള്ള മാലയിലേക്കായിരുന്നു. സ്വർണ നിറത്തിലുള്ള നല്ല മാല.

ഒരുനിമിഷം അവൻ അമ്മയുടെ ഒഴിഞ്ഞ കൈയും കഴുത്തും ഓർമിച്ചു. കഴിഞ്ഞ ആഴ്ചയാണ് അച്ഛൻ കുടിക്കാനായി അമ്മയുടെ താലിമാല പൊട്ടിച്ചുകൊണ്ടുപോയത്. അപ്പോഴും അമ്മ മൗനമായി കരഞ്ഞതേയുള്ളൂ. ഒന്നും മിണ്ടിയില്ല. ചീത്ത പറഞ്ഞില്ല.

''ഈ മാലയ്ക്കെന്താ വില?''

''ഇരുപതു രൂപ. വേണോ?''

രാവിലെ മുതൽ ഒന്നും കഴിച്ചിട്ടില്ല. നല്ല വിശപ്പുണ്ട്. കരിമ്പിൻ ജ്യൂസ് കുടിക്കണമെന്ന് കുറേക്കാലമായി ആഗ്രഹിക്കുന്നു. നല്ല ചില്ലുഗ്ലാസിൽ മുകളിലേക്കു പൊങ്ങിവരുന്ന പതയുമായി ഇളം പച്ച നിറത്തിലുള്ള കരിമ്പിൻ ജ്യൂസ് അടിച്ചെടുക്കുന്നത് കൊതിയോടെ നോക്കിനിന്നിട്ടുണ്ട്. പക്ഷേ... പക്ഷേ... പക്ഷേ... ഇപ്പോൾ.

''പത്തു രൂപയ്ക്ക് ഈ മാല തരുമോ?''

''ഹേയ്, ഇല്ല പത്തു രൂപയ്ക്ക് വേണമെങ്കിൽ ഇത് തരാം.'' കടക്കാരൻ മറ്റൊരു മാല എടുത്തുനീട്ടി.

അതു കൈയിൽ വാങ്ങി നോക്കിക്കൊണ്ട് ആദി പറഞ്ഞു.

''മതി. ഇതു മതി.''

ആ മാല കഴുത്തിലണിഞ്ഞു നിൽക്കുന്ന അമ്മയെ ഓർത്തപ്പോൾ തന്നെ അവന് സന്തോഷം തോന്നി.

''ദാ പത്തു രൂപാ.''

കടക്കാരൻ അതു വാങ്ങാൻ തുടങ്ങുമ്പോഴേക്കും പിന്നിൽ നിന്ന് ആരോ അത് തട്ടിപ്പറിച്ചു.

'അച്ഛൻ!!!!'

''ടാ കുരുത്തം കെട്ടോനേ! പൈസ മോഷ്ടിച്ചു കൊണ്ടുവന്ന് കണ്ടടം നെരങ്ങി നടക്കുവാ അല്ലേ?''

ചെവിയടച്ച് ഒരു അടി വീണു. കണ്ണിൽ നിന്ന് പൊന്നീച്ച പറക്കുന്നതായി ആദിക്ക് തോന്നി. പത്തു രൂപയും. കീശയിലിട്ട് ആടിയാടി നടന്നുപോകുന്ന അച്ഛനെ നോക്കി നിന്നപ്പോൾ അവന് കരച്ചിലല്ല അമർഷമാണ് നുരഞ്ഞുപൊന്തിയത്.

''ദുഷ്ടൻ! ഒരു കല്ലെടുത്ത് ഒറ്റയേറ് വെച്ചു കൊടുത്താലോ? വേണ്ട, എത്രയായാലും അച്ഛനല്ലേ.'' അവൻ ആ മാല കടക്കാരനു തന്നെ തിരിച്ചുകൊടുത്തു.

സന്ധ്യകഴിഞ്ഞ് ആദി വീട്ടിലെത്തുമ്പോൾ അമ്മ വഴിയിലേക്ക് ഇറങ്ങി അവനെയും നോക്കി നിൽപ്പായിരുന്നു.

''ഇതെന്താ മോനേ വൈകിയത്? ഇരുട്ടും വരെ എവിടെപ്പോയി? ഉത്സവമെങ്ങനെയുണ്ടായിരുന്നു? എത്ര ആനയുണ്ടായിരുന്നു?''

ഉത്തരം പറയാൻ കഴിയാതെ ആദി കുഴങ്ങി. പെട്ടെന്ന് അവൻ കീശയിൽ നിന്നും, സ്വർണ നിറത്തിലുള്ള മാലയെടുത്ത് അമ്മയുടെ കൈയിൽ വെച്ചു.

''അമ്മേ, ഇത് അമ്മയ്ക്കാ. ഞാൻ വാങ്ങിയതാ.'' അമ്മ അവനെ ചേർത്തുപിടിച്ചു. സന്തോഷംകൊണ്ട് അമ്മയുടെ കണ്ണുകൾ നിറയുമ്പോൾ ആദിക്ക് അഭിമാനം തോന്നി. അവൻ മനസ്സിൽ പറഞ്ഞു.

.''അമ്മേ, ഞാൻ വലിയ ആളായിരിക്കുന്നു. ഒരു ലോറിയിലുള്ള മൺപാത്രങ്ങൾ മുഴുവൻ ഇറക്കിവയ്ക്കാൻ സഹായിക്കാൻ കഴിവുള്ള അത്രയും വലിയ ആൾ!'' അമ്മയോടു ചേർന്നുനിന്നുകൊണ്ട് ആദി മനസ്സ് നിറഞ്ഞ് ചിരിച്ചു.



# അമ്മയുണ്മ

**കെ എൻ സുരേഷ്കുമാർ**



വര : ആശ ആർ

മറക്കില്ലൊരിക്കലും
മധുരം വിളമ്പും
മനസ്സെനിക്കേകിയ
മധുരക്കലവറ

നിറയുമെൻ ഹൃദയത്തിൽ
ഉറവ വറ്റാതെന്നും
നീയെനിക്കേകിയ
ആനന്ദത്തേൻമഴ

പുലരിക്കൊടിത്തുമ്പിൽ
പുതുമകൾ കോർക്കുന്ന
മാണിക്യ മണിമുത്തു
പോലെയീ സ്നിഗ്ധത

ഒഴുകി ഒഴിയാറില്ല
ഉരുകി വറ്റാറില്ല
ആർദ്രമായ് പെയ്തിടും
സ്നേഹമഴയാണമ്മ.

അമ്മയാകാശമാ
ണെങ്ങും പരക്കുന്ന
അമ്മയൊരു നന്മയാ
ണെങ്ങുമുണ്മ.



കുട്ടിക്കവിത

# പേരക്കിടാവിന്റെ പാട്ട്

**ജോസ് ഗോതുരുത്ത്**



വര: സചീന്ദ്രൻ കാറഡുക്ക


അപ്പൂപ്പൻ കവിതയെഴുതി
അതിലമ്മൂമ്മ കവിഞ്ഞൊഴുകി
അക്കവിത ഞാനൊന്നു പാടി
അപ്പൂപ്പൻ കണ്ണടച്ചിരുന്നാടി.

പിന്നെ, ഞാൻ നോക്കുമ്പം
അപ്പൂപ്പന്റെ കണ്ണിൽ നിന്നും
അമ്മൂമ്മ അടരും തുള്ളികളായി
ഇറങ്ങി, യിറങ്ങി വരുന്നു!

കഥ

# വലിപ്പം ദുഃഖമാണുണ്ണി

രാജേശ്വരി തോന്നയ്ക്കൽ



വര: ദേവപ്രകാശ്

ഭുവനേശൻ നമ്പൂതിരിയുടെ മനയ്ക്കകത്ത് തെക്കുഭാഗത്തായിരുന്നു ആനപ്പന്തി. അവിടെയുള്ള ഒരു കരിമ്പനമരത്തിലാണ് നമ്പൂതിരിയുടെ ആനയായ നീലകണ്ഠനെ തളച്ചിരിക്കുന്നത്. ആനപ്പന്തിയുടെ പിന്നാമ്പുറത്തുള്ള വരാന്തയുടെ ഒരു കോണിൽ ഒരു കുഴിയാന കുടുംബം പാർത്തിരുന്നു. അച്ഛനും അമ്മയും മക്കളും സദാ കുഴി നിർമിക്കുകയും അതിനുള്ളിൽ ഒളിച്ചുകിടക്കുകയും ചെയ്യും.

നീലകണ്ഠനെ പരിചരിക്കാനും കാണാനും ഓരോരോ എഴുന്നെള്ളത്തിനു കൊണ്ടുപോകാനും മറ്റും അവിടെ സദാ പലരും വന്നുപോയിരുന്നു.

കുട്ടിക്കൂട്ടങ്ങൾക്ക് ആനയെ കണ്ടാലും കണ്ടാലും മതിവരാത്തപോലെ. മനയിൽ ചുറ്റുവട്ടത്തുനിന്നും പല കുട്ടികളും ആനയെ കാണാൻ വരാറുണ്ട്. വന്നാലോ, സമയത്തും നേരത്തും മടങ്ങിപ്പോവോ? അതുമില്ല.


ഇതൊക്കെ കണ്ട് കുഴിയാനകുടുംബത്തിലെ കുഞ്ഞന് വല്ലാത്ത അസ്വസ്ഥത.

''എന്തിനാ ഇങ്ങനൊരു ജന്മം. വംശം ഒന്നായിട്ടെന്താ? ആരെങ്കിലും തിരിഞ്ഞു നോക്കണൊണ്ടോ നമ്മെ?''

കുഞ്ഞൻ അമ്മയോടു പരാതിപ്പെട്ടു.

അമ്മ കുഞ്ഞനെ നല്ല വാക്കുകൾ പറഞ്ഞു സമാധാനിപ്പിച്ചു.

''കുഞ്ഞാ, നീ നമ്പൂതിരിയുടെ ചങ്ങാതിമാരു വന്നു പറയുന്ന വിശേഷമൊന്നും കേൾക്കുന്നില്ലേ? എവിടെ പോയാലും ജനക്കൂട്ടം പൊതിയും. ആളോളെ കണ്ടുകണ്ട് ആനയ്ക്കു മടുത്തു. ഒന്നു ദേഷ്യപ്പെട്ടാൽ, ഒന്നോടിയാൽ, അൽപ്പം സ്വാതന്ത്ര്യം കാട്ടിയാൽ മദമിളകീന്നു പറഞ്ഞ് ബഹളോം, പിന്നെ മയക്കുവെടീം. ഒന്നും പറേണ്ട. മാത്രോല്ല, ഈ പാപ്പാൻമാരു കുടിച്ചേച്ചുവന്നു കാട്ടുന്ന കോപ്രായോം പീഡനോം ഒക്കെ സഹിക്കണം. മലേടെ മോളീന്ന് എടുക്കാൻ വയ്യാത്ത തടീം കൊണ്ട് ഇറങ്ങണം. അൽപ്പം മടികാട്ടിയാൽ പാപ്പാൻ ഒത്തിരി ഉപദ്രവിക്കും. അമ്പലത്തില് എഴുന്നെള്ളത്തിനു പോയാല് നാഴൂരി നെല്ല് വാങ്ങാനായി പറയെടുപ്പ് എന്ന പേരിൽ കാടും മേടും കുന്നും കുഴീം ചവിട്ടിത്തൊഴിച്ച് എരിവെയിലത്ത് ദാഹിച്ചു പൊരിഞ്ഞുനടക്കണം. കുഞ്ഞാ... നീ ഓർത്തുനോക്ക്... വലിപ്പം എത്ര ദുഃഖമാണെന്ന്. നമ്മുടെ ഈ വലിപ്പക്കുറവ്... ഈ നിസ്സാരതയാണ് സുഖം. സ്വസ്ഥത. സ്വാതന്ത്ര്യം. സമാധാനം. കുഞ്ഞാ... ഇനി പറയ്, നിനക്ക് നമ്പൂരീടെ നീലാണ്ടനാവണോ?''



# മഹാഭാരതം

സുഗതകുമാരി

ഭീഷ്മർ വീണപ്പോൾ സൈന്യങ്ങൾക്കിടയിൽ ഹാഹാ എന്നു നിലവിളി മുഴങ്ങി. പാഞ്ചാലരും സുഹൃത്‌രാജാക്കന്മാരും വാദ്യപടഹങ്ങൾ ഘോഷിച്ചു. ഭീമൻ കൈകൊട്ടിയാർത്ത് അട്ടഹസിച്ചു. കുരുസേനകൾ പരിഭ്രമിച്ചു ചിതറിയോടി. പലരും മോഹിച്ചുവീണു. പലരും പൊട്ടിക്കരഞ്ഞു. ആ മഹാന്റെ കിടപ്പുകണ്ട് മനംനൊന്ത് പാണ്ഡവർ ചുറ്റുംചെന്നു തൊഴുകൈയോടെ നിന്നു. ദുര്യോധനാദികൾ കണ്ണുനീരോടെ പിതാമഹന്റെ ചുറ്റിലുമെത്തി. ഭീഷ്മർ പതുക്കെ പറഞ്ഞു. 'സ്വാഗതം, ഹേ മഹാന്മാരേ, വീരന്മാരേ, എനിക്ക് സന്തോഷമായീ നിങ്ങളെ കണ്ടതിൽ. നോക്കുവിൻ, എന്റെ ശിരസ്സ് തൂങ്ങിക്കിടക്കുന്നു. ഉപധാനം വേണമെനിക്ക്.' ദുര്യോധനന്റെ ആജ്ഞയനുസരിച്ച് സേവകർ നിമിഷത്തിനകം പട്ടുതലയണകൾ കൊണ്ടുവന്നു. പിതാമഹൻ പുഞ്ചിരിച്ചുകൊണ്ട് അർജുനനോടു പറഞ്ഞു. 'ഉണ്ണീ എനിക്ക് ചേരുന്ന ഉപധാനം തരൂ.' കണ്ണീർനിറഞ്ഞ കണ്ണുകളുമായി അർജുനൻ ഗാണ്ഡീവമെടുത്തു മൂന്നമ്പുകൾ പായിച്ച് നിലത്ത് തറപ്പിച്ച് അവയുടെ കഴുകൻതൂവലണിഞ്ഞ പിന്നറ്റങ്ങളാൽ പിതാമഹന്റെ ശിരസ്സിന് താങ്ങു നൽകി. ശരശയ്യയിൽ കിടക്കുന്ന ആ മഹാപുരുഷൻ സന്തോഷിച്ച് അർജുനന് അനുഗ്രഹം നൽകി.

'ദാഹിക്കുന്നു' എന്ന് ഭീഷ്മർ പറഞ്ഞപ്പോഴേക്കു ദുര്യോധനഭൃത്യന്മാർ വിവിധതരം പാനീയങ്ങളുമായെത്തി. പാർഥനാകട്ടെ ഒറ്റബാണം തൊടുത്ത് ഭൂമിയിൽ തറപ്പിച്ചു. ഒരു തെളിഞ്ഞ ജലധാര സീൽക്കാരത്തോടെ ഉയർന്നുവന്നു. ശുഭവും സുഗന്ധിയുമായ ആ ജലംകുടിച്ചു പിതാമഹൻ ദാഹം തീർത്തു. എന്നിട്ട് പറഞ്ഞു. 'ദുര്യോധന, ഉണ്ണികളേ, ഇത് ദക്ഷിണാപഥകാലമാണ്. ഏഴ് കുതിരകളെ പൂട്ടിയ തേരിൽ തേജസ്സാർന്ന സൂര്യദേവൻ ഉത്തരായനത്തിലേക്കു തിരിയുംവരെ ഞാൻ ഇങ്ങനെതന്നെ കിടക്കും. പിന്നീട് മാത്രമേ പ്രാണൻ വെടിയുകയുള്ളൂ. ഉണ്ണികളേ, ഈ വൈരം മതിയാക്കുവിൻ. യുദ്ധം നിർത്തുവിൻ.' കൗരവകുമാരന്മാർ മിണ്ടാതെ നിൽക്കുന്നതു കണ്ട ഭീഷ്മർ പറഞ്ഞു. 'ശരി. എനിക്ക് രക്ഷയ്ക്കായി ചുറ്റും കിടങ്ങ് കുഴിപ്പിക്കണം. അതിനപ്പുറത്തേക്കു നീക്കുക നിങ്ങളുടെ യുദ്ധം.' കിടങ്ങുകൾ കുഴിക്കപ്പെട്ടു. രക്ഷകർ നിശ്ചലരായി കാവൽനിൽപ്പായി.

ശരശയ്യയിൽ കഠിനവേദനയിൽ ശാന്തനായി കിടക്കുന്ന ആ മഹാപുരുഷനെ കണ്ണുനീരോടെ മൂന്നുവട്ടം വലംവെച്ചു നമസ്കരിച്ച് പാണ്ഡവന്മാർ കൈനിലപൂകി. ഭീഷ്മരെ കാണുവാൻ വീണ്ടും വീണ്ടും ജനങ്ങൾ വന്നുകൊണ്ടേയിരുന്നു. കന്യകമാർ കുളുർത്ത ചന്ദനധാര അദ്ദേഹത്തിന്റെമേൽ തൂകി. ദുഃഖിതനായി നിൽക്കുന്ന ദുര്യോധനനോട് ഭീഷ്മർ വീണ്ടും ഉപദേശിച്ചു. 'ഉണ്ണീ, വംശനാശം വരുത്തുന്ന ഈ വൈരം ഉപേക്ഷിക്കൂ. നിന്റെ സഹോദരന്മാരാണ് പാണ്ഡവരെന്നോർത്ത് അവരുമായി സന്ധിചെയ്യൂ. നിനക്കുവേണ്ടി പടയൊരുക്കി വന്നിരിക്കുന്ന ഈ രാജാക്കന്മാരെ മുഴുവൻ നീ കൊല്ലിക്കരുത്. അവരെല്ലാവരും സ്വന്തം ഭടന്മാരോടുകൂടി മടങ്ങിപ്പോയി തങ്ങളുടെ പ്രിയപ്പെട്ടവരുമായി ഒത്തുചേരട്ടെ. നാട്ടിൽ ശാന്തിയുണ്ടാവട്ടെ. എന്റെ അവസാനത്തെ ഉപദേശമാണിത്. അനുസരിക്കൂ ഉണ്ണീ, അല്ലെങ്കിൽ സർവനാശത്തിന് തയ്യാറായിക്കൊള്ളൂ.' ദുര്യോധനൻ ഒന്നും മറുപടി നൽകാതെ തൊഴുതുമടങ്ങി.

എല്ലാവരും പൊയ്ക്കഴിഞ്ഞപ്പോൾ രാത്രി ഏറെച്ചെന്നപ്പോൾ ശരശയ്യയിൽ ഒറ്റയ്ക്കു കണ്ണടച്ചുകിടക്കുന്ന ആ മഹാവീരന്റെയരികിലേക്ക് ദുഃഖത്തോടെ, കുറ്റബോധത്തോടെ, തൊഴുകൈയുമായി കർണൻ വന്നെത്തി. 'മഹാപ്രഭോ, ഞാൻ രാധേയൻ, അങ്ങ് എന്നും ദേഷ്യപ്പെട്ടിരുന്നവൻ. കണ്ണു തുറന്ന് എന്നെയൊന്നു നോക്കിയാലും.' എന്നുകേട്ട് ഭീഷ്മർ ചുളിവീണ കണ്ണുകൾ വിടർത്തിനോക്കി. അമ്പുകൾ തറച്ച ഒറ്റക്കൈയുയർത്തി കർണനെ പുൽകി അനുഗ്രഹിച്ചു. 'കർണാ നീ രാധേയനല്ല, കൗന്തേയനാണ്, സൂര്യപുത്രനാണ് നീ. മഹാവീരനായ നിന്നോട്



## ഭീഷ്മർ വീഴുന്നു (തുടർച്ച)

എനിക്ക് വിരോധമൊന്നുമില്ല കുഞ്ഞേ. നീ പാണ്ഡവരെ നിന്ദിക്കുന്നതും ദ്രോഹിക്കുന്നതും കണ്ട് ഞാൻ ദേഷ്യപ്പെട്ടതാണ്. കുലഛിദ്രവും കുലനാശവും കണ്ട് ഞാൻ പരുഷം പറഞ്ഞു. ഉണ്ണീ, യുദ്ധം മതിയാക്കുക. സോദരരായ നീ പാണ്ഡവരുമായി ചേർന്ന് ഈ ഭീകരമായ നാശത്തിന് അറുതിവരുത്തുക.'

ഇതുകേട്ട് കർണൻ വന്ദിച്ചു പറഞ്ഞു. 'മഹാബാഹോ, ഈ രഹസ്യം എനിക്കറിവുള്ളതാണ്. ഉപേക്ഷിക്കപ്പെട്ടവനും നിന്ദിക്കപ്പെട്ടവനുമായ എന്നെ സ്വീകരിച്ചാദരിച്ച ദുര്യോധനനെ ഞാൻ കൈവെടിയുകയില്ല, വാസുദേവൻ പാണ്ഡവരോടൊപ്പം എങ്ങനെ നിൽക്കുന്നുവോ അങ്ങനെ ഞാനും കൗരവരോടൊപ്പം നിൽക്കുകതന്നെ ചെയ്യും. ക്ഷത്രിയർ ദീനക്കിടക്കയിലോ വാർധക്യത്താലോ മരിക്കാൻ പാടില്ല. അവർ യുദ്ധത്തിൽ മരിക്കയത്രേ ശ്രേയസ്സ്. ഈ വൈരം അവസാനിപ്പിക്കാൻ ആവാത്തതാണ്. പ്രഭോ, അർജുനനോട് ഞാൻ യുദ്ധം ചെയ്യും. അതിന് അനുമതി നൽകിയാലും. ഞാൻ ചെയ്ത അപരാധങ്ങൾക്ക് മാപ്പുതന്നാലും.'



വര: ജയേന്ദ്രൻ

ഭീഷ്മർ പറഞ്ഞു. 'കർണാ, ഞാൻ സമ്മതിക്കുന്നു. ഈ വൈരം ഒഴിവാക്കാൻ ആവാത്തതെങ്കിൽ നീ പോയി യുദ്ധംചെയ്യുക. ക്ഷത്രധർമത്തിലുറച്ച് ഗർവ് കൂടാതെ പൊരുതുക. കഷ്ടം, ഞാനെത്ര ശ്രമിച്ചിട്ടും ഈ ശാപം ഒഴിവാക്കാനായില്ലല്ലോ.'

ദു:ഖത്തോടെ കണ്ണടച്ചു മൗനിയായ ഭീഷ്മരെ വലംവെച്ചു വന്ദിച്ച് കർണൻ ദുര്യോധന സവിധത്തിലേക്കുപോയി. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## എന്റമ്മയുടെ ഡയറിക്കുറിപ്പിൽ നിന്നും ഒരേട്

(ശിവപ്രിയ, ക്ലാസ് 8,
ഗവ.എച്ച്. എസ്. എസ് അഞ്ചൽ)

സുഗതകുമാരി ടീച്ചർക്ക്,

എന്റെ അമ്മയുടെ ഡയറിയിൽ കണ്ട ഈ അനുഭവം എന്റെ കൊച്ചുകൂട്ടുകാർക്കായി എഴുതുന്നു.



കുട്ടിക്കാലത്തെ ഓർമകൾ നമ്മളെ കുട്ടികളാക്കാറുണ്ട്. നിറമുള്ള കുറേ ചിത്രങ്ങളാണ് ആ ഓർമകൾ. കഴിഞ്ഞുപോയ ഒരു നല്ല കാലത്തിന്റെ അല്ല, വസന്തകാലത്തിന്റെ പ്രതീകമാണ് ഇവ. ഓർമകളുടെ ചിറകിലേറി സഞ്ചരിച്ചപ്പോൾ ഞാനൊരു കൊച്ചുകുട്ടിയായി. ഒരു ഒന്നാംക്ലാസുകാരി. അപ്പൂപ്പന്റെ കൈയിൽ തൂങ്ങി ഒന്നാം ക്ലാസിൽ ചേരാൻ പോകുന്ന ആ കാഴ്ച ഇന്നും ഓർമകളിൽ നിറഞ്ഞുനിൽക്കുന്നു. സമൃദ്ധമായ ഗ്രാമീണഭംഗി ആസ്വദിച്ച് വഴിയരികിലെ കാവിൽ നാണയമിട്ടു പ്രാർഥിച്ച് നാട്ടുകാരോട് കുശലാന്വേഷണം നടത്തി സ്കൂളിലെത്തുന്ന കാഴ്ച മനസ്സിലെ നല്ലൊരു വസന്തമായി ഇന്നും നിലനിൽക്കുന്നു. ഇന്ന് കാറിൽ സ്കൂളിന്റെ മുറ്റത്ത് കൊണ്ടാക്കി തിരിച്ച് കാറിൽ വീട്ടിൽ കൊണ്ടാക്കുന്ന ബാല്യങ്ങൾക്ക് ആ കാലത്തിന്റെ നേരും നെറിയും സൗന്ദര്യവും ആസ്വദിക്കാൻ പറ്റാത്തത് ഒരു വലിയ നഷ്ടം തന്നെയാണ്. പരിസരത്തുള്ള കൂട്ടുകാരോടൊപ്പം പുസ്തകസഞ്ചിയും തൂക്കി സ്കൂളിൽ പോകുന്ന രംഗം ഇന്നും മനസ്സിന് സന്തോഷം നൽകുന്നു.

വീട്ടിൽ നിന്ന് സ്കൂളുവരെയുള്ള യാത്ര ഇന്നും മായാതെ മനസ്സിലുണ്ട്. കൂട്ടുകാരോടൊപ്പം ചേർന്നുള്ള ആ യാത്ര, പുളിമരച്ചുവട്ടിൽ നിന്ന് പുളിപെറുക്കിയും മാവിന്റെ ചുവട്ടിൽ കിടന്ന മാങ്ങ പെറുക്കിയുമുള്ള യാത്ര. എളുപ്പത്തിൽ എത്താൻ ഞങ്ങൾ വയലിൽ കൂടിയാണ് പോകാറ്. എന്നാൽ മാങ്ങയും പുളിയുമൊക്കെയുള്ള സമയങ്ങളിൽ വീട്ടിൽ നിന്ന് നേരത്തെ ഇറങ്ങി ഇവയൊക്കെ പെറുക്കും. അന്നത്തെ പുളിയുടെ സ്വാദ് ഇന്നും നാവിൽ അതുപോലെ അനുഭവപ്പെടും. വഴിയരികിലെ കാവിൽ നിന്ന് പൊഴിഞ്ഞുവീഴുന്ന ഇലയെടുത്ത് പുസ്തകത്തിൽ വച്ചില്ലെങ്കിൽ അന്ന് സ്കൂളിൽ നിന്ന് അടി കിട്ടും. ഇതൊരു അന്ധവിശ്വാസമായി ഇന്ന് തോന്നുമെങ്കിലും അന്നിതൊരു വിശ്വാസമായിരുന്നു. മൈനയെ ഒരു ശത്രുവായി കണ്ടിരുന്നു. കാരണം ഒരു മൈനയെ കണ്ടാൽ അടി ഉറപ്പാ എന്നായിരുന്നു വിശ്വാസം. പോകുന്ന വഴികളിൽ നിന്ന് ഉണ്ടക്കല്ലുകളുണ്ടെങ്കിൽ അതും പെറുക്കണം. കല്ലുകളിച്ചാൽ കടം കയറുമെന്നു പറഞ്ഞ് അമ്മ വീട്ടിൽ കല്ലുകളിക്കാൻ അനുവദിക്കില്ല. സ്കൂളിൽ അമ്മയുടെ അടിയെപ്പേടിക്കണ്ട. എന്തെല്ലാം കളികളായിരുന്നു ഞങ്ങൾ കളിച്ചത്. ഒറ്റക്കാലിൽ ഒന്തിച്ചെന്ന് തൊടുന്ന ഒന്തിതൊടീൽ, പൊട്ടിയ വളക്കഷണങ്ങൾ ചേർത്ത വളപ്പോസ്, ഈർക്കിൽ കഷണങ്ങൾ കൊണ്ടുള്ള ഈർക്കിലുകളി, ഒളിച്ചുകളിയായ സാറ്റ്, കള്ളനും പോലീസും, ആൺകുട്ടികളുടെ എറിപന്തുകളി, ഗോലികളി, കൈമടക്കി അതിൽ ഗോലി വച്ച് അടിക്കുമ്പോൾ അടികൊള്ളുന്നവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരും. കുട്ടിയും കോലും ഇങ്ങനെയിങ്ങനെ...

സ്കൂളടയ്ക്കുമ്പോൾ വീട്ടിൽ അമ്പലം പണിയും. വലിയ നല്ല കല്ലുകൾ. മരത്തിന്റെ ചുവട്ടിൽ വച്ച് നമ്മൾ പൂജാരിയാകും. പൂക്കളുപയോഗിച്ച് മാലകോർത്ത് കല്ലുവിഗ്രഹത്തെ അണിയിക്കും. പൂജാരി പൂജനടത്തും. ചുടുകട്ട പ്പൊടി ചന്ദനമാകും. പിന്നെ വീട്ടുകാർ കാണാതെ ഒരു ചന്ദനത്തിരിയൊക്കെ പൂജയ്ക്ക് എടുക്കും. കണ്ടാൽ അടി ഒറപ്പാ. ചീനിക്കമ്പുകൾ വച്ചുകെട്ടി കടയുണ്ടാക്കും. വട്ടയിലകൾ മേൽക്കൂരയാകും. ചിരട്ട ഉപയോഗിച്ച് ത്രാസ് ഉണ്ടാക്കി കച്ചവടം നടത്തും.

പാചകം ചെയ്യലാണ് അടുത്ത കളി. ചെമ്പരത്തിപ്പൂവും ഇലകളുമൊക്കെ അരിഞ്ഞ് കറികൾ ഉണ്ടാക്കും. കല്ലും മണ്ണുമാണ് ചോറ്. ചുടുകട്ടപ്പൊടിയിൽ വെള്ളം ചേർത്ത് സാമ്പാർ, വട്ടയിലയിൽ സദ്യ വിളമ്പുന്ന ഒരു രീതി അവസാനം ഉണ്ട്. ഇന്ന് കുഞ്ഞുങ്ങൾ വീടിനു വെളിയിൽ ഇറങ്ങുന്നില്ല. ഇറങ്ങിയാൽ തന്നെ മൊബൈലിൽ ആയിരിക്കും കളി.



വര: ഭാഗ്യനാഥ്

സ്കൂളിനടുത്തുള്ള കടയിൽ പലതരത്തിലുള്ള മിഠായികൾ കിട്ടും. അന്ന് കശുവണ്ടി കൊടുത്താൽ മിഠായി കിട്ടുമായിരുന്നു. തേനൂറുന്ന സ്വാദുള്ള തേൻമിഠായി, നാരങ്ങ മിഠായി, ഗ്യാസ് മിഠായി, അകത്ത് പൈസയുള്ള പൈസ മിഠായി, ബീഡി മിഠായി, ജീരക മിഠായി, എന്തെല്ലാം മിഠായികൾ. വീടിനടുത്തുകൂടി ണിം ണിം എന്നടിച്ചുകൊണ്ട് പോകുന്ന ഐസ്ക്രീം മാമൻ. മണിയടി കേൾക്കുമ്പോൾ മുതൽ വീട്ടിൽ പൈസയ്ക്കായി വഴക്ക് തുടങ്ങും. കരച്ചിൽ തുടങ്ങുമ്പോഴായിരിക്കും പൈസ തരുന്നത്. ഇന്ന് കടകളിൽ നിന്ന് വാങ്ങുന്ന ബ്രാൻഡ് ഐസ്ക്രീമുകൾക്കു പോലും പാലയിസിന്റെ സ്വാദില്ല.

വയലിലൂടെയുള്ള യാത്ര ഇന്നും മനസ്സിലുണ്ട്. പ്രകൃതിയുടെ സൗന്ദര്യം നെൽവയലുകളിലാണ് എന്ന് മനസ്സിലാക്കാൻ ഇന്ന് പാലക്കാട് വഴിയോ തമിഴ്നാട് വഴിയോ യാത്ര പോകണം. നെല്ല് വിതയ്ക്കുന്നതു മുതൽ കൊയ്യുന്നതുവരെ കണ്ട് വയൽ വരമ്പിലൂടെ നടന്ന ബാല്യങ്ങളാണ് ഞങ്ങളുടേത്. കൊയ്ത്ത് ഒരു ഉത്സവം തന്നെയായിരുന്നു. കൊയ്യുന്നതിന് കുറച്ചുദിവസം മുന്നേ വീടിന്റെ മുറ്റം ചാണകം മെഴുകി വൃത്തിയാക്കും. കൊയ്ത്തുദിവസം സ്കൂളിനവധി പറയും. അവധിയല്ലട്ടോ, ആ ദിവസം സ്കൂളിൽ പോകില്ല. കൊയ്ത്തും കറ്റയടിയുമൊക്കെ ഇന്നും മനസ്സിലുണ്ട്. വൈക്കോലിനുമുകളിൽ കൂടി ചാടിമറിഞ്ഞ ബാല്യങ്ങൾ. ഇന്ന് തമിഴ്നാട്ടിൽ നിന്നും മറ്റും വൈക്കോൽ കയറ്റിയ ലോറികൾ കണ്ട് രസിക്കുന്നു. വയൽവരമ്പിലെ ചാലിലും കുളത്തിലുമിറങ്ങി മീനെ പിടിച്ചും പൂമ്പാറ്റയെ പിടിച്ചും മഴനനഞ്ഞു കളിച്ചും ചിരിച്ചും നടന്ന ആ നിഷ്കളങ്കബാല്യങ്ങൾ എങ്ങോ പോയിമറഞ്ഞു. ഇന്ന് സ്കൂൾവണ്ടിയിൽ കുത്തിനിറച്ച ബാല്യങ്ങളാണ് നമ്മൾ കാണുന്നത്.

വൃശ്ചികമാസത്തിൽ കാർത്തികപ്പൂ വയ്ക്കുന്ന പതിവ് ഞങ്ങളുടെ വീടുകളിൽ ഉണ്ടായിരുന്നു. സ്കൂൾ വിട്ട് വരുന്ന വഴിയിൽ നിന്ന് മൊട്ടുകൾ പറിച്ച് വെള്ളത്തിലിട്ട് വയ്ക്കും. പിറ്റേന്ന് രാവിലെ ചാണകം തെളിച്ച പലകയിൽ കാർത്തികപ്പൂ വയ്ക്കും. മുള്ളുണ്ടെങ്കിൽ പോലും കൂടുതൽ പൂ പറിക്കാൻ അന്ന് ഓട്ടമായിരുന്നു. വൈകുന്നേരങ്ങളിൽ അമ്പലത്തിൽ അവലും പഴവും കാണുമായിരുന്നു. അമ്പലത്തിൽ നിന്ന് ലഭിച്ച അവലിന്റെ സ്വാദ് പിന്നീടൊരിക്കലും ജീവിതത്തിൽ ലഭിച്ചിട്ടില്ല. എത്ര എഴുതിയാലും മതിവരാത്ത ഒരു ബാല്യകാലത്തിന്റെ ഓർമ, ഒരിക്കലും തിരിച്ചുകിട്ടാത്ത ഒരു നിഷ്കളങ്ക ബാല്യത്തിന്റെ നേർചിത്രം.

# സർഗവസന്തം 2019
# അവധിക്കാലക്യാമ്പുകൾക്ക് തുടക്കമായി

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ വിഷയങ്ങളിൽ കുട്ടികൾക്കായി അവധിക്കാലത്ത് സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച സഹവാസക്യാമ്പുകൾക്ക് കാസർഗോഡ് തുടക്കം കുറിച്ചു.

ഏപ്രിൽ – മെയ് മാസങ്ങളിൽ കാസർഗോഡ്, കണ്ണൂർ, കൊല്ലം, ഇടുക്കി, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലായി ചിത്രരചന, കഥ, കവിത, പരിസ്ഥിതി, ശാസ്ത്രം, ഗണിതം എന്നീ വിഷയങ്ങളിലാണ് സംസ്ഥാനതലക്യാമ്പുകൾ. മൂന്നു ദിവസമാണ് ഓരോ ക്യാമ്പിന്റെയും ദൈർഘ്യം. പരമാവധി 40 കുട്ടികളെ മാത്രമാണ് ഒരു ക്യാമ്പിൽ പങ്കെടുപ്പിക്കുക. പത്തിനും പതിനാറിനും ഇടയിൽ പ്രായമുള്ള (അഞ്ചാം ക്ലാസ് കഴിഞ്ഞവർ മുതൽ പത്താംക്ലാസ് പരീക്ഷയെഴുതി നിൽക്കുന്നവർ വരെ) കുട്ടികൾക്കായാണ് ക്യാമ്പുകൾ. തളിര് വായനാമത്സരവിജയികൾ, യുവജനോത്സവം ജില്ലാ/സംസ്ഥാന വിജയികൾ, ശാസ്ത്രമേള വിജയികൾ തുടങ്ങിയവർക്കും മുൻവർഷങ്ങളിലെ ക്യാമ്പുകളിൽ പങ്കെടുക്കാത്തവർക്കും മുൻഗണന ലഭിക്കും.

*ക്യാമ്പുകളുടെ സ്ഥലവും തീയതിയും താഴെ കൊടുക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവരെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും അറിയിക്കുന്നതാണ്.

| | |
|---|---|
| **ചിത്രരചന**<br>ഏപ്രിൽ 25 മുതൽ 27 വരെ<br>കാസർഗോഡ് | **കഥ**<br>ഏപ്രിൽ 28 മുതൽ 30 വരെ<br>കണ്ണൂർ |
| **ഗണിതം**<br>മേയ് 5 മുതൽ 7 വരെ<br>കോട്ടയം | **ശാസ്ത്രം**<br>മേയ് 3 മുതൽ 5 വരെ<br>തിരുവനന്തപുരം |
| **പരിസ്ഥിതി**<br>മേയ് 5 മുതൽ 7 വരെ<br>ഇടുക്കി | **കവിത**<br>മേയ് 13 മുതൽ 15 വരെ<br>കൊല്ലം |

**ചരിത്രം**
മേയ് 14 മുതൽ 16 വരെ
മലപ്പുറം

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഉണ്ടാക്കാം

# ബലൂൺ ബോട്ടിൽഫൗണ്ടൻ

അരവിന്ദ് ഗുപ്ത


നമുക്കീയാലോ...




**ആവശ്യമുള്ള സാധനങ്ങൾ**

- പ്ലാസ്റ്റിക് കുപ്പി
- പശ
- ബലൂൺ
- ഒരു ഒഴിഞ്ഞ റീഫിൽ
- ഒരു സ്ട്രോ
- കത്രിക

ഇങ്ങനെ ബലൂണും കുപ്പിയും ഉപയോഗിച്ച് ഒരു ഫൗണ്ടൻ കൂട്ടുകാർ ഉണ്ടാക്കുമല്ലോ...



1 കുപ്പിയുടെ അടപ്പിൽ കത്രിക ഉപയോഗിച്ച് ഒരു ദ്വാരമുണ്ടാക്കുക.



2 കുപ്പിയുടെ അടപ്പിലേക്ക് റീഫിൽ ഇറക്കി ഇങ്ങനെ വയ്ക്കുക.




3 കുപ്പിയുടെ അടിഭാഗത്ത് ഒരു ദ്വാരമുണ്ടാക്കി സ്ട്രോ അതിലേക്കിറക്കി ഇപ്രകാരം ഒട്ടിച്ചു വയ്ക്കണം. ബലൂൺ കുപ്പിയിലേക്കിറക്കി ബലൂണിന്റെ അറ്റം കുപ്പിയുടെ വായ് ഭാഗത്തേക്ക് ഇപ്രകാരം വലിച്ചു വയ്ക്കുക



4 കുപ്പിയിലെ വായു സ്ട്രോയിലൂടെ വലിച്ചെടുക്കുമ്പോൾ ബലൂൺ വീർക്കുന്നത് കാണാം.



5 എന്നിട്ട് സ്ട്രോയുടെ അഗ്രം വിരലുകൊണ്ട് അമർത്തിപ്പിടിക്കുക. ബലൂൺ വീർത്തുതന്നെ ഇരിക്കുന്നത് കാണാം. ബലൂണിലേക്ക് വെള്ളം ഒഴിച്ചുകൊടുക്കണം. സ്ട്രോ വിരലുകൊണ്ട് അമർത്തിപ്പിടിച്ച് അടപ്പുപയോഗിച്ച് കുപ്പി അടയ്ക്കുക.



6 ഇതിനെ തുറസ്സായ ഒരു സ്ഥലത്ത് കൊണ്ടുവച്ച്, അമർത്തിപ്പിടിച്ചിരിക്കുന്ന വിരൽ സ്ട്രോയിൽ നിന്നും എടുത്തുനോക്കൂ. എങ്ങനെയുണ്ട് നമ്മുടെ ഫൗണ്ടൻ... നന്നായിട്ടില്ലേ...?

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 May 2019
Regd KL/TV (N)/399/2018-2020 Published on 29-04-2019 Vol:25, Issue:05, ₹20

